VOL NO: 06 I ISSUE 22
www.nerpatham.com
mail@nerpatham.com
2022 MAY 28 I ₹10

# നേർപഥം
വാരിക



## ഇന്ത്യയുടെ പ്രതാപകാലം തിരിച്ചുവരുമോ?

ഒരു ദൈവിക ഭവനത്തിന് നേരെ കൂടി സംഘ്പരിവാർ തങ്ങളുടെ കൊടുവാൾ ഉയർത്തിക്കഴിഞ്ഞു. തികച്ചും ശാന്തമായ സാമൂഹിക സാഹചര്യത്തെ എങ്ങനെയാണ് കലാപത്തിന്റെ തീച്ചൂളയിലേക്ക് എടുത്തെറിയുക എന്നതിന്റെ നേർസാക്ഷ്യമാണ് ഗ്യാൻവാപി മസ്ജിദിന്റെ പശ്ചാത്തലത്തിൽ നാം കണ്ടുകൊണ്ടിരിക്കുന്നത്. നീതിപീഠം മാത്രമല്ല, മതേതരകക്ഷികൾകൂടി ഉണർന്ന് പ്രവർത്തിച്ചില്ലായെങ്കിൽ നാട് വീണ്ടും അരക്ഷിതാവസ്ഥയിലേക്ക് കൂപ്പുകുത്തുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല.

# ഗ്യാൻവാപി മസ്ജിദ്: മതേതര കക്ഷികൾ ആരെയാണ് ഭയക്കുന്നത്?

|| ഗർഭിണികളെ പരിഗണിക്കുക

|| തടവറയിൽ വിരിയുന്ന പൂക്കൾ

|| തശഹ്ഹുദിലെ പ്രാർഥന; നാം അറിയേണ്ടത്

# ഇനി പഠനം രസകരമാകും

peaceradio

# e മദ്റസ

## റെഗുലർ കോഴ്സ്

- Class Tests
- Activities
- Star of the Week
- Parent Review
- Final Exam
- Phone in Viva
- Live Chat

പ്രക്ഷേപണം
ഇന്ത്യൻ സമയം
01:30 PM

നമ്മുടെ കൂട്ടുകാരെ രജിസ്റ്റർ ചെയ്യാൻ മറക്കരുത്

വീഡിയോ ക്ലാസുകൾ ലഭിക്കാൻ
Zameel Online Library
സന്ദർശിക്കുക

പീസ് റേഡിയോ നിങ്ങളുടെ ഫോണിൽ ലഭിക്കുവാൻ
Google play
Available on the App Store

Peace Radio
RadioForPeace

0279
നേർപഥം
വാരിക
2022 മെയ് 28
1443 ശവ്വാൽ 26
പുസ്തകം 06 / ലക്കം 22




Printed, published
& owned by
K. Sajjad

Printed at
Sprint Offset Printers,
Kozhikode

Published at
Kozhikod - 673002

Managing Editor:
Nasir Balusseri

Editor:
Usman Palakkazhi


Chief Editor:
Anil Primrose

Web Editor:
Haseeb Elayur

Design, Cover & Layout:
Musthafa Mannarottil

Nerpatham Weekly
PB No: 597
EKP Complex, Kallai Road
Kozhikkode 2, Kerala,India
Ph: 0495 4019437
mail@nerpatham.com
www.nerpatham.com
Facebook: www.facebook.com/
nerpatham weekly

കവർ സ്റ്റോറി
10




05
മുഖമൊഴി
ഇന്ത്യയുടെ പ്രതാപകാലം
തിരിച്ചുവരുമോ?

06
ലേഖനം
രോഗവും മരുന്നും
ഇമാം ഇബ്നുൽ ക്വയ്യിം
അൽജൗസിയ്യ
വിവർത്തനം: ബിൻത് മുഹമ്മദ്

14
ക്വുർആൻ ദർശനം
മുഹമ്മദ്
അബ്ദുർറഹ്മാനുബ്നു
നാസിറുസ്സഅ്ദി

18
ലേഖനം
തടവറയിൽ വിരിയുന്ന പൂക്കൾ
സബീൽബിൻ അബ്ദുസ്സലാം
പട്ടാമ്പി

23
ലേഖനം
വാർത്താവിനിമയം:
ക്വുർആനിക മാർഗരേഖ
ശമീർ മദീനി

25
മധുരം ജീവിതം
തയ്യാറെടുപ്പാണ് പ്രധാനം
ഡോ. സി. മുഹമ്മദ് റാഫി
ചെമ്പ്ര

26
ചരിത്രപഥം
പ്രവാചകന്റെ
വിവാഹങ്ങൾ
ഹുസൈൻ സലഫി

31
ലേഖനം
തശഹ്ഹുദിലെ പ്രാർഥന;
നാം അറിയേണ്ടത്
ദുൽക്കർഷാൻ
അലനല്ലൂർ

34
ആരോഗ്യപഥം
ഗർഭിണികളെ പരിഗണിക്കുക
ഡോ. യാസ്മിൻ എം. അബ്ബാസ്,
ആമയൂർ

# ഹജ്ജ് എംബാർക്കേഷൻ കരിപ്പൂരിലേക്ക് തിരിച്ചുകൊണ്ടുവരണം: വിസ്ഡം

മഞ്ചേരി: ഈവർഷം ഹജ്ജിന് പോകുന്നവരിൽ എൺപത് ശതമാനം ആളുകളും മലബാറിൽ നിന്നായിരിക്കെ ഹജ്ജ് എംബാർക്കേഷൻ കരിപ്പൂർ എയർപോർട്ടിലേക്ക് തിരിച്ചുകൊണ്ടുവരണമെന്ന് വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ മഞ്ചേരിയിൽ സംഘടിപ്പിച്ച ഹജ്ജ് ക്യാമ്പ് ആവശ്യപ്പെട്ടു. പതിനായിരക്കണക്കിന് ഹാജിമാർക്ക് ഏറെ ഉപകാരപ്രദമാകുന്ന ഹജ്ജ് എംബാർക്കേഷൻ കരിപ്പൂരിലേക്ക് തിരിച്ചുകൊണ്ടുവരാത്തത് അധികാരികൾ ഹാജിമാരോട് ചെയ്യുന്ന ക്രൂരതയാണെന്നും ക്യാമ്പ് അഭിപ്രായപ്പെട്ടു.

ഈ വർഷം സംസ്ഥാനത്തുനിന്ന് ഹജ്ജിന് പോകുന്ന ആളുകൾക്ക് വേണ്ടിയാണ് ഹജ്ജ് ക്യാമ്പ് സംഘടിപ്പിച്ചത്. വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ സംസ്ഥാന പ്രസിഡന്റ് പി.എൻ അബ്ദുല്ലത്വീഫ് മദനി ഉദ്ഘാടനം ചെയ്തു. ജന:സെക്രട്ടറി ടി.കെ അശ്റഫ് അധ്യക്ഷത വഹിച്ചു. കുഞ്ഞി മുഹമ്മദ് മദനി പറപ്പൂർ ക്യാമ്പിന് നേതൃത്വം നൽകി. ലജ്നത്തുൽ ബുഹൂഥിൽ ഇസ്‌ലാമിയ്യ സെക്രട്ടറി സ്വാദിഖ് മദീനി, അബ്ദുല്ലത്വീഫ് സുല്ലമി മാറഞ്ചേരി, അബ്ദുറഹ്മാൻ അൻസ്വാരി എന്നിവർ പ്രഭാഷണം നടത്തി. വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ സംസ്ഥാന സെക്രട്ടറി ഹാരിസ് ഇബ്നു സലീം സമാപന പ്രസംഗം നടത്തി.

# അലനല്ലൂർ മണ്ഡലം മുജാഹിദ് സമ്മേളനം സമാപിച്ചു

അലനല്ലൂർ: തെളിമയാർന്ന ആദർശ പ്രബോധനരംഗത്ത് ഒരു ഏടുകൂടി തുന്നിച്ചേർത്തുകൊണ്ട് 'ധാർമിക ജീവിതം, സുരക്ഷിത സമൂഹം' എന്ന പ്രമേയത്തിൽ രണ്ടു ദിവസങ്ങളിലായി നടത്തിയ അലനല്ലൂർ മണ്ഡലം മുജാഹിദ് സമ്മേളനം സമാപിച്ചു. വിസ്ഡം സംസ്ഥാന വൈസ് പ്രസിഡന്റ് അബൂബക്കർ സലഫി ഉദ്ഘാടനം ചെയ്തു. വിസ്ഡം പാലക്കാട് ജില്ലാ പ്രസിഡന്റ് ഹംസക്കുട്ടി സലഫി, വിസ്ഡം യൂത്ത് സംസ്ഥാന ജനറൽ സെക്രട്ടറി കെ. താജുദ്ദീൻ സ്വലാഹി, ഹാരിസ് ഇബ്നു സലീം എന്നിവർ വിഷയാസ്പദമായി പ്രഭാഷണം നടത്തി. റിഷാദ് അൽഹികമി, ത്വൽഹത്ത് സ്വലാഹി സംസാരിച്ചു.

ദഅ്‌വ സംഗമം വിസ്ഡം യൂത്ത് സംസ്ഥാന വൈസ് പ്രസിഡന്റ് ഒ. മുഹമ്മദ് അൻവർ ഉദ്ഘാടനം ചെയ്തു. പി. മുജീബ് സലഫി, വി.പി. ബഷീർ മാസ്റ്റർ, കെ. ശിഹാസ്, ശറഫുദ്ദീൻ ശറഫി എന്നിവർ പ്രസംഗിച്ചു. തുടർന്ന് ലഘുലേഖ വിതരണം നടത്തി. ബാലസമ്മേളനത്തിൽ അസ്‌ലം പാലക്കാട്, സുൽഫീക്കർ, കെ.പി, നൂറുദ്ദീൻ സ്വലാഹി, അംജദ് മദനി, സാജിദ് പുതുനഗരം, ഹാരിസ് തടിയംപറമ്പ് എന്നിവർ കുട്ടികളുമായി സംവദിച്ചു. വനിതാ സമ്മേളനം വിസ്ഡം വിമൻസ് ജന: സെക്രട്ടറി ഡോ. റസീല ഉദ്ഘാടനം ചെയ്തു. മുസ്തഫ മദനി മമ്പാട്, മൂസ സ്വലാഹി കാര എന്നിവർ പ്രഭാഷണം നടത്തി. സലീന പാലക്കാഴി ആധ്യക്ഷ്യം വഹിച്ചു. സക്കീന അലനല്ലൂർ സ്വാഗതം പറഞ്ഞു.

'ഇന്ത്യ; നമുക്ക് നഷ്ടപ്പെടരുത്' എന്ന പ്രമേയത്തിൽ നടന്ന സൗഹൃദ സംഗമം വിസ്ഡം പാലക്കാട് ജില്ലാ സെക്രട്ടറി റഷീദ് കൊടക്കാട്ട് ഉദ്ഘാടനം ചെയ്തു. വിസ്ഡം യൂത്ത് സംസ്ഥാന സെക്രട്ടറിയേറ്റ് അംഗം നിഷാദ് സലഫി പട്ടാമ്പി വിഷയാവതരണം നടത്തി. യൂത്ത്കോൺഗ്രസ് മണ്ണാർക്കാട് നിയോജകമണ്ഡലം പ്രസിഡന്റ് ഗിരീഷ് ഗുപ്ത, യൂത്ത് ലീഗ് മണ്ണാർക്കാട് നിയോജക മണ്ഡലം പ്രസിഡന്റ് അഡ്വ.ഷമീർ പഴേരി എന്നിവർ പ്രസംഗിച്ചു. അഡ്വ. എൻ. ഷംസുദ്ദീൻ എംഎൽഎ മുഖ്യാതിഥിയായി. ഉസ്മാൻ പാലക്കാഴി ആധ്യക്ഷ്യം വഹിച്ചു. ശാനിബ് കാര സ്വാഗതവും ഫിറോസ്ഖാൻ സ്വലാഹി നന്ദിയും പറഞ്ഞു. സമാപന സമ്മേളനത്തിൽ ജാമിഅ അൽഹിന്ദ് ഡയറക്ടർ ഫൈസൽ മൗലവി പുതുപ്പറമ്പ്, മുജാഹിദ് ബാലുശ്ശേരി പ്രഭാഷണം നടത്തി. ടി.കെ സദഖതുല്ല ആധ്യക്ഷ്യംവഹിച്ചു. എം സുധീർ ഉമർ സ്വാഗതവും കെ.പി ഉണ്ണീൻ ബാപ്പു നന്ദിയും പറഞ്ഞു.

# ഇന്ത്യയുടെ പ്രതാപകാലം തിരിച്ചുവരുമോ?

സിന്ധുനദീതട സംസ്‌കാര ഭൂമിയായ ഇന്ത്യ പല വിശാല സാമ്രാജ്യങ്ങൾക്കും സാക്ഷ്യം വഹിച്ചിട്ടുണ്ട്. ചരിത്രപരമായി പ്രാധാന്യമർഹിക്കുന്ന പല വാണിജ്യപാതകളും ഇതുവഴിയായിരുന്നു. ഇന്ത്യൻ ഉപഭൂഖണ്ഡം അതിന്റെ ചരിത്രത്തിലുടനീളം അതിന്റെ വാണിജ്യ, സാംസ്‌കാരിക സമ്പത്തിനു പ്രശസ്തമാണ്. ഹിന്ദുമതം, ബുദ്ധമതം, ജൈനമതം, സിഖ്മതം എന്നിവ ഇവിടെയാണ് ജന്മമെടുത്തത്. കൂടാതെ ഇവിടെയെത്തിയ ജൂതമതം, ക്രിസ്തുമതം, ഇസ്‌ലാം മതം എന്നിവ രാജ്യത്തിന്റെ സാംസ്‌കാരിക വൈവിധ്യത്തിന് ആഴമേകി.

പതിനാറാം നൂറ്റാണ്ടുമുതൽ പോർച്ചുഗീസ്, ഡച്ച്, ഫ്രഞ്ച്, ബ്രിട്ടീഷ് അധിനിവേശമുണ്ടായി. ഇന്ത്യയുമായി വാണിജ്യബന്ധമായിരുന്നു യൂറോപ്യന്മാരുടെ ലക്ഷ്യമെങ്കിലും പരസ്പരം പോരടിച്ചു നിന്നിരുന്ന നാട്ടുരാജ്യങ്ങളെ മുതലെടുത്ത് അവർ ഇന്ത്യയൊട്ടാകെ കോളനികൾ സ്ഥാപിച്ചു. പതിനെട്ടാം നൂറ്റാണ്ടിന്റെ തുടക്കംമുതൽ ക്രമേണ ബ്രിട്ടീഷ് ഈസ്റ്റിന്ത്യാ കമ്പനി ഇന്ത്യയെ ഒരു ബ്രിട്ടീഷ് കോളനിയായി കയ്യടക്കി. 1857ൽ ഇംഗ്ലീഷ് ഈസ്റ്റിന്ത്യാ കമ്പനിക്കു നേരെയുണ്ടായ കലാപമാണ് യൂറോപ്യൻ അധിനിവേശത്തിനു നേരെ ഇന്ത്യക്കാർ നടത്തിയ പ്രധാന ചെറുത്തുനിൽപ്പ് ശ്രമം. ഒന്നാം ഇന്ത്യൻ സ്വാതന്ത്ര്യ സമരം എന്നറിയപ്പെടുന്ന ഈ കലാപത്തെ ബ്രിട്ടീഷ് സൈന്യം അടിച്ചൊതുക്കി. ഇന്ത്യയുടെ ഭൂരിഭാഗം പ്രദേശങ്ങളും ബ്രിട്ടീഷ് സാമ്രാജ്യത്തിനു കീഴിലുമായി. ഇരുപതാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ മഹാത്മാ ഗാന്ധിയുടെ നേതൃത്വത്തിൽ അഹിംസയിൽ അധിഷ്ഠിതമായ ഇന്ത്യൻ സ്വാതന്ത്ര്യസമര പ്രസ്ഥാനം ശക്തിപ്രാപിച്ചു. വർഷങ്ങൾ നീണ്ട സഹന സമരങ്ങൾക്കൊടുവിൽ 1947 ഓഗസ്റ്റ് 15ന് ഇന്ത്യ ബ്രിട്ടീഷ് ആധിപത്യത്തിൽനിന്ന് സ്വതന്ത്രമായി.

നാനാത്വത്തിൽ ഏകത്വം എന്ന മനോഹരമായ മുദ്രാവാക്യം ഉയർത്തിപ്പിടിക്കുന്ന, ജനാധിപത്യവും മതേതരത്വവും അടിത്തറയായുള്ള രാഷ്ട്രം എന്ന നിലയിൽ ഇന്ത്യ ലോകത്തിനു മുന്നിൽ തലയുയർത്തി നിന്നു. ഭാവനാസമ്പന്നരും ജനസ്നേഹികളുമായ ഭരണാധികാരികളുടെ ശ്രമഫലമായി രാജ്യം അഭിവിവൃദ്ധിലേക്ക് കുതിച്ചുയർന്നു. എന്നാൽ 1992ൽ ബാബരി മസ്ജിദിന്റെ താഴികക്കുടങ്ങൾ തീവ്രചിന്താഗതിയുള്ള രാജ്യദ്രോഹികൾ തച്ചുടയ്ക്കുകയും അനുബന്ധമായ കൂട്ടക്കൊലകൾ അരങ്ങേറുകയും ചെയ്തതു മുതൽ ലോകത്തിനു മുന്നിൽ ഇന്ത്യയുടെ യശസ്സ് കുറയാൻ തുടങ്ങി. പിന്നീട് ഇതുവരെയും നമ്മുടെ രാജ്യത്തിന് പഴയ പ്രഭാവത്തിലേക്ക് മടങ്ങാൻ സാധിച്ചിട്ടില്ലെന്നു മാത്രമല്ല അനുദിനം അതിന് മങ്ങലേറ്റുകൊണ്ടേയിരിക്കുകയുമാണ് എന്നതാണ് വസ്തുത.

രാമജന്മഭൂമിയുടെ പേരിൽ ബാബരി മസ്ജിദ് തകർത്തും അക്രമാസക്തർ അഴിഞ്ഞാടിയ രഥയാത്രയിലൂടെയും തീവ്രഹിന്ദുത്വവാദികൾ അധികാരത്തിലേക്കുള്ള വഴി സുഗമമാക്കി. പശുവിന്റെ പേരിൽ മുസ്‌ലിംകളെയും ദലിതരെയും തല്ലിക്കൊന്നും മർദിച്ചവശരാക്കിയും ഭീകരമുഖം വെളിവാക്കി, പലതരം ജിഹാദുകൾ സങ്കൽപിച്ചുണ്ടാക്കി മുസ്‌ലിംകളെയും ഇസ്‌ലാമിനെയും പ്രതിസ്ഥാനത്തു നിർത്താൻ ശ്രമിച്ചു, ജനങ്ങളെ വർഗീയമായി വേർതിരിച്ച് പരസ്പരം ശത്രുക്കളാക്കാനുള്ള ഹീനശ്രമം നടത്തി, പൗരത്വവിഷയത്തിൽ ഇരട്ടത്താപ്പിന്റെ നിയമം കൊണ്ടുവരാൻ ശ്രമിച്ചു, ഇന്ന് രാജ്യത്തെ കോർപ്പറേറ്റുകൾക്ക് തീറെഴുതിക്കൊടുക്കുന്നതിന്റെ വക്കോളമെത്തിനിൽക്കുന്നു, നിത്യോപയോഗസാധനങ്ങളുടെയും ഇന്ധനത്തിന്റെയും മറ്റും വിലവർധനവ് ജനജീവിതത്തെ പ്രയാസക്കടലിൽ ആഴ്ത്തിയിരിക്കുന്നു, ഇപ്പോഴിതാ മറ്റുചില പള്ളികളുടെ മേലും അവകാശവാദമുന്നയിച്ച് രംഗത്തു വന്നിരിക്കുന്നു! ഇങ്ങനെ എണ്ണിയാൽ തീരാത്തത്ര അതിക്രമങ്ങൾ കാണിച്ച് ഇന്ത്യയുടെ മഹത്തായ പൈതൃകത്തെ തല്ലിത്തകർത്തുകൊണ്ടിരിക്കുകയാണ്. യഥാർഥ രാജ്യസ്നേഹികൾ ശക്തമായ പ്രതിരോധം തീർത്തില്ലെങ്കിൽ രാജ്യത്തിന്റെ മൊത്തം തകർച്ച നോക്കിക്കാണേണ്ടിവരും.

ലേഖനം




# രോഗവും മരുന്നും ⑤


ഇമാം ഇബ്നൽ ക്വയ്യിം അൽജൗസിയ്യ
ക്രോഡീകരണം: ഉസ്താദത്ത് ഈമാൻ ഉബൈദ്
വിവർത്തനം: ബിൻത് മുഹമ്മദ്


**പാഠം 7**

**7. ഹൃദയത്തിൽ ഇരുട്ട് കയറുന്നു**

രാത്രിയുടെ ഇരുട്ട് പോലുള്ള ഒരു ഇരുട്ട് ഹൃദയത്തിൽ കയറുന്നതായി പാപിക്ക് അനുഭവപ്പെടും. അതെ, അനുസരണ വെളിച്ചമാണ്. പാപങ്ങൾ ഇരുളുമാണ്. ഇരുളിന് ശക്തികൂടും. നാം ആശയക്കുഴപ്പത്തിലാകും. അത് ബിദ്അത്തിലേക്കും വഴികേടിലേക്കും മറ്റു നാശങ്ങളിലേക്കും നയിക്കുന്നതാണ്. ചെയ്യുന്ന കാര്യങ്ങൾ തെറ്റാണെന്നുപോലും അയാൾക്ക് ബോധ്യമുണ്ടാകില്ല. അതിനാൽ പാപകർമങ്ങളിൽ ഏർപ്പെടുന്നവരെ കണ്ടാൽ അവരെ ഉപദേശിക്കുകയും അവരെ അതിൽനിന്ന് രക്ഷപ്പെടുത്തുകയും വേണം.

അബ്ദുല്ലാഹിബ്നു അബ്ബാസ്(റ) പ്രസ്താവിക്കുന്നു: "നിശ്ചയം സൽകർമങ്ങൾ മുഖത്തിന് തെളിച്ചമേകുന്നു. ഹൃദയത്തിൽ വെളിച്ചമേകുന്നു. വിഭവങ്ങൾ വിശാലമാക്കുന്നു. ശരീരത്തിന് കരുത്തേകുന്നു. സൃഷ്ടികളുടെ ഹൃദയത്തിൽ സ്നേഹമുണ്ടാക്കുന്നു. നിശ്ചയം, ദുഷ്കർമങ്ങൾ മുഖത്തെ വിരൂപമാക്കുന്നു, ഹൃദയത്തെ ഇരുളിലാക്കുന്നു, ശരീരത്തിന്റെ കരുത്ത് ചോർത്തിക്കളയുന്നു, വിഭവങ്ങൾ ഞെരുക്കത്തിലാക്കുന്നു, സൃഷ്ടികളുടെ ഹൃദയത്തിൽ വെറുപ്പ് ഉളവാക്കിക്കുന്നു."

അറിയുക, മേൽപറഞ്ഞ കാര്യങ്ങൾ ലക്ഷ്യമാക്കികൊണ്ട് സൽകർമങ്ങൾ ചെയ്യരുത്. സൽകർമങ്ങൾ അല്ലാഹുവിന് വേണ്ടി മാത്രം ചെയ്യുക. അല്ലാഹുവിന്റെ തൃപ്തിയാണ് നമ്മുടെ കാര്യങ്ങൾ നല്ലരീതിയിൽ ആക്കുന്നത്. നമ്മുടെ മോശമായ സ്ഥിതികൾക്ക് നമ്മൾ പല ന്യായങ്ങളും നിരത്താറുണ്ട്. അങ്ങനെ നമ്മുടെ ജീവിതത്തെ മതത്തിൽനിന്നും വേർതിരിക്കുന്നു. പക്ഷേ, അവ രണ്ടും പരസ്പരം ബന്ധപ്പെട്ട് കിടക്കുകയാണ്. നാം ക്ഷീണിതരും ആശയക്കുഴപ്പത്തിലുമാണെങ്കിൽ അല്ലാഹുവിനോട് മാപ്പിരക്കുക. നമ്മുടെ പാപങ്ങൾ മറ്റുള്ളവർ നമ്മെ വെറുക്കാൻ ഇടയാക്കുന്നു. ഇത് എന്തുകൊണ്ടാണെന്ന് അവർക്കറിയില്ല. സൽകർമങ്ങൾ, മറ്റുള്ളവർ നമ്മെ സ്നേഹിക്കാൻ ഇടയാക്കുന്നു. ഇത് എന്തുകൊണ്ടെന്ന് അവർക്കറിയില്ല. കാരണം അല്ലാഹുവാണ് ഈ തോന്നലുകൾ അവരിൽ ഇട്ടുകൊടുക്കുന്നത്.

സൽകർമങ്ങൾ നമ്മെ ഊർജസ്വലമാക്കുന്നു. ദുഷ്കർമങ്ങൾ ഊർജം ചോർത്തിക്കളയുന്നു. നമ്മുടെ ശരീരത്തിന് ഉന്മേഷമില്ലാത്തതിന് നമ്മൾ ഉറക്കമില്ലായ്മയെയും പോഷകക്കുറവിനെയും കാരണമാക്കും. എന്നാൽ അതിന് നാം പാപമോചനം ചെയ്താൽ മതിയാകും. റമദാൻ മാസത്തിൽ കുറച്ച് ഭക്ഷണവും കുറച്ച് ഉറക്കവും കൊണ്ടുതന്നെ നമ്മൾ ഊർജസ്വലരാകുന്നില്ലേ? കാരണം അപ്പോൾ നമ്മൾ വലിയ അനുസരണയുള്ളവരും നിരന്തരം പാപമോചനം തേടിക്കൊണ്ടിരിക്കുന്നവരും ആയിരിക്കും.

**8. പാപങ്ങൾ ശരീരത്തിന്റെ കരുത്ത് ചോർത്തും**

ഒരു വിശ്വാസിയുടെ കരുത്ത്

**രാത്രിയുടെ ഇരുട്ട് പോലുള്ള ഒരു ഇരുട്ട് ഹൃദയത്തിൽ കയറുന്നതായി പാപിക്ക് അനുഭവപ്പെടും. അതെ, അനുസരണ വെളിച്ചമാണ്. പാപങ്ങൾ ഇരുളുമാണ്. ഇരുളിന് ശക്തികൂടും. നാം ആശയക്കുഴപ്പത്തിലാകും. അത് ബിദ്അത്തിലേക്കും വഴികേടിലേക്കും മറ്റു നാശങ്ങളിലേക്കും നയിക്കുന്നതാണ്. ചെയ്യുന്ന കാര്യങ്ങൾ തെറ്റാണെന്നുപോലും അയാൾക്ക് ബോധ്യമുണ്ടാകില്ല. അതിനാൽ പാപകർമങ്ങളിൽ ഏർപ്പെടുന്നവരെ കണ്ടാൽ അവരെ ഉപദേശിക്കുകയും അവരെ അതിൽ നിന്ന് രക്ഷപ്പെടുത്തുകയും വേണം.**

അയാളുടെ ഹൃദയത്തിലാണ്. ഹൃദയം എത്ര കരുത്തുള്ളതാണോ, അയാളുടെ ശരീരത്തിനും അത്രമേൽ ശക്തി ലഭിക്കുന്നതാണ്. പാപങ്ങൾ ഹൃദയത്തിന്റെ കരുത്ത് ചോർത്തിക്കളയും. ക്രമേണ അത് ശരീരത്തെയും തളർത്തും. പിശാചിന്റെ കൂട്ടരാണ് നമുക്ക് ചുറ്റുമെങ്കിൽ അത് നമ്മെ ബാധിക്കും. ചിലരെ നമുക്ക് അവഗണിക്കുവാൻ സാധിക്കില്ല. അല്ലാഹുവിന്റെ നിരന്തര സ്മരണകൊണ്ട് അതിനെ തരണംചെയ്യാൻ ശ്രമിക്കണം.

പാപികളുടെ കാര്യമാണെങ്കിൽ, അവർക്ക് എത്രതന്നെ പുഷ്ടിയുള്ള ശരീരമാണെങ്കിലും തനിക്ക് കരുത്ത് ഏറ്റവും ആവശ്യമുള്ള സമയത്ത് ക്ഷീണിച്ചുപോകുന്നതാണ്. അവർക്ക് ഒന്നും ചെയ്യുവാൻ സാധിക്കില്ല. സത്യവിശ്വാസികൾ റോമൻ, പേർഷ്യൻ, ക്വുറൈശി മുതലായ ശക്തികളെ കീഴ്പ്പെടുത്തിയത് ഇതിന് ഉദാഹരണമാണ്. വിശ്വാസികളുടെ ഹൃദയത്തിന്റെ കരുത്ത് അന്ന് അവർക്ക് ശക്തിയും പുഷ്ടിയും നൽകി.

**പാഠം 12**

**പാപങ്ങളുടെ വേറെ ചില ദുഷ്ഫലങ്ങൾ**

നാം നിസ്സാരമായി കാണുന്ന ചില പാപങ്ങളുണ്ട്. (ഉദാഹരണത്തിന്: യൂട്യൂബ് വീഡിയോകൾ നോക്കുമ്പോൾ അവയുടെ പശ്ചാത്തലത്തിലെ സംഗീതം. അതൊന്നും വലിയ കുഴപ്പമില്ല എന്ന മട്ടിൽ നാം അതിനെ കേൾക്കാറുണ്ട്. പക്ഷേ, ഇത്തരം ചെറുപാപങ്ങൾ കുന്നുകൂടി അവ നമ്മെ ബാധിക്കുന്നത് നാം അറിയുന്നില്ല). ആകയാൽ എല്ലാ പാപങ്ങളെയും നാം വർജിക്കുക. നാം നിരാശരാകരുത്. നാം പാപങ്ങൾ ചെയ്യുമെങ്കിലും എപ്പോഴും തൗബയുടെ വാതിൽ തുറന്നുകിടക്കുന്നുണ്ട്. അല്ലാഹു നമുക്ക് വളരെയധികം പൊറുത്തുതരുന്നവനും കരുണ കാട്ടുന്നവനുമാണ്. പാപങ്ങളിൽ ഒന്നിനെയും നിസ്സാരമായി കാണരുത്. പാപങ്ങൾകാരണം നിരവധി നാശങ്ങൾ ഇഹലോകത്തുതന്നെ സംഭവിക്കുന്നതാണ്. അതിൽ ചില കാര്യങ്ങൾ ശ്രദ്ധിക്കുക:

**9. ആരാധനാകർമങ്ങളിൽ മുടക്കം സംഭവിക്കുക**

നമുക്ക് നിർബന്ധകാര്യങ്ങളും ഐച്ഛികകാര്യങ്ങളുമെല്ലാം മുറയ്ക്ക് ചെയ്യണമെന്നുണ്ട്. ചിലത് നാം സ്ഥിരമായി ചെയ്തുകൊണ്ടുമിരിക്കുന്നു. എന്നാൽ പാപങ്ങൾകാരണം ഇതിൽ മുടക്കം സംഭവിക്കുന്നതാണ്. നമ്മുടെ പാപങ്ങൾ തുടക്കത്തിൽ നാം ചെയ്തുകൊണ്ടിരുന്ന ഒരു സൽപ്രവൃത്തി മുടക്കും. അത് മറ്റൊന്നിനെയും അത് വേറൊന്നിനെയും മുടക്കുകയും അങ്ങനെ നീണ്ടുപോവുകയും ചെയ്യുന്നതാണ്. പരിശുദ്ധ ക്വുർആനിലെ ഒരു വചനം നാം മനഃപാഠമാക്കുകയും നന്നായി ഗ്രഹിക്കുകയും ഉൾക്കൊള്ളുകയും ചെയ്യുക. ഈ വചനം മുഴുവൻ ദുൻയാവിനെക്കാളും ഉത്തമമാണ്. അല്ലാഹു പറുയുന്നു:

"ആകയാൽ നീ കൽപിക്കപ്പെട്ടതുപോലെ നീയും നിന്നോടൊപ്പം (അല്ലാഹുവിങ്കലേക്ക്) മടങ്ങിയവരും നേരായ മാർഗത്തിൽ നിലകൊള്ളുക. നിങ്ങൾ അതിരുവിട്ട് പ്രവർത്തിക്കരുത്. തീർച്ചയായും അവൻ നിങ്ങൾ പ്രവർത്തിക്കുന്നതെല്ലാം കണ്ടറിയുന്നവനാണ്" (ഹൂദ് 112).

അറിയുക; നിരന്തരം തൗബ ചെയ്ത് മടങ്ങുന്നവർക്ക് ദീനിൽ സ്ഥിരത ലഭിക്കുന്നതാണ്. തൗബ ചെയ്യാതെ പാപങ്ങളിൽ കഴിയുന്നവന്റെ അവസ്ഥ, ഒരു പ്രത്യേക ഭക്ഷണം കഴിച്ച് രോഗിയായതിന് ശേഷം മറ്റു ഭക്ഷണങ്ങൾ കൂടി കഴിക്കുവാൻ കഴിയാത്ത നിലയിൽ ആകുന്നത് പോലെയാണ്.

**10. ആയുസ്സ് കുറയ്ക്കും**

പാപങ്ങൾ ആയുസ്സ് കുറക്കുകയും അനുഗ്രഹങ്ങൾ എടുത്തുകളയുകയും ഐശ്വര്യങ്ങൾ ഇല്ലാതാക്കുകയും ചെയ്യും. നമുക്ക് എത്ര സമയമുണ്ടെങ്കിലും നമ്മുടെ പാപങ്ങൾ നിമിത്തം ആ സമയം ഫലപ്രദമായി ഉപയോഗിക്കുവാൻ നമുക്ക് സാധിക്കില്ല.

പോഷകസമ്പുഷ്ടമായ ആഹാരം കഴിക്കുന്നതും വ്യായാമം ശീലിക്കുന്നതും ആയുസ്സ് വർധിപ്പിക്കും എന്ന് നാം കരുതുന്നു. പക്ഷേ, കൂടുതൽ കാലം ജീവിക്കണമെങ്കിൽ പാപങ്ങളിൽനിന്ന് വിട്ടുനിൽക്കുക, സൽകർമങ്ങളിൽ ഏർപ്പെട്ട് അല്ലാഹുവിനെ ധാരാളമായി സ്മരിക്കുകയും അവ

**ഒരു വിശ്വാസിയുടെ കരുത്ത് അയാളുടെ ഹൃദയത്തിലാണ്. ഹൃദയം എത്ര കരുത്തുള്ളതാണോ, അയാളുടെ ശരീരത്തിനും അത്രമേൽ ശക്തി ലഭിക്കുന്നതാണ്. പാപങ്ങൾ ഹൃദയത്തിന്റെ കരുത്ത് ചോർത്തിക്കളയും. ക്രമേണ അത് ശരീരത്തെയും തളർത്തും. പിശാചിന്റെ കൂട്ടരാണ് നമുക്ക് ചുറ്റുമെങ്കിൽ അത് നമ്മെ ബാധിക്കും. ചിലരെ നമുക്ക് അവഗണിക്കുവാൻ സാധിക്കില്ല. അല്ലാഹുവിന്റെ നിരന്തര സ്മരണകൊണ്ട് അതിനെ തരണംചെയ്യാൻ ശ്രമിക്കണം.**

നിലേക്ക് പശ്ചാത്തപിച്ച് മടങ്ങുകയും ചെയ്യുക. ഹൃദയത്തിൽ അല്ലാഹുവിനോടുള്ള പ്രിയം മനസ്സിന് സംതൃപ്തിയും ആസ്വാദനവും നൽകും. അല്ലാഹുവിന് വേണ്ടി പണിയെടുക്കുമ്പോൾ ജീവസ്സുറ്റവരായി മാറുന്നു.

**11. ഒരു പാപം മറ്റൊന്നിലേക്ക് നയിക്കും**

പാപങ്ങൾ കൃഷിയിടങ്ങളിലെ കളകൾ പോലെയാണ്. ഒരു പാപം മറ്റൊരു പാപത്തിന് ഇടവരുത്തും. ഒന്ന് മറ്റൊന്നിന് പിറകെയായി വരുകയും അത് പടർന്ന് പന്തലിക്കുകയും ചെയ്യും. പിന്നെ നമുക്ക് നമ്മെ നിയന്ത്രിക്കാൻ കഴിയാത്ത അവസ്ഥയിലാകും. തുടക്കത്തിലേ ആ കളകൾ പറിച്ചുകളയാൻ ശ്രമിച്ചാൽ എളുപ്പമാകും. പക്ഷേ, അവ പെരുകിക്കഴിഞ്ഞാൽ അത് വേരുപിടിച്ച് പടർന്ന് അതിനെ പറിച്ചുകളയൽ ശ്രമകരമായിത്തീരും.

ഒരു പാപത്തിനുള്ള ശിക്ഷ മറ്റൊരു പാപം ചെയ്യാനുള്ള പ്രവണതയാണ്. ഒരു നന്മയ്ക്കുള്ള പ്രതിഫലം മറ്റൊരു നന്മ ചെയ്യാനുള്ള അവസരമാണ്. മിക്ക പാപങ്ങളുടെയും വേര് അസൂയയും അഹങ്കാരവുമാണ്. ഉദാഹരണം: നാം ഒരാളെക്കുറിച്ച് മോശമായി ചിന്തിച്ചുകഴിഞ്ഞാൽ അത് അവിടെ അവസാനിക്കുകയില്ല. പിന്നെ അവരുമായി വാക്കേറ്റമുണ്ടാകാം. അവരെക്കുറിച്ച് മറ്റുള്ളവരോട് മോശമായി സംസാരിക്കാൻ ഇടവന്നേക്കാം.

സൽകർമങ്ങൾ കൂടുതൽ സൽകർമങ്ങളിലേക്ക് വഴിതെളിയിക്കുന്നു.നമ്മുടെ ജീവിതം സൽകർമങ്ങൾക്കും പാപമോചനം തേടുന്നതിനും ഇടയിൽ ചരിക്കണം.

“നിങ്ങളുടെ നാഥനിൽനിന്നുള്ള പാപമോചനവും ആകാശഭൂമികളോളം വിശാലമായ സ്വർഗവും നേടാനായി ധൃതിയിൽ മുന്നോട്ട് വരിക. അത് ഭയഭക്തന്മാർക്കായി തയ്യാറാക്കപ്പെട്ടിരിക്കുന്നു” (ആലു ഇംറാൻ 133).

ഒരാൾ പാപങ്ങൾക്കെതിരെ പൊരുതുകയും അത് ചെയ്യുന്നത് നിർത്തുകയും നല്ല കാര്യങ്ങൾ ചെയ്ത് തുടങ്ങുകയും ചെയ്യുമ്പോൾ അദ്ദേഹത്തിന് അതിനോട് ഇഷ്ടം ഉണ്ടാവുകയും, ആ നന്മകൾ അയാളുടെ ജീവിതത്തിന്റെ ഭാഗമായി മാറുകയും ചെയ്യുന്നതാണ്. ഇതോടൊപ്പം ആ സൽകർമങ്ങൾ സ്ഥിരപ്പെടുത്താൻ വേണ്ടി അല്ലാഹു മലക്കുകളെ അയച്ചുകൊടുക്കുന്നതുമാണ്. ഉദാ: ദീനിലുള്ള അറിവ് സമ്പാദിക്കൽ തുടക്കത്തിൽ വളരെ ബുദ്ധിമുട്ടായി അനുഭവപ്പെടും. ആ ബുദ്ധിമുട്ട് തരണംചെയ്ത് ആ അറിവ് നേടാൻ നിരന്തരം ശ്രമിക്കുമ്പോൾ നാം അത് ഇഷ്ടപ്പെട്ടുതുടങ്ങും. അപ്പോൾ നമ്മെ നിരന്തരം അതിനായി പ്രേരിപ്പിക്കാൻ അല്ലാഹു മലക്കുകളെ അയച്ച് തരും. അങ്ങനെ അത് നമ്മുടെ ജീവിതത്തിന്റെ ഭാഗമായി മാറും. അതു വിട്ടുകളയുവാൻ നമുക്ക് തോന്നുകയുമില്ല. അതിന്റെ ഗുണം നമ്മുടെ ജീവിതത്തിൽ പ്രതിഫലിക്കുകയും ചെയ്യും.

ഇതിന്റെ നേർവിപരീതമാണ് പാപങ്ങളുടെ കാര്യം. ഒരാൾ പാപങ്ങൾ ചെയ്യുമ്പോൾ ആദ്യമൊക്കെ മടിച്ച് മടിച്ചായിരിക്കും ചെയ്യുന്നത്. പക്ഷേ, അത് നിരന്തരമാകുമ്പോൾ അയാൾക്ക് അത് പ്രശ്നമല്ലാതാകും. അപ്പോൾ അല്ലാഹു പിശാചിനെ അയക്കും. അതിനെ സ്ഥിരപ്പെടുത്താൻ പിശാച് പരിശ്രമിക്കും. അങ്ങനെ അത് വിട്ടുകളയാൻ അയാൾക്ക് തോന്നാതാകും. അതിന്റെ ദോഷം അയാളുടെ ജീവിതത്തിൽ പ്രതിഫലിക്കുകയും ചെയ്യും. അല്ലാഹു പറയുന്നു:

“അതിനാൽ ആര് ദാനം നൽകുകയും ഭക്തനാവുകയും അത്യുത്തമായതിനെ സത്യപ്പെടുത്തുകയും ചെയ്യുന്നുവോ അവന് നാം ഏറെ എളുപ്പമായതിലേക്ക് വഴിയൊരുക്കിക്കൊടുക്കും. എന്നാൽ ആര് പിശുക്ക് കാണിക്കുകയും സ്വയം പര്യാപ്തത നടിക്കുകയും

**ഒരാൾ പാപങ്ങൾക്കെതിരെ പൊരുതുകയും അത് ചെയ്യുന്നത് നിർത്തുകയും നല്ല കാര്യങ്ങൾ ചെയ്ത് തുടങ്ങുകയും ചെയ്യുമ്പോൾ അദ്ദേഹത്തിന് അതിനോട് ഇഷ്ടം ഉണ്ടാവുകയും, ആ നന്മകൾ അയാളുടെ ജീവിതത്തിന്റെ ഭാഗമായി മാറുകയും ചെയ്യുന്നതാണ്. ഇതോടൊപ്പം ആ സൽകർമങ്ങൾ സ്ഥിരപ്പെടുത്താൻ വേണ്ടി അല്ലാഹു മലക്കുകളെ അയച്ചുകൊടുക്കുന്നതുമാണ്. ഉദാ: ദീനിലുള്ള അറിവ് സമ്പാദിക്കൽ തുടക്കത്തിൽ വളരെ ബുദ്ധിമുട്ടായി അനുഭവപ്പെടും. ആ ബുദ്ധിമുട്ട് തരണംചെയ്ത് ആ അറിവ് നേടാൻ നിരന്തരം ശ്രമിക്കുമ്പോൾ നാം അത് ഇഷ്ടപ്പെട്ടുതുടങ്ങും.**



അത്യുത്തമായതിനെ തള്ളിപ്പറയുകയും ചെയ്യുന്നുവോ അവനെ നാം ഏറ്റവും ക്ലേശകരമായതിൽ കൊണ്ടെത്തിക്കും" (അല്ലൈൽ 5-10).

അല്ലാഹുവിന്റെ കാരുണ്യത്തിൽ നാം നിരാശപ്പെടരുത്. അധികം വൈകുന്നതിന് മുമ്പ് പടച്ചവനിലേക്ക് പശ്ചാത്തപിച്ച് മടങ്ങുക. അല്ലാഹു നമ്മെ അവന്റെ വചനങ്ങളിലൂടെ പഠിപ്പിച്ചതും അതറിയുവാൻ സാധിച്ചതും അല്ലാഹുവിന്റെ വലിയ അനുഗ്രഹമാണ്.

**12. പാപങ്ങൾ ഹൃദയത്തിന്റെ നിശ്ചയദാർഢ്യത്തെയും മനഃശക്തിയെയും ഇല്ലാതാക്കുന്നു**

പാപങ്ങളിലൂടെ മനഃശക്തി നശിച്ചുപോയാൽ നന്നാകുവാനുള്ള ആഗ്രഹം ഇല്ലാതാകും എന്നതാണ് ഏറ്റവും ഭയാനകരമായ പരിണിതഫലം. നന്മയും തിന്മയും തിരിച്ചറിഞ്ഞാലും നന്മ സ്വീകരിക്കുവാനും തിന്മയെ തിരസ്ക്കരിക്കുവാനും സാധിക്കാതെ വരുന്നതാണ്.

തിരഞ്ഞെടുക്കുവാനും തീരുമാനിക്കുവാനുമുള്ള സ്വാതന്ത്ര്യം നമ്മുടേതാണ്. നമുക്കായി കാര്യങ്ങൾ മാറ്റിമറിക്കുവാനോ ചെയ്യുവാനോ ആർക്കും സാധിക്കില്ല. എന്നാൽ പാപങ്ങളിൽ ഏർപ്പെടുന്നവൻ വലിയ മടിയനും ഉത്സാഹമില്ലാത്തവനുമായിരിക്കും. നന്നാകണം, ഖുർആൻ പാരായണം ചെയ്യണം എന്നൊക്കെ ആഗ്രഹമുണ്ടാകും. പക്ഷേ, ഒരിക്കലും അത് പ്രാവർത്തികമാകില്ല. അതിനുള്ള മാനസിക പ്രചോദനം ലഭിക്കുകയുമില്ല.

**മനുഷ്യർ സ്വാഭാവികമായും തെറ്റിനെ വെറുക്കുന്നവരാണ്. പക്ഷേ, നിരന്തരം തെറ്റുചെയ്യുന്ന ഒരാൾക്ക് അതൊരു പ്രശ്നമല്ലാതാകും. അയാൾ മറ്റുള്ളവരോട് അതിനെക്കുറിച്ച് അഭിമാനത്തോടെ പറഞ്ഞ് നടക്കുകയും ചെയ്യും. അയാൾക്ക് അതിന് ഒരു ഉളുപ്പുമുണ്ടാകില്ല. മാത്രമല്ല, പാപം ചെയ്യുന്നത് അയാൾ വലിയ പ്രൗഢിയായി കാണുന്നതാണ്. ഞാൻ മദ്യപിക്കും, എനിക്ക് കാമുകിയുണ്ട് എന്നൊക്കെ ചില ആളുകൾ തുറന്നുപറയുന്നത് ഇതിൽ പെട്ടതാണ്.**



"ഇത് മുഴുവൻ മാലോകർക്കുമുള്ള ഒരു ഉപദേശമാകുന്നു. നിങ്ങളിൽ നേർവഴിയിൽ നടക്കാനാഗ്രഹിക്കുന്നവർക്ക് ഇത് പ്രയോജനപ്പെടുന്നതാണ്" (അത്തക്‌വീർ 27-28).

**പാഠം 13**

**പാപങ്ങളുടെ പ്രത്യാഘാതങ്ങൾ**

പാപങ്ങളുടെ ഭൗതികമായ പല കുഴപ്പങ്ങളും പറഞ്ഞുകഴിഞ്ഞു. ഗുരുതരമായ മറ്റുചില പ്രത്യാഘാതങ്ങൾകൂടി ശ്രദ്ധിക്കുക:

**13. കുറ്റബോധവും പശ്ചാത്താപ മനഃസ്ഥിതിയും ഇല്ലാതാക്കും**

കുറ്റബോധം എന്നത് ജന്മസിദ്ധമായ മനുഷ്യഗുണമാണ്. പക്ഷേ, പാപങ്ങൾ ഈ മനഃസ്ഥിതിയെ പതിയെ പതിയെ ഉന്മൂലനം ചെയ്യുകളയും. ഇത്തരം ഒരു അവസ്ഥയ്ക്കിടയിൽ ഒരാൾ ഇസ്തിഗ്ഫാറും തൗബയും നടത്തിയാൽതന്നെ അതിൽ സത്യസന്ധത കുറവായിരിക്കും. നാവുകൊണ്ട് പറയുമെങ്കിലും ഹൃദയം പാപങ്ങളിൽ തന്നെ ബന്ധപ്പെട്ടിരിക്കും. ഇത് ഏറ്റവും ഭയാനകമായ ഹൃദയത്തിന്റെ രോഗാവസ്ഥയും നാശത്തിലേക്കുള്ള പതനവുമാകുന്നു.

മനുഷ്യർ സ്വാഭാവികമായും തെറ്റിനെ വെറുക്കുന്നവരാണ്. പക്ഷേ, നിരന്തരം തെറ്റുചെയ്യുന്ന ഒരാൾക്ക് അതൊരു പ്രശ്നമല്ലാതാകും. അയാൾ മറ്റുള്ളവരോട് അതിനെക്കുറിച്ച് അഭിമാനത്തോടെ പറഞ്ഞ് നടക്കുകയും ചെയ്യും. അയാൾക്ക് അതിന് ഒരു ഉളുപ്പുമുണ്ടാകില്ല. മാത്രമല്ല, പാപം ചെയ്യുന്നത് അയാൾ വലിയ പ്രൗഢിയായി കാണുന്നതാണ്. ഞാൻ മദ്യപിക്കും, എനിക്ക് കാമുകിയുണ്ട് എന്നൊക്കെ ചില ആളുകൾ തുറന്നുപറയുന്നത് ഇതിൽ പെട്ടതാണ്.

അബൂഹുറയ്റ(റ) നിവേദനം; അല്ലാഹുവിന്റെ റസൂൽ(സ്വ) പറഞ്ഞു: "എന്റെ എല്ലാ അനുയായികളും പൊറുക്കപ്പെടുന്നവരായിരിക്കും. സ്വന്തം പാപങ്ങൾ തുറന്നുകാട്ടുന്നവരൊഴികെ. അതിന് ഉദാഹരണം: ഒരാൾ രാത്രിയിൽ തെറ്റ് ചെയ്യുന്നു. അല്ലാഹു അത് അയാൾക്ക് മറച്ചുകൊടുക്കുന്നു. എന്നാൽ പ്രഭാതത്തിൽ അയാൾതന്നെ അത് ആളുകൾക്ക് വെളിവാക്കിക്കൊടുക്കുന്നതും ഞാൻ ഇന്നലെ രാത്രി ഇന്നയിന്ന തെറ്റുകൾ ചെയ്തു എന്ന് പറഞ്ഞ് നടക്കുന്നതുമാണ്. അല്ലാഹു അത് അയാൾക്ക് വേണ്ടി രഹസ്യമാക്കിവെച്ച കാര്യമാണ്. രാത്രി അല്ലാഹു മറച്ചുവെച്ച കാര്യം രാവിലെ അയാൾതന്നെ മറനീക്കി ജനങ്ങളെ ബോധിപ്പിച്ചു" (ബുഖാരി 6069).



**ഒരു ദൈവിക ഭവനത്തിന് നേരെ കൂടി സംഘ്പരിവാർ തങ്ങളുടെ കൊടുവാൾ ഉയർത്തിക്കഴിഞ്ഞു. തികച്ചും ശാന്തമായ സാമൂഹിക സാഹചര്യത്തെ എങ്ങനെയാണ് കലാപത്തിന്റെ തീച്ചൂളയിലേക്ക് എടുത്തെറിയുക എന്നതിന്റെ നേർസാക്ഷ്യമാണ് ഗ്യാൻവാപി മസ്ജിദിന്റെ പശ്ചാത്തലത്തിൽ നാം കണ്ടുകൊണ്ടിരിക്കുന്നത്. നീതിപീഠം മാത്രമല്ല, മതേതരകക്ഷികൾ കൂടി ഉണർന്ന് പ്രവർത്തിച്ചില്ലായെങ്കിൽ നാട് വീണ്ടും അരക്ഷിതാവസ്ഥയിലേക്ക് കൂപ്പുകുത്തുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല.**

# ഗ്യാൻവാപി മസ്ജിദ്: മതേതര കക്ഷികൾ ആരെയാണ് ഭയക്കുന്നത്?

അബ്ദുൽമാലിക് സലഫി

ഗംഗാനദിയോട് ചേർന്നുകിടക്കുന്ന ഇന്ത്യയിലെ പുരാതന നഗരമാണ് ബനാറസ്. വാരണസി, കാശി എന്നീ പേരുകളിലും ഈ പട്ടണം അറിയപ്പെടാറുണ്ട്. വ്യത്യസ്ത മതത്തിൽപെട്ടവർ തിങ്ങിപ്പാർക്കുന്ന, മസ്ജിദുകളും ഗുരുദ്വാരകളും ക്ഷേത്രങ്ങളും എമ്പാടുമുള്ള പ്രവിശാലമായ പട്ടണമാണിത്. ഏറെ കേളികേട്ട ബനാറസ് പട്ടുസാരികളുടെ നിർമാണമാവും വിപണനവുമാണ് ജനങ്ങളുടെ പ്രധാന വരുമാനമാർഗം. പൊതുവെ ശാന്തമായ നഗരമാണിത്.

എന്നാൽ വർഗീയകക്ഷികൾ ഈ നാട്ടിൽ അശാന്തി പരത്താൻ കുറച്ചു കാലമായി കിണഞ്ഞ് പരിശ്രമിക്കുന്നുണ്ട്. അതിന് 1600കളിൽ ഔറംഗസീബ് ചക്രവർത്തി പണിത ഒരു പള്ളിയെയാണ് അവർ മറയാക്കുന്നത്. നഗരത്തിന്റെ അറ്റത്ത് ഗംഗയോട് ചേർന്നുകിടക്കുന്ന പ്രദേശത്ത് സ്ഥിതിചെയ്യുന്ന, ‘ഗ്യാൻവാപി മസ്ജിദ്’ എന്നറിയപ്പെടുന്ന സാമാന്യം വലിപ്പമുള്ള ഒരു മസ്ജിദാണിത്. അതിന്റെ തൊട്ടടുത്താണ് കാശി ക്ഷേത്രമുള്ളത്. പള്ളി നിർമിക്കപ്പെട്ടതിനുശേഷമാണ് ക്ഷേത്രം നിർമിക്കപ്പെട്ടത് എന്നതാണ് ശരിയായ ചരിത്രമെന്ന് വിദഗ്ധർ പറയുന്നു. അതേസമയം, ക്ഷേത്രം തകർത്താണ് പള്ളി നിർമിക്കപ്പെട്ടത് എന്നാണ് ഇപ്പോൾ ചിലർ വാദിച്ചുകൊണ്ടിരിക്കുന്നത്. ചരിത്രപരമായി യാതൊരു തെളിവും ഈ വാദം സ്ഥാപിക്കാൻ ഇല്ലാത്തതിനാലാണ് ഇപ്പോൾ പള്ളിയിൽനിന്ന് ശിവലിംഗം കണ്ടെത്തിയെന്ന് പറഞ്ഞ് സംഘ് കക്ഷികൾ മുറവിളി കൂട്ടുന്നത്. നമസ്കാരത്തിനായി അംഗശുദ്ധി വരുത്താനുള്ള വെള്ള ടാങ്കിലേക്ക് വെള്ളം വരുന്ന ജലപാനിയാണ് ശിവലിംഗമായി വ്യാഖ്യാനിക്കപ്പെടുന്നത്! വർഗീയതിമിരം ബാധിച്ചവർക്ക് കാണുന്ന എന്തും ശിവലിംഗമായി തോന്നുമെന്നതിൽ സംശയമൊന്നുമില്ല.

നാലു വർഷത്തെ ബനാറസ് ജീവിതകാലത്ത് നിരവധി തവണ ഗ്യാൻ വാപി മസ്ജിദിൽ പോവുകയും നമസ്കരിക്കുകയും ചെയ്ത ഒരാളാണ് ഈ ലേഖകൻ. നിരവധിപേർ ഓരോ നമസ്കാരസമയത്തും അവിടെ നമസ്ക രിക്കാനെത്തുന്നുണ്ട്. നൂറ്റാണ്ടുകളായി ഇത് തുടർന്നുവരുന്നു. അവരാരും ഇക്കാലമത്രയും ഒരു ശിവലിംഗം ആ ഹൗളിൽ കണ്ടിട്ടില്ല! നിരവധി പോലീ സുകാർ പള്ളിക്ക് കാവലായി കാലങ്ങളായി അവിടെയുണ്ട്. അവരും ഈ 'ശിവലിംഗം' കണ്ടിട്ടില്ല!

പള്ളിയിലേക്ക് കയറിച്ചെല്ലുന്ന ഭാഗത്തുതന്നെയാണ് ശിവലിംഗം കിട്ടി എന്ന് പറയപ്പെടുന്ന ഹൗള് സ്ഥിതി ചെയ്യുന്നത്! എന്നിട്ടും ഇക്കാലം വരേ ക്കും ആർക്കും കിട്ടാത്ത, ആരും കണ്ടിട്ടില്ലാത്ത ഒരു ശിവലിംഗം പള്ളിയിൽ എങ്ങനെ വന്നു! ഫാഷിസം ഇങ്ങനെയാണ്. കളവുകളുടെ കൊട്ടകളായിരി ക്കും അവരുടെ കണ്ടെത്തലുകൾ. നുണകളുടെ കൂമ്പാരങ്ങളായിരിക്കും അവ രുടെ പ്രമാണങ്ങൾ. നീതിയും നെറിയും അവർക്ക് അന്യമാണ്.

ബാബരി മസ്ജിദിനുശേഷം തങ്ങളുടെ രാഷ്ട്രീയനേട്ടങ്ങൾക്ക് ഉപയോഗി ക്കാൻ സംഘ്പരിവാരം കണ്ടുവെച്ചിട്ടുള്ള അജണ്ടകളിൽ ഒണാണ് ഗ്യാൻ വാപി മസ്ജിദ്.

ആനന്ദ് പട്‌വർദന്റെ 'രാം കേ നാം പർ' എന്ന ഡോക്യുമെന്ററിയിൽ, ബാബരി മസ്ജിദ് പൊളിക്കാൻ കർസേവകർ അയോധ്യയിലേക്ക് നീങ്ങുന്ന രംഗങ്ങൾ കാണിക്കുന്നുണ്ട്. പള്ളി തകർക്കാൻ നീങ്ങുന്ന ഓരോ കർസേവ കനും ഉറക്കെ വിളിച്ചുകൂവുന്ന വാചകം ഇതായിരുന്നു: 'കാശി മഥുര ബാക്കി ഹേ.' കാശിയിലെ ഗ്യാൻവ്യാപി മസ്ജിദും മഥുരയിലെ ഷാഹി ഈദ്ഗാഹ് മസ്ജിദും പൊളിക്കാൻ ബാക്കിയുണ്ട് എന്നർഥം! ബാബരി മസ്ജിദിനുശേഷം ഞങ്ങളുടെ ഉന്നം ഗ്യാൻവാപി, അതിനുശേഷം മഥുരയിലെ ഷാഹീ മസ്ജിദ്!

ബാബരി മസ്ജിദ് വിഷയം ഏകദേശം കെട്ടടങ്ങിയ സമയമാണല്ലോ ഇത്. ഇനി മുന്നോട്ട് നീങ്ങണമെങ്കിൽ ഒരു സെൻസിറ്റീവായ ഇഷ്യൂ സമൂഹത്തിൽ ചർച്ചയാവണം. ഗ്യാൻവാപി മസ്ജിദിന്റെ ഹൗളിലെ ജലപാനി ശിവലിംഗമാ യതും മധുരയിലെ ഷാഹി മസ്ജിൽനിന്ന് മുസ്‌ലിംകളെ തടയണമെന്ന് പറ ഞ്ഞ് ഒരു സംഘം അഭിഭാഷകർ കോടതിയിൽ ഹർജി നൽകിയതും അതി ന്റെ ഭാഗമാണ്.

മുഗൾ ഭരണാധികാരിയായ ഔറംഗസീബ് ശിവലിംഗ ക്ഷേത്രം തകർത്ത് അവിടെ പള്ളി നിർമിക്കുകയായിരുന്നുവെന്നും മധുരയിലെ പള്ളിനിൽക്കു ന്ന സ്ഥലത്താണ് ശ്രീകൃഷ്ണൻ ജനിച്ചത് എന്നുമാണ് ഇവർ ഉന്നയിക്കുന്ന വാ ദങ്ങൾ. അതിനാൽ ഈ രണ്ടുപള്ളികളും ഹിന്ദുക്കൾക്ക് ലഭിക്കണം എന്ന താണ് ഇവരുടെ ആവശ്യം. സംഘ്പരിവാരത്തിലെ വലിയ നേതാക്കൾവരെ ശിവലിംഗ വാർത്തയെ ഏറ്റെടുത്തു കഴിഞ്ഞു!

ഇന്ത്യൻ സമൂഹത്തിൽ ഏറെ കോളിളക്കം സൃഷ്ടിക്കാൻ കാരണമാവുന്ന നീക്കങ്ങളാണ് ഈ രണ്ട് പള്ളികളുടെ പേരിൽ സംഘപരിവാരം ഇപ്പോൾ നടത്തിക്കൊണ്ടിരിക്കുന്നത് എന്നതിൽ സംശയമില്ല. മുമ്പ് ബാബരി മസ്ജി ദിന്റെ പേരിലും സമാനമായ നീക്കങ്ങളാണ് ഉണ്ടായിരുന്നത്. അവസാനം സംഘപരിവാർ ആഗ്രഹിച്ചത് എന്താണോ അതുതന്നെ ബാബരിയുടെ വിഷ യത്തിൽ സംഭവിച്ചു. പള്ളി തകർക്കപ്പെട്ടു. അവർ അധികാരത്തിന്റെ ചക്രം തിരിക്കുന്ന അവസ്ഥവന്നു. അയോധ്യയിൽ പള്ളി നിന്ന സ്ഥലത്ത് ഇപ്പോൾ ക്ഷേത്രം ഉയരുന്നു. ഇത് കാശിയിലും മഥുരയിലും ആവർത്തിച്ച്, ജനങ്ങളെ ബാധിക്കുന്ന സകല പ്രശ്നങ്ങളിൽനിന്നും ശ്രദ്ധ തെറ്റിച്ച്, വർഗീയത ആളി ക്കത്തിച്ച് തങ്ങളുടെ അധികാരക്കസേരക്ക് ഇളക്കം തട്ടാതെ സൂക്ഷിക്കുക എന്നതാണ് ഇതിലൂടെ സംഘികൾ ലക്ഷ്യമാക്കുന്നത്.

ബാബരി വിഷയത്തിൽ മുഖ്യധാരാ രാഷ്ട്രീയപാർട്ടികൾ കാണിച്ച കന ത്ത നിസ്സംഗത ഈ വിഷയത്തിലും ആവർത്തിച്ചാൽ അതിന് ഇന്ത്യ നൽകേ ണ്ട വില ഏറെ കനത്തതായിക്കും. ഇത് കേവലം ഒരു മുസ്‌ലിം വിഷയമായി

**ഗംഗാനദിയോട് ചേർന്നു കിടക്കുന്ന ഇന്ത്യയിലെ പുരാതന നഗരമാണ് ബനാറസ്. വാരണസി, കാശി എന്നീ പേരുകളിലും ഈ പട്ടണം അറിയപ്പെടാറുണ്ട്. വ്യത്യസ്ത മതത്തിൽ പെട്ടവർ തിങ്ങിപ്പാർക്കുന്ന, മസ്ജിദുകളും ഗുരുദ്വാരകളും ക്ഷേത്രങ്ങളും എമ്പാടുമുള്ള പ്രവിശാലമായ പട്ടണമാണിത്. ഏറെ കേളികേട്ട ബനാറസ് പട്ടുസാരികളുടെ നിർമാണമാവും വിപണനവുമാണ് ജനങ്ങളുടെ പ്രധാന വരുമാനമാർഗം. പൊതുവെ ശാന്തമായ നഗരമാണിത്.**

മാത്രം ചുരുക്കി ചുളുവിൽ ലക്ഷ്യം നേടാനാണ് വർഗീയ കക്ഷികൾ പരിശ്രമിക്കുന്നത്. മതേതര ദേശീയ പാർട്ടികൾ ഈ വിഷയത്തിൽ കോടതിയിലും പുറത്തും ശക്തമായ പോരാട്ടം നടത്താൻ തയാറായാൽ മാത്രമെ ഒരു പരിധിവരെ ഈ വർഗീയ നീക്കങ്ങളെ ചെറുക്കാനാവൂ.

നീതിയുടെ പക്ഷത്ത് നിൽക്കേണ്ട കോടതികൾ പല സന്ദർഭങ്ങളിലും പക്ഷംചേരുന്നത് ഇത്തരത്തിലുള്ള വർഗീയ നീക്കങ്ങൾ ആവർത്തിക്കുന്നതിന് കാരണമാവുന്നുണ്ട്. നൂറ്റാണ്ടുകളായി മുസ്ലിംകൾ ആരാധന നിർവഹിച്ചുവരുന്ന ഗ്യാൻവാപി പള്ളിയുടെ ഒരു ഭാഗം അടച്ചിടാൻ പ്രാദേശിക കോടതി വിധിച്ചത് ഇതിന് ഉദാഹരണമാണ്.

1949ൽ ബാബരി മസ്ജിദിന്റെ കാര്യത്തിലുണ്ടായ അതേസംഭവം ഗ്യാൻവാപിയിലും ആവർത്തിച്ചേക്കുമെന്ന വർധിച്ച ആശങ്ക ഈ വിധിയിലൂടെ സംജാതമായിരിക്കുകയാണ്. യഥാർഥത്തിൽ 1991ലെ ആരാധനാലയങ്ങൾ സംബന്ധിച്ച നിയമത്തെ അട്ടിമറിക്കുന്നതാണ് ഈ അടച്ചിടൽ വിധി.

1947 ആഗസ്റ്റ് 15ന് രാജ്യത്തെ ഏതെല്ലാം ആരാധനാലയങ്ങൾ ആരുടെയെല്ലാം കൈകളിലുണ്ടായിരുന്നോ അവ അവരുടെ ഉടമസ്ഥതയിൽതന്നെ തുടരുമെന്നും ഒരുവിധത്തിലുള്ള തർക്കവും കൈയേറ്റവും ഇനി അനുവദിക്കുകയില്ലെന്നും അനുശാസിക്കുന്ന നിയമം 1991 ഏപ്രിലിൽ പാർലമെന്റ് പാസാക്കിയതാണ്. ബാബരി മസ്ജിദിനെ മാത്രമാണ് ഈ നിയമത്തിൽനിന്ന് മാറ്റിനിർത്തിയത്. എന്നിട്ടും ചില സ്ത്രീകൾ (ഇവരുടെ പിന്നിൽ ആരെന്ന് വ്യക്തം) ഹർജിയുമായി വന്നപ്പോഴേക്കും ഗ്യാൻവാപിയിൽ വീഡിയോ സർവേ നടത്താനും ശിവലിംഗം കിട്ടി എന്നു പറഞ്ഞ് പള്ളിയുടെ ഒരുഭാഗം അടച്ചിടാനും കോടതി നിർദേശിച്ചത് വലിയ ആശങ്കകൾക്ക് വഴിവെച്ചിട്ടുണ്ട്.

വിഷയം ഇപ്പോൾ സുപ്രീം

**ആനന്ദ് പട്വർദന്റെ 'രാം കേ നാം പർ' എന്ന ഡോക്യുമെന്ററിയിൽ, ബാബരി മസ്ജിദ് പൊളിക്കാൻ കർസേവകർ അയോധ്യയിലേക്ക് നീങ്ങുന്ന രംഗങ്ങൾ കാണിക്കുന്നുണ്ട്. പള്ളി തകർക്കാൻ നീങ്ങുന്ന ഓരോ കർസേവകനും ഉറക്കെ വിളിച്ചുകൂവുന്ന വാചകം ഇതായിരുന്നു: 'കാശി മഥുര ബാക്കി ഹേ.' കാശിയിലെ ഗ്യാൻവ്യാപി മസ്ജിദും മഥുരയിലെ ഷാഹി ഈദ്ഗാഹ് മസ്ജിദും പൊളിക്കാൻ ബാക്കിയുണ്ട് എന്നർഥം! ബാബരി മസ്ജിദിനുശേഷം ഞങ്ങളുടെ ഉന്നം ഗ്യാൻവാപി, അതിനുശേഷം മഥുരയിലെ ഷാഹീ മസ്ജിദ്**

കോടതിയിൽ എത്തിയിരിക്കുന്നു. എന്നാൽ, ഈ കേസ് പരിഗണിക്കുന്നത് ബാബരി മസ്ജിദിന്റ കേസുമായി ബന്ധമുള്ള ജഡ്ജിമാരാണ് എന്നത് ആശങ്കയുണർത്തുന്ന മറ്റൊരു സംഗതിയാണ്. ഇത് ഗ്യാൻവാപിയിൽ ഒതുങ്ങുന്ന വിഷയമല്ല. രാജ്യത്ത് തലയുയർത്തി നിൽക്കുന്ന ഇന്ത്യയുടെ അഭിമാന സ്മാരകങ്ങളിലെല്ലാം വർഗീയകക്ഷികൾ വിഷംപുരട്ടിക്കഴിഞ്ഞു.

താജ്മഹൽ, കുതബ്മിനാർ തുടങ്ങിയവയെക്കുറിച്ച് ചരിത്രത്തിന് പരിചയമില്ലാത്ത നിരവധി 'ഗവേഷണങ്ങൾ' സംഘപരിവാരം പുറത്തുവിട്ടുകൊണ്ടിരിക്കുന്നുണ്ട്. സത്യവും നീതിയും സാമൂഹ്യ പ്രതിബദ്ധതയും ഒട്ടും കാണപ്പെടാത്ത ഇവരിൽനിന്ന് ഇനിയും പലതും നാം പ്രതീക്ഷിക്കണം.

ഇത്തരം നീക്കങ്ങൾ അവർ നടത്തുന്നത് ഹിന്ദുമതത്തിനോടുള്ള താൽപര്യംമൂലമാണെന്ന ധാരണയൊന്നും ആർക്കും വേണ്ട. മതനിരപേക്ഷതയെ അംഗീകരിക്കുന്ന ഒരു ഹിന്ദുമതവിശ്വാസിക്ക് ഒരു മുസ്ലിം ആരാധനാലയം തകർക്കേണ്ട ആവശ്യമില്ല. അതവന്റെ മതത്തിന്റെ നിർദേശവുമല്ല.

മതത്തെ രാഷ്ട്രീയ നേട്ടങ്ങൾക്ക് മറയാക്കുന്ന ഹിന്ദുത്വ ഭീകരന്മാരാണ് ആരാധനാലയങ്ങൾക്ക് നേരെ ഇത്തരം കുടിലതകളുമായി കടന്നുവരുന്നത്. ഈ വർഗീയവാദികൾ തകർക്കാൻ ശ്രമിക്കുന്നത് മുസ്ലിം പള്ളികളെയല്ല; പ്രത്യുത ഇന്ത്യൻ മതേതരത്വത്തെയാണ് എന്ന് തിരിച്ചറിയാൻ ഓരോ ഇന്ത്യക്കാരനും കഴിയേണ്ടതുണ്ട്. ആ തിരിച്ചറിവ് ആർജിക്കുന്നതിലൂടെ മാത്രമെ ഇത്തരം വർഗീയരാഷ്ട്രീയത്തിന് അന്ത്യംകുറിക്കാൻ സാധിക്കൂ.

ഇന്ത്യ തകരരുത് എന്ന് ആഗ്രഹിക്കുന്ന ഓരോ പൗരനും ഈ വർഗീയഭ്രാന്തിനെ ചങ്ങലക്കിടാൻ സഹകരിച്ചേ മതിയാവൂ. നാട് തകരുമ്പോൾ നാമാരും സുരക്ഷിതരാവില്ല എന്ന വകതിരിവ് എല്ലാവർക്കും ആവശ്യമാണ്. ബാബരി മസ്ജിദ് തകർക്കപ്പെട്ട 1992ൽനിന്ന് 2022ൽ എത്തിയപ്പോഴേക്കും ഇന്ത്യൻ മനസ്സ് പതിന്മടങ്ങ് വർഗീയമായിട്ടുണ്ട് എന്നത് ഒരു പൊള്ളുന്ന യാഥാർഥ്യമാണ്. അതിനാൽതന്നെ ഇനിയൊരു ദുരന്തമുണ്ടായാൽ അതിന്റെ ഭവിഷ്യത്ത് സങ്കൽപങ്ങൾക്കതീതമായിരിക്കും.

അധികാരക്കസേര നിലനിർത്താൻ വേണ്ടി മനുഷ്യരെ തമ്മിൽ തല്ലിച്ച് നാടിനെ കലാപഭൂമിയാക്കി അഴിഞ്ഞാടാൻ ഫാഷിസത്തെ അനുവദിക്കണോ എന്നത് മതേതരകക്ഷികൾ തീരുമാനിക്കേണ്ട സമയമാണിത്. മതേതരചേരിയിലെ അനൈക്യങ്ങളാണ് വർഗീയതക്ക് വളമാവുന്നത് എന്ന സത്യം തിരിച്ചറിയാൻ ഇനിയും വൈകിക്കൂടാ. ഒന്നിച്ചുള്ള മതേതര മുന്നേറ്റം വർഗീയ അജണ്ടകളെ പിഴുതെറിയും എന്നതാണ് പൗരത്വ പ്രക്ഷോഭങ്ങൾ ഇന്ത്യക്ക് നൽകിയ ഗുണപാഠം. ഫാഷിസത്തിന്റെ ഏതു കുടിലതന്ത്രങ്ങളും ഇന്ത്യയെ സ്നേഹിക്കുന്നവർ ഒന്നിച്ചുനിന്നാൽ തകരും എന്നതും പ്രസ്തുത പ്രക്ഷോഭത്തിലൂടെ നമുക്ക് ബോധ്യമായതാണ്. പ്രസ്തുത രീതി വെടിഞ്ഞ് മുസ്ലിംകൾ മാത്രം പോരാട്ട

രംഗത്ത് നിലകൊള്ളുന്നത് വർഗീയ കക്ഷികൾക്ക് ലക്ഷ്യം നേടാൻ വഴിയൊരുക്കലാവും. നേട്ടങ്ങൾ ഒന്നും ലഭിക്കുകയുമില്ല.

ഈ നാട്ടിലെ ഓരോ പൗരനും ഈ നാടിന്റെ സ്വത്താണ്; അവൻ ഏതു മതക്കാരനാണെങ്കിലും. അതിനാൽ പൗരൻ എന്ന കണ്ണട മാറ്റി മതത്തിന്റെ കണ്ണടയിലൂടെമാത്രം രാജ്യത്തെ ജനങ്ങളെ നോക്കിക്കാണുന്ന ഭരണാധികാരികളുടെ നീക്കങ്ങൾക്കെതിരെ പ്രതികരിക്കേണ്ടത് രാജ്യത്തെ മുഴുവൻ പൗരന്മാരുമാണ്. ഇത് രാജ്യത്തിന്റെ വിഷയമാണ്. ഒരു മുസ്‌ലിം ആരാധനാലയത്തിന്റെ മാത്രം വിഷയമല്ല.

വികസന രാഷ്ട്രീയത്തിനു പകരം വർഗീയ രാഷ്ട്രീയം പയറ്റുന്നവർക്ക് അധികം ആയുസ്സുണ്ടാവില്ല എന്നത് ചരിത്രമാണ്. ശ്രീലങ്ക അതിന്റെ അവസാന ഉദാഹരണമാണ്. ന്യൂനപക്ഷത്തെ പീഡിപ്പിച്ച് ഭൂരിപക്ഷത്തെ കൂടെ നിർത്താമെന്ന മോഹം അധികം നിലനിൽക്കുന്നതല്ല. കോവിഡ് മഹാമാരിക്കു ശേഷം രാജ്യം അകപ്പെട്ട സാമ്പത്തിക ചുഴികൾ അവഗണിച്ച്, വിലക്കയറ്റംമൂലം യാതനപേറുന്ന ജനത്തെ ശ്രദ്ധിക്കാതെ, എണ്ണവിലയും പാചകവാതകവിലയും ജനത്തിന്റെ നടുവൊടിച്ച് നിൽക്കവെ അവരുടെ രോദനങ്ങൾക്ക് ചെവികൊടുക്കാതെ, രൂപയുടെ മൂല്യം മൂക്കുകുത്തിവീണ് സാമ്പത്തിക മേഖല തകർന്നതിനെ തിരിഞ്ഞുനോക്കാതെ, ജോലിയില്ലാതെ നട്ടംതിരിയുന്ന യുവജനങ്ങളുടെ ആവശ്യങ്ങൾക്കു നേരെ കണ്ണടച്ച് അധികാരികൾ നടത്തുന്ന ഈ വർഗീയ കലാപരിപാടികൾക്ക് ജനം തക്കതായ മറുപടി വൈകാതെ നൽകും എന്നതിൽ സംശയമില്ല. അത് ഒരുപക്ഷേ, ശ്രീലങ്കയിൽ സംഭവിച്ചതിനെക്കാൾ ഭയാനകമായിരിക്കും!

**ഇന്ത്യക്കാർക്കാവശ്യം വികസനവും ക്ഷേമരാഷ്ട്രവുമാണ്, വർഗീയതയും വിദ്വേഷ പ്രചാരണവുമല്ല. വർഗീയത ഒരു നാടിനെയും വളർത്തിയിട്ടില്ല; തളർത്തുകയേ ചെയ്തിട്ടുള്ളൂ. ഗ്യാൻവാപി മസ്ജിദിനു നേരെ തിരിയുന്നവർ, ബാബരി മസ്ജിദിന്റെ തകർച്ചക്കുവേണ്ടി പണിയെടുത്തവരുടെ ഭാവി എന്തായി എന്ന കാര്യം പഠിക്കുന്നത് നല്ലതാണ്. നിരവധി കർസേവകർ ഇസ്‌ലാമിനെക്കുറിച്ച് പഠിച്ച് മുസ്‌ലിംകളായി. പള്ളി പൊളിച്ചതിന് പ്രായശ്ചിത്തമായി നിരവധി പള്ളികൾ നിർമിച്ച വ്യക്തിപോലും അവർക്കിടയിലുണ്ടായി! ചിലർ കടുത്ത മാനസിക സംഘർഷത്താൽ ജീവനൊടുക്കി.**

ഇന്ത്യക്കാർക്കാവശ്യം വികസനവും ക്ഷേമരാഷ്ട്രവുമാണ്, വർഗീയതയും വിദ്വേഷ പ്രചാരണവുമല്ല. വർഗീയത ഒരു നാടിനെയും വളർത്തിയിട്ടില്ല; തളർത്തുകയേ ചെയ്തിട്ടുള്ളൂ. ഗ്യാൻവാപി മസ്ജിദിനു നേരെ തിരിയുന്നവർ, ബാബരി മസ്ജിദിന്റെ തകർച്ചക്കുവേണ്ടി പണിയെടുത്തവരുടെ ഭാവി എന്തായി എന്ന കാര്യം പഠിക്കുന്നത് നല്ലതാണ്. നിരവധി കർസേവകർ ഇസ്‌ലാമിനെക്കുറിച്ച് പഠിച്ച് മുസ്‌ലിംകളായി. പള്ളി പൊളിച്ചതിന് പ്രായച്ഛിത്തമായി നിരവധി പള്ളികൾ നിർമിച്ച വ്യക്തിപോലും അവർക്കിടയിലുണ്ടായി! ചിലർ കടുത്ത മാനസിക സംഘർഷത്താൽ ജീവനൊടുക്കി. കർസേവകർക്ക് നേതൃത്വം നൽകിയ അദ്വാനി, മുരളി മനോഹർ ജോഷി, ഉമാഭാരതി എന്നിവരുടെ രാഷ്ട്രീയ ഭാവി എന്തായി എന്ന് എല്ലാവരും കണ്ടതാണ്. മസ്ജിദ് തകർക്കുന്നതിൽ മൗനം ദീക്ഷിച്ച നരസിംഹറാവുവിന് പിന്നീട് ഇന്ത്യൻ രാഷ്ട്രിയത്തിൽ എന്തു സംഭവിച്ചു എന്നതും നാം ദർശിച്ചതാണ്.

അല്ലാഹുവിന്റ ഭവനമാണ് ഓരോ പള്ളിയും. അതിന്റെ നാശത്തിനുവേണ്ടി പ്രവർത്തിക്കുന്നവർക്ക് അല്ലാഹു നൽകുന്ന താക്കീത് ശക്തമാണ്. എക്കാലത്തേക്കുമുള്ള താക്കീതാണിത്.

"അല്ലാഹുവിന്റെ പള്ളികളിൽ അവന്റെ നാമം പ്രകീർത്തിക്കപ്പെടുന്നതിന് തടസ്സമുണ്ടാക്കുകയും, അവയുടെ (പള്ളികളുടെ) തകർച്ചയ്ക്കായി ശ്രമിക്കുകയും ചെയ്തവനെക്കാൾ വലിയ അതിക്രമകാരി ആരുണ്ട്? ഭയപ്പാടോടുകൂടിയല്ലാതെ അവർക്ക് ആ പള്ളികളിൽ പ്രവേശിക്കാവതല്ലായിരുന്നു. അവർക്ക് ഇഹലോകത്ത് നിന്ദ്യതയാണുള്ളത്. പരലോകത്താകട്ടെ കഠിനശിക്ഷയും" (ക്വുർആൻ 2:114).

അബ്‌റഹത്തിന്റെ ആനപ്പടയെ ചെറിയ പക്ഷിക്കൂട്ടങ്ങളെ അയച്ച് നശിപ്പിച്ച കഥ ഓർമിപ്പിക്കുന്ന സുറതുൽ ഫീലും ഇതിനോട് ചേർത്തുവായിക്കേണ്ടതാണ്. ■



അബ്ദുർറഹ്മാനുബ്നു നാസിറുസ്സഅ്ദി
വിവർത്തനം: ഹാരിസ് ബിൻ സലീം
✆:95444 92089



അധ്യായം: 47

# മുഹമ്മദ്

(മദീനയിൽ അവതരിച്ചത്)

وَمِنْهُم مَّن يَسْتَمِعُ إِلَيْكَ حَتَّىٰٓ إِذَا خَرَجُوا۟ مِنْ
عِندِكَ قَالُوا۟ لِلَّذِينَ أُوتُوا۟ ٱلْعِلْمَ مَاذَا قَالَ ءَانِفًا ۚ
أُو۟لَٰٓئِكَ ٱلَّذِينَ طَبَعَ ٱللَّهُ عَلَىٰ قُلُوبِهِمْ وَٱتَّبَعُوٓا۟
أَهْوَآءَهُمْ ﴿١٦﴾

وَٱلَّذِينَ ٱهْتَدَوْا۟ زَادَهُمْ هُدًى وَءَاتَىٰهُمْ تَقْوَىٰهُمْ
﴿١٧﴾

فَهَلْ يَنظُرُونَ إِلَّا ٱلسَّاعَةَ أَن تَأْتِيَهُم بَغْتَةً ۖ فَقَدْ
جَآءَ أَشْرَاطُهَا ۚ فَأَنَّىٰ لَهُمْ إِذَا جَآءَتْهُمْ ذِكْرَىٰهُمْ
﴿١٨﴾

فَٱعْلَمْ أَنَّهُۥ لَآ إِلَٰهَ إِلَّا ٱللَّهُ وَٱسْتَغْفِرْ
لِذَنۢبِكَ وَلِلْمُؤْمِنِينَ وَٱلْمُؤْمِنَٰتِ ۗ وَٱللَّهُ يَعْلَمُ
مُتَقَلَّبَكُمْ وَمَثْوَىٰكُمْ ﴿١٩﴾

16. അവരുടെ കൂട്ടത്തിൽ നീ പറയുന്നത് ശ്രദ്ധിച്ച് കേൾക്കുന്ന ചിലരുണ്ട്. എന്നാൽ നിന്റെ അടുത്തുനിന്ന് അവർ പുറത്ത് പോയാൽ വേദവിജ്ഞാനം നൽകപ്പെട്ടവരോട് അവർ(പരിഹാസപൂർവം) പറയും: എന്താണ് ഇദ്ദേഹം ഇപ്പോൾ പറഞ്ഞത്? അത്തരക്കാരുടെ ഹൃദയങ്ങളിന്മേലാകുന്നു അല്ലാഹു മുദ്ര വെച്ചിരിക്കുന്നത്. തങ്ങളുടെ തന്നിഷ്ടങ്ങളെ പിൻപറ്റുകയാണവർ ചെയ്തത്.

17. സന്മാർഗം സ്വീകരിച്ചവരാകട്ടെ, അല്ലാഹു അവർക്ക് കൂടുതൽ മാർഗദർശനം നൽകുകയും അവർക്ക് വേണ്ടതായ സൂക്ഷ്മത അവർക്ക് നൽകുകയും ചെയ്യുന്നതാണ്.

18. ഇനി ആ (അന്ത്യ) സമയം പെട്ടെന്ന് അവർക്ക് വന്നെത്തുന്നതല്ലാതെ മറ്റുവല്ലതും അവർക്കു കാത്തിരിക്കാനുണ്ടോ? എന്നാൽ അതിന്റെ അടയാളങ്ങൾ വന്നുകഴിഞ്ഞിരിക്കുന്നു. അപ്പോൾ അത് അവർക്കു വന്നുകഴിഞ്ഞാൽ അവർക്കുള്ള ഉൽബോധനം അവർക്കെങ്ങനെ പ്രയോജനപ്പെടും?

19. ആകയാൽ അല്ലാഹുവല്ലാതെ യാതൊരു ദൈവവുമില്ലെന്ന് നീ മനസ്സിലാക്കുക. നിന്റെ പാപത്തിന് നീ പാപമോചനം തേടുക. സത്യവിശ്വാസികൾക്കും സത്യവിശ്വാസിനികൾക്കും വേണ്ടിയും (പാപമോചനം തേടുക). നിങ്ങളുടെ പോക്കുവരവും നിങ്ങളുടെ താമസവും അല്ലാഹു അറിയുന്നുണ്ട്.

وَيَقُولُ ٱلَّذِينَ ءَامَنُوا۟ لَوْلَا نُزِّلَتْ سُورَةٌ ۖ فَإِذَآ
أُنزِلَتْ سُورَةٌ مُّحْكَمَةٌ وَذُكِرَ فِيهَا ٱلْقِتَالُ ۙ
رَأَيْتَ ٱلَّذِينَ فِى قُلُوبِهِم مَّرَضٌ يَنظُرُونَ
إِلَيْكَ نَظَرَ ٱلْمَغْشِىِّ عَلَيْهِ مِنَ ٱلْمَوْتِ ۖ فَأَوْلَىٰ
لَهُمْ ﴿٢٠﴾

طَاعَةٌ وَقَوْلٌ مَّعْرُوفٌ ۚ فَإِذَا عَزَمَ ٱلْأَمْرُ فَلَوْ
صَدَقُوا۟ ٱللَّهَ لَكَانَ خَيْرًا لَّهُمْ ﴿٢١﴾

20. സത്യവിശ്വാസികൾ പറയും: ഒരു സൂറത്ത് അവതരിപ്പിക്കപ്പെടാത്തതെന്താണ്? എന്നാൽ ഖണ്ഡിതമായ നിയമങ്ങളുള്ള ഒരു സൂറത്ത് അവതരിപ്പിക്കപ്പെടുകയും അതിൽ യുദ്ധത്തെപ്പറ്റി പ്രസ്താവിക്കപ്പെടുകയും ചെയ്താൽ ഹൃദയങ്ങളിൽ രോഗമുള്ളവർ, മരണം ആസന്നമായതിനാൽ ബോധരഹിതനായ ആൾ നോക്കുന്നതുപോലെ നിന്റെ നേർക്ക് നോക്കുന്നതായി കാണാം. എന്നാൽ അവർക്ക് ഏറ്റവും അനുയോജ്യമായത് തന്നെയാണത്.

21. അനുസരണവും ഉചിതമായ വാക്കുമാണ് വേണ്ടത്. എന്നാൽ കാര്യം തീർച്ചപ്പെട്ടുകഴിഞ്ഞപ്പോൾ അവർ അല്ലാഹുവോട് സത്യസന്ധത കാണിച്ചിരുന്നെങ്കിൽ അതായിരുന്നു അവർക്ക് കൂടുതൽ ഉത്തമം.

16) അല്ലാഹു പറയുന്നു: കപടവിശ്വാസികളിൽ (ശ്രദ്ധിച്ചുകേൾക്കുന്ന ചിലരുണ്ട്). നീ പറയുന്നത് സ്വീകരിക്കാനും കീഴ്പ്പെടാനും വേണ്ടിയല്ല, മറിച്ച് ഹൃദയങ്ങളെ അതിൽനിന്നും തിരിച്ചുകളയാൻ; അതാണ് അല്ലാഹു പറയുന്നത്: (എന്നാൽ നിന്റെ അടുത്തുനിന്ന് അവൻ പുറത്തുപോയാൽ വേദവിജ്ഞാനം നൽകപ്പെട്ടവരോട് അവർ പറയും) നീ പറഞ്ഞതിൽനിന്ന് മനസ്സിലാക്കുന്നവരായി, യാതൊരു താൽപര്യവുമില്ലാതെ കേട്ടതിനെക്കുറിച്ച് (എന്താണ് ഇദ്ദേഹം ഇപ്പോൾ പറഞ്ഞത്?) അതായത്, കുറച്ചു മുമ്പ്. ഇത് അവർക്കുള്ള ആക്ഷേപമാണ്. കാരണം അവർ നന്മയിൽ താൽപര്യമുള്ളവരാണെങ്കിൽ അവരത് ശ്രദ്ധിച്ചുകേൾക്കുകയും ഹൃദയങ്ങൾ ഭയപ്പെടുകയും അവരുടെ ശരീരം അതിന് കീഴ്പ്പെടുകയും ചെയ്യുമായിരുന്നു. എന്നാൽ മറിച്ചാണ് സംഭവിച്ചത്. അതാണ് അല്ലാഹു പറഞ്ഞത്; അത്തരക്കാരുടെ ഹൃദയങ്ങളിന്മേലാകുന്നു അല്ലാഹു മുദ്രവെച്ചിരിക്കുന്നത്. അതായത്, അതിൽ സീൽവെച്ചു. അസത്യം മാത്രം ഇഷ്ടപ്പെടുന്നവരും ദേഹേച്ഛകളെ പിൻതുടരുന്നവരുമായതിനാൽ നന്മയിലേക്കെത്താനുള്ള എല്ലാ വാതിലുകളും അല്ലാഹു അടക്കുകയും ചെയ്തു.

17) തുടർന്ന് സന്മാർഗം പ്രാപിച്ചവരുടെ അവസ്ഥയാണ് വിശദീകരിക്കുന്നത്. അല്ലാഹു പറയുന്നു: (സന്മാർഗം സ്വീകരിച്ചവരാകട്ടെ) വിശ്വസിക്കുകയും കീഴ്പ്പെടുകയും അല്ലാഹുവിന്റെ തൃപ്തിയെ പിൻതുടരുകയും ചെയ്തവർ. (അവർക്കവൻ മാർഗദർശനം വർധിപ്പിക്കുന്നു) അവർ സന്മാർഗം സ്വീകരിച്ചതിനുള്ള നന്ദിയായി. (അവർക്ക് വേണ്ടതായ സൂക്ഷ്മത അവർക്ക് നൽകുകയും ചെയ്യുന്നതാണ്) അതായത്, നന്മക്കുള്ള അവസരവും ദോഷങ്ങളിൽനിന്നുള്ള സംരക്ഷണവും. സന്മാർഗം സ്വീകരിച്ചവർക്ക് രണ്ട് പ്രതിഫലം ഇവിടെ പറയുന്നു; പ്രയോജനകരമായ അറിവും സൽപ്രവർത്തനവും.

18) അതായത് ഈ നിഷേധികൾക്ക് കാത്തിരിക്കാനുള്ളത് (ഇനി ആ സമയം പെട്ടെന്ന് അവർക്ക് വന്നെത്തുന്നതല്ലാതെ). അതായത് അവരറിയാതെ പെട്ടെന്ന്. (എന്നാൽ അതിന്റെ അടയാളങ്ങൾ വന്നുകഴിഞ്ഞിരിക്കുന്നു) അത് വരാനായിരിക്കുന്നു എന്നറിയിക്കുന്ന അടയാളങ്ങൾ. (അപ്പോൾ അതവർക്ക് വന്നുകഴിഞ്ഞാൽ അവർക്കുള്ള ഉൽബോധനം അവർക്കെങ്ങനെ പ്രയോജനപ്പെടും?) ആ അന്ത്യദിനം വരികയും അവരുടെ അവധി അവസാനിക്കുകയും ചെയ്താൽ ഉൽബുദ്ധരാവാനും തിന്മകളിൽനിന്ന് ഖേദിച്ചുമടങ്ങാനും അവർക്കെങ്ങനെ കഴിയും? അത് നഷ്ടപ്പെടുന്നതിനെക്കുറിച്ച് ആലോചിക്കാനുള്ള സമയം കഴിഞ്ഞുപോവുകയും ചെയ്തു. ആലോചിക്കുന്നവന് ആലോചിക്കാൻ മാത്രമുള്ള ആയുസ്സ് ലഭിച്ചു, മുന്നറിയിപ്പുകാരൻ വരികയും ചെയ്തു. മരണം പെട്ടെന്ന് വരുന്നതിന്റെ മുമ്പ് തയ്യാറെടുക്കാനുള്ള പ്രേരണയും ഇതിലടങ്ങിയിട്ടുണ്ട്. ഒരു മനുഷ്യന്റെ മരണം അവന്റെ അന്ത്യദിനമാണ്.

19) വിജ്ഞാനത്തിൽ നിർബന്ധമാണ് ഹൃദയത്തിന്റെ അംഗീകാരവും വിജ്ഞാനം താൽപര്യപ്പെടുന്നത് മനസ്സിലാക്കലും. അതനുസരിച്ച് പ്രവർത്തിക്കുക കൂടി ചെയ്യുമ്പോൾ അറിവ് പൂർത്തിയായി. ഇതാണ് അല്ലാഹു നിർദേശിച്ച അറിവ് എന്നത്. ആ അറിവ് അവന്റെ ഏകത്വത്തെക്കുറിച്ചുള്ളതാണ്. എല്ലാ മനുഷ്യനും നിർബന്ധമായ അറിവ്. ഒരാൾക്കും അത്

നഷ്ടപ്പെട്ടുകൂടാ. എല്ലാവരും അത് അറിയാൻ നിർബന്ധിതരാണ്.

അല്ലാഹു അല്ലാതെ ആരാധ്യനില്ല എന്ന അറിവിലേക്കെത്തിക്കുന്ന വഴിയിൽ ചില വിഷയങ്ങളുണ്ട്. അതിലൊന്ന് ഏറ്റവും ഗൗരവമുള്ളത്, അല്ലാഹുവിന്റെ മഹത്ത്വവും പൂർണത യും മനസ്സിലാക്കിത്തരുന്ന അവന്റെ നാമങ്ങൾ, വിശേഷണങ്ങൾ, പ്രവർത്തനങ്ങൾ എന്നിവയെക്കുറിച്ച് പഠിക്കലാണ്. എല്ലാ സ്തുതിക്കും മഹത്ത്വത്തിനും അവകാശിയായ പരിപൂർണനായ രക്ഷിതാവിനെ ആരാധ്യനാക്കുകയും ചെയ്യുക. ആരാധിക്കാനുള്ള അർഹത അവന് നൽകി, പരിശ്രമം ചെയ്യാൻ ആ അറിവ് അവനെ ബാധ്യസ്ഥനാക്കണം.

രണ്ടാമത്തേത്; സൃഷ്ടിപ്പിലും നിയന്ത്രണത്തിലുമെല്ലാം അല്ലാഹു ഏകനാണെന്ന് അറിയലാണ്, അതിലൂടെ ആരാധനക്കുള്ള അർഹതയിലും അവനേകനാണെന്ന് അറിയുന്നു.

മൂന്നാമത്തേത്; മതപരവും ഭൗതികവുമായ, പ്രത്യക്ഷവും പരോക്ഷവുമായ അനുഗ്രഹങ്ങ ൾ തരുന്നതും അവൻ മാത്രമാണെന്ന് അറിയലാണ്. അത് ഹൃദയത്തെ അവനിൽ ബന്ധിപ്പിക്കാനും അവനെ സ്നേഹിക്കാനും അവനെ ആരാധ്യനായി സ്വീകരിക്കാനും അവന് പങ്കുകാരില്ലെന്നും അവൻ ഏകനാണെന്നും അംഗീകരിക്കാനും ബാധ്യതപ്പെടുത്തുന്നു.

നാലാമത്തേത്; അല്ലാഹുവിന്റെ തൗഹീദിനെ നിർവഹിക്കുന്ന മിത്രങ്ങൾക്ക് ഇരുലോകത്തും നൽകുന്ന അനുഗ്രഹങ്ങളും സഹായങ്ങളും പ്രതിഫലമായി ലഭിക്കുന്നു എന്നതാണ്. അവന്റെ ശത്രുക്കളായ ബഹുദൈവവിശ്വാസികൾക്ക് നൽകുന്ന ശിക്ഷയെക്കുറിച്ചുള്ള അറിവ് അല്ലാഹു മാത്രമാണ് ആരാധനയ്ക്ക് അർഹൻ എന്ന അറിവിലേക്ക് നയിക്കുന്നു.

അഞ്ചാമത്തേത്; അല്ലാഹുവോടൊപ്പം ആരാധിക്കുകയും ആരാധ്യന്മാരായി സ്വീകരിക്കുകയും ചെയ്യുന്ന തുല്യതപ്പെടുത്തുന്നവരുടെയും പ്രതിമകളുടെയും വിശദീകരണങ്ങൾ, എല്ലാ നിലയ്ക്കും അവ അപൂർണതയുള്ളവരാണ്, അവർ തന്നെ ആശ്രയിക്കേണ്ടവരാണ്, അവരെ ആരാധിക്കുന്നവർക്ക് ഉപകാരമോ ഉപദ്രവമോ ജീവിതമോ മരണമോ ഉയിർത്തെഴുന്നേൽപോ ഉടമപ്പെടുത്തുന്നില്ല, ദോഷം തടുത്തോ ഗുണംവരുത്തിയോ ഒരു അണുമണിത്തൂക്കം സഹായം തങ്ങളെ ആരാധിക്കുന്നവർക്ക് പ്രയോജനം ചെയ്യാത്തവർ. ഇതെല്ലാം അറിയുമ്പോൾ അല്ലാഹുവല്ലാതെ ആരാധ്യനില്ലെന്നും അവനല്ലാത്തവരുടെ ആരാധ്യത നിരർഥകമാണെന്നും മനസ്സിലാക്കേണ്ടിവരുന്നു.

ആറാമത്തേത്; അല്ലാഹുവിന്റെ എല്ലാ വേദഗ്രന്ഥങ്ങളും ഈ ഒരാശയത്തിൽ യോജിക്കുന്നു എന്നതും അറിയണം.

ഏഴാമത്തേത്; അറിവിലും ബുദ്ധിയിലും ചിന്തയിലും സ്വഭാവത്തിലും സമ്പൂർണരായ, അല്ലാഹുവിന്റെ പ്രത്യേക സൃഷ്ടികൾ; അവരാണ് നബിമാരും ദൂതന്മാരും പുണ്യവാന്മാരായ പണ്ഡിതരും. അവരതിൽ അല്ലാഹുവിന് സാക്ഷികളാവുകയും ചെയ്യുന്നു.

എട്ടാമത്തേത്; പ്രപഞ്ചത്തിലും ശരീരത്തിലും അല്ലാഹു നിലനിർത്തിയ തെളിവുകൾ അവന്റെ ഏകത്വത്തിനുള്ള ഏറ്റവും വലിയ തെളിവുകളാണ്. അല്ലാഹുവിന്റെ സൃഷ്ടിപ്പിലെ സൂക്ഷ്മതയും അറിവിലെ യുക്തിഭദ്രതയും സൃഷ്ടിപ്പിലെ അത്ഭുതവുമെല്ലാം അവ വിളിച്ചുപറയുന്നുണ്ട്. ഈ മാർഗത്തിലൂടെയാണ് 'ലാ ഇലാഹ ഇല്ലല്ലാഹു'വിലേക്ക്, മനുഷ്യരെ അല്ലാഹു ഏറ്റവും അധികം പ്രബോധനം ചെയ്യുന്നത്. അവന്റെ ഗ്രന്ഥത്തിൽ അതവൻ വ്യക്തമാക്കിയിട്ടുണ്ട്. അതിൽ ചിലതിനെക്കുറിച്ച് മാത്രം ഒരടിമ ചിന്തിച്ചാൽ മതി. അതുമൂലം അവന് ദൃഢജ്ഞാനവും അറിവും ലഭിക്കും. എന്നാൽ ഇവയെല്ലാം കൂടി ഒരുമിച്ച് കൂടുകയും യോജിക്കുകയും അവന്റെ ഏകത്വത്തിന് എല്ലാ ഭാഗത്തുനിന്നുമുള്ള തെളിവാകുകയും ചെയ്താൽ എന്തായിരിക്കും അവസ്ഥ? അപ്പോൾ ഒരടിമയുടെ ഹൃദയത്തിൽ അതിനെക്കുറിച്ചുള്ള അറിവും വിശ്വാസവും വേരുറക്കുന്നു; ഉറച്ച പർവതങ്ങളെപ്പോലെ. സംശയമോ വിചാരങ്ങളോ അതിനെ ഇളക്കുകയില്ല. സംശയവും അസത്യവും എത്ര ആവർത്തിച്ചാലും ആ വിശ്വാസം വളരുകയും പൂർണമാവുകയും മാത്രമെ ചെയ്യൂ. ഏറ്റവും മഹത്തായ തെളിവ് അല്ലെങ്കിൽ വലിയ കാര്യം ഏതാണെന്ന് നീ നോക്കിയാൽ അത് ക്വുർആനിന്റെ വചനങ്ങളിൽ ചിന്തിക്കുക എന്നതാണ്. അതാണ് തൗഹീദിന്റെ അറിവിലേക്കുള്ള ഏറ്റവും മഹത്തായ വാതിൽ, പൊതുവിലും വിശദമായും മറ്റൊന്നിൽനിന്നും ലഭിക്കാത്തത് അതിൽ നിന്ന് ലഭിക്കും.

(നിന്റെ പാപത്തിന് നീ പാപമോചനം തേടുക) നിന്റെ പാപത്തിന് അല്ലാഹുവിൽനിന്ന് നീ പാപമോചനം തേടുക. ഖേദിച്ചും പാപമോചനത്തിന് പ്രാർഥിച്ചും തിന്മയെ മായ്ക്കാവുന്ന നന്മകൾ വർധിപ്പിച്ചും പാപങ്ങൾ ഉപേക്ഷിച്ചും കുറ്റങ്ങളിൽ വിട്ടുവീഴ്ച ചെയ്തും പാപപരിഹാരത്തിന്റെ കാരണങ്ങൾ ഉണ്ടാക്കണം. സത്യവിശ്വാസികൾക്കും വിശ്വാസിനികൾക്കും വേണ്ടിയും നീ പാപമോചനം തേടുക.

വിശ്വസിച്ചു എന്ന കാരണത്താൽ എല്ലാ മുസ്‌ലിം സ്ത്രീക്കും പുരുഷനും ചില അവകാശങ്ങളുണ്ട്. ആ അവകാശങ്ങളുടെ കൂട്ടത്തിൽ പെട്ടതാണ് അവർക്കുവേണ്ടി പ്രാർഥിക്കപ്പെടാനും പാപമോചനം തേടപ്പെടാനുമുള്ള അവകാശം. പാപമോചനം തേടാൻ കൽപിക്കുമ്പോൾ അതിൽ തന്നെയുണ്ട് അവരുടെ തെറ്റുകൾ നീക്കിക്കൊടുക്കാനും അവരുടെ ശിക്ഷ ഒഴിവാക്കിക്കൊടുക്കാനുമുള്ള നിർദേശം. അതിന്റെ അനിവാര്യതയിൽപെട്ടതാണ് അവരോടുള്ള ഗുണ

കാംക്ഷയും നന്മയിൽ താൻ തനിക്കുവേണ്ടി ഇഷ്ടപ്പെടുന്നത് അവർക്കുവേണ്ടി ഇഷ്ടപ്പെടുകയും തനിക്കുവേണ്ടി വെറുക്കുന്നത് അവർക്ക് വേണ്ടി വെറുക്കുകയും ചെയ്യുന്നത്. നന്മയുള്ളത് അവരോട് കൽപിക്കുകയും ദോഷകരമായത് വിരോധിക്കുകയും വേണം. അവരുടെ കുറവുകൾക്കും ദോഷങ്ങങ്ങൾക്കും വിട്ടുവീഴ്ച ചെയ്യണം. അവരുടെ ഐക്യത്തിനും ഹൃദയങ്ങളുടെ ഇണക്കത്തിനും താൽപര്യം കാണിക്കണം. ഭിന്നിപ്പിലേക്കും ശത്രുതയിലേക്കും എത്തിക്കുന്ന വിദ്വേഷങ്ങളെ അവർക്കിടയിൽനിന്ന് ഇല്ലായ്മ ചെയ്യണം. അതെല്ലാം തിന്മകളെ ഉണ്ടാക്കും. (നിങ്ങളുടെ പോക്കുവരവും അല്ലാഹു അറിയുന്നുണ്ട്) നിങ്ങളുടെ ക്രയവിക്രയങ്ങളും ചലനങ്ങളും പോക്കുവരവുകളും. (താമസവും) നിങ്ങൾ തങ്ങുന്നത്, നിങ്ങളുടെ ചലനങ്ങളിലും അടക്കങ്ങളിലും അവൻ നിങ്ങളെ അറിഞ്ഞുകൊണ്ടിരിക്കുന്നു. അതിനെല്ലാം സമ്പൂർണമായ പ്രതിഫലം നിങ്ങൾക്ക് തരും.

20,21) അല്ലാഹു പറയുന്നു: (സത്യവിശ്വാസികൾ പറയും) ബുദ്ധിമുട്ടുണ്ടാക്കുന്ന കൽപനകൾ ഇറക്കിത്തരാൻ ധൃതിപ്പെട്ടും വേഗതകാണിച്ചും. (ഒരു സൂറത്ത് അവതരിപ്പിക്കപ്പെടാത്തതെന്താണ്?) യുദ്ധത്തിന് കൽപിക്കുന്ന ഒരധ്യായം. (എന്നാൽ ഖണ്ഡിതമായ നിയമങ്ങളുള്ള ഒരു സൂറത്ത് അവതരിപ്പിക്കപ്പെടുകയും) പ്രവർത്തിക്കൽ നിർബന്ധമുള്ള. (അതിൽ യുദ്ധത്തെപ്പറ്റി പ്രസ്താവിക്കപ്പെടുകയും ചെയ്താൽ) ആളുകൾക്ക് ഏറ്റവും പ്രയാസമുള്ള കാര്യം. ഇത്തരം കൽപനകൾ നടപ്പിലാക്കുന്നതിൽ ദുർബല വിശ്വാസമുള്ളവർ ഉറച്ചുനിൽക്കില്ല. അതാണ് അല്ലാഹു പറഞ്ഞത്: (ഹൃദയങ്ങളിൽ രോഗമുള്ളവർ -മരണം ആസന്നമായതിനാൽ ബോധരഹിതനായ ആൾ നോക്കുന്നതുപോലെ- നിന്റെ നേർക്ക് നോക്കുന്നതായി കാണാം) അതിനോടുള്ള അനിഷ്ടവും പ്രയാസവും കാരണം. സമാനമായ മറ്റൊരു വചനം

أَلَمْ تَرَ إِلَى ٱلَّذِينَ قِيلَ لَهُمْ كُفُّوٓا۟ أَيْدِيَكُمْ وَأَقِيمُوا۟ ٱلصَّلَوٰةَ وَءَاتُوا۟ ٱلزَّكَوٰةَ فَلَمَّا كُتِبَ عَلَيْهِمُ ٱلْقِتَالُ إِذَا فَرِيقٌ مِّنْهُمْ يَخْشَوْنَ ٱلنَّاسَ كَخَشْيَةِ ٱللَّهِ أَوْ أَشَدَّ خَشْيَةً

"-നിങ്ങൾ യുദ്ധത്തിന് പോകാതെ -കൈകൾ അടക്കിവെക്കുകയും നമസ്കാരം മുറപ്രകാരം നിർവഹിക്കുകയും സകാത്ത് നൽകുകയും ചെയ്യുവിൻ എന്ന് നിർദേശിക്കപ്പെട്ടിരുന്ന ഒരു കൂട്ടരെ നീ കണ്ടില്ലേ? പിന്നീട് അവർക്ക് യുദ്ധം നിർബന്ധമായി നിശ്ചയിക്കപ്പെടുമ്പോൾ അവരിൽ ഒരുവിഭാഗമതാ അല്ലാഹുവെ ഭയപ്പെടുംപോലെയോ അതിനെക്കാൾ ശക്തമായ നിലയിലോ ജനങ്ങളെ ഭയപ്പെടുന്നു" (4:77).

തുടർന്ന് അല്ലാഹു അവർക്ക് ഏറ്റവും പറ്റിയ കാര്യത്തിലേക്ക് അവരെ ക്ഷണിക്കുന്നു. (എന്നാൽ അവർക്ക് ഏറ്റവും അനുയോജ്യമായത് തന്നെയാണത്. അനുസരണവും ഉചിതമായ വാക്കുമാണ് വേണ്ടത്) അവർക്ക് നിർബന്ധമായ നിലവിലുള്ള കൽപന സ്വീകരിക്കലാണ് അവർക്ക് ഏറ്റവും ഉചിതം. മനസ്സിന്റെ ശക്തി അതിൽ കേന്ദ്രീകരിക്കുക. അവർക്ക് ബുദ്ധിമുട്ടുള്ളത് മതനിയമമാക്കാൻ ആവശ്യപ്പെടാതിരിക്കുക. അല്ലാഹു നൽകുന്ന വിട്ടുവീഴ്ചയിലും സൗഖ്യത്തിലും സന്തോഷിക്കുകയും ചെയ്യുക. (എന്നാൽ കാര്യം തീർച്ചപ്പെട്ട് കഴിഞ്ഞപ്പോൾ) നിർബന്ധ പ്രാധാന്യമുള്ള കൽപന അവർക്ക് വന്നപ്പോൾ, അവർ കാണിച്ചിരുന്നുവെങ്കിൽ (അല്ലാഹുവോട് സത്യസന്ധത) ഈ സന്ദർഭത്തിൽ അല്ലാഹുവോട് സഹായം തേടിയും അവന്റെ കൽപന നിർവഹിക്കാൻ പരിശ്രമിച്ചും. (അതായിരുന്നു അവർക്ക് കൂടുതൽ ഉത്തമം) പലനിലക്കും.

അതിലൊന്ന്: മനുഷ്യൻ എല്ലാ നിലക്കും അപൂർണനാണ്. അല്ലാഹുവിന്റെ സഹായമില്ലാതെ അവനൊന്നും സാധ്യമല്ല. ആ സന്ദർഭത്തിൽ നിർവഹിക്കാൻ കഴിയുന്നതല്ലാതെ ആവശ്യപ്പെടരുത്. ഭാവിയിൽ ചെയ്യേണ്ട കാര്യങ്ങളെക്കുറിച്ച് ഒരാൾ ആലോചിച്ചിരുന്നത്, ഭാവിയിലും ഇപ്പോഴും ചെയ്യേണ്ട കാര്യങ്ങളെ ദുർബലമാക്കും. ഇപ്പോഴുള്ളത് അവന് ചെയ്യാൻ കഴിയാത്തത് അവന്റെ ശ്രദ്ധ മറ്റൊന്നിലേക്ക് മാറുന്നതുകൊണ്ടാണ്. കാരണം മനസ്സിന്റെ ശ്രദ്ധയോടൊപ്പമാണ് പ്രവർത്തനങ്ങൾ. ഭാവിയിലുള്ളത് ചെയ്യാൻ കഴിയാത്തത് അത് വരുമ്പോഴേക്കും അവന്റെ ശ്രദ്ധ നഷ്ടപ്പെട്ടിരിക്കും. അങ്ങനെ അത് അവന് ചെയ്യാൻ കഴിയാതെ വരും.

മറ്റൊന്ന്: ഭാവികാര്യങ്ങളിൽ പ്രതീക്ഷവെക്കുന്ന ഒരാൾ, നിലവിലുള്ള കാര്യങ്ങൾ ചെയ്യാൻ അയാൾക്ക് മടിയുണ്ടെങ്കിലും ഭാവി കാര്യങ്ങൾ ചെയ്യാമെന്ന് തന്റെ കഴിവിൽ വിശ്വസിച്ച് തീരുമാനിച്ചുറപ്പിച്ചവനെപ്പോലെ തന്നെയാണ്. അവനും പരാജിതനാകാതെ താൻ ഉദ്ദേശിക്കുന്ന കാര്യങ്ങളിൽ തന്റെ മനസ്സിനെ പിടിച്ചുനിർത്താനാകും. അതിനാൽ ഒരാൾ തന്റെ ശ്രദ്ധയും ചിന്തയും താൽപര്യവുമെല്ലാം നിലവിലുള്ളതിൽ കേന്ദ്രീകരിക്കണം. തന്റെ കഴിവനുസരിച്ച് കാര്യങ്ങൾ ചെയ്യണം. പിന്നീട് ഓരോ സമയം വരുമ്പോഴും അതിനെ ഉന്മേഷത്തോടെയും ഉയർന്ന മനശ്ശക്തിയോടെയും സ്വീകരിക്കണം; തന്റെ രക്ഷിതാവിൽ സഹായം തേടിക്കൊണ്ട്. ഇത്തരം ആളുകൾ ജീവിതത്തിലെ എല്ലാ കര്യങ്ങളിലും അല്ലാഹുവിന്റെ സഹായത്തിന് അർഹരായുള്ളവരാണ്. ■



# തടവറയിൽ വിരിയുന്ന പൂക്കൾ

**സബീൽബിൻ അബ്ദുസ്സലാം, പട്ടാമ്പി**

അടുത്തിടെ ഒരു ലേഖനം ശ്രദ്ധയിൽപെടുകയുണ്ടായി. അമേരിക്കയിലെ ജയിലുകളിൽ കഴിയുന്ന കുറ്റവാളികൾക്കിടയിൽ ഇസ്‌ലാംമതം സ്വീകരിക്കുന്നവരുടെ എണ്ണം വർധിച്ചുവരുന്നു എന്നതാണ് ആ ലേഖനത്തിന്റെ ഉള്ളടക്കം. ഇവ്വിഷയകമായി അൽജസീറ, സി.എൻ.എൻ തുടങ്ങിയ അന്താരാഷ്ട്രാ മാധ്യമങ്ങൾ പ്രസിദ്ധീകരിച്ച വാർത്തയും കൂടി പിന്നീട് ശ്രദ്ധയിൽപെട്ടു. അമേരിക്കൻ ജയിൽവാസികളിൽ പുതിയ മതം സ്വീകരിക്കുന്നവരിൽ 80% പേരും ഇസ്‌ലാംമതമാണു പരിഗണിക്കുന്നത് എന്നാണു ബ്ലൂംബെർഗ് മാസിക (2018, ഫെബ്രുവരി 4ലെ ലേഖനം) പ്രസിദ്ധീകരിച്ച കണക്ക്. യുഎസ്സിലെ ജയിലുകളിൽ ഏറ്റവും വേഗത്തിലും ഏറ്റവും അധികവും സ്വീകരിക്കപ്പെടുന്ന മതമാണ് ഇസ്‌ലാം എന്നും അതേ ലേഖനത്തിൽ പറയുന്നു. എഫ്. ബി. ഐ 2003ൽ പുറത്തുവിട്ട കണക്കുപ്രകാരം അമേരിക്കയിലെ വിവിധ ജയിലുകളിലായി ഓരോ കൊല്ലവും ഏകദേശം 30,000/40,000 പേർ ഇസ്‌ലാം സ്വീകരിക്കുന്നുണ്ട് എന്ന് പറയുന്നു.(Referance: Hasan, Asma Gull (2002). American Muslims: The New Generation Second Edition. Bloomsbury Academic. pp. 75-78).

ഈ കണക്കുകൾ കൗതുകകരമായി തോന്നിയപ്പോൾ ഇവ്വിഷയകമായി വിശദമായി ഒന്നുകൂടി പഠിക്കണമെന്ന് തോന്നി. കൂടുതൽ പരിശോധനയിൽ നിന്ന് മനസ്സിലായത് അമേരിക്കൻ ജയിലുകളിൽ മാത്രമല്ല, മറിച്ച് ഫ്രാൻസിലും ഓസ്ട്രേലിയയിലും ബ്രിട്ടണിലുമൊക്കെയുള്ള ജയിൽവാസികളിലും നിരവധിപേർ ഇസ്‌ലാം സ്വീകരിക്കുന്നുണ്ട് എന്നാണ്. 2011ലെ കണക്ക് പ്രകാരം ബ്രിട്ടണിലെ ജയിലുകളിലെ ആകെ മുസ്‌ലിംകളുടെ കൂട്ടത്തിൽ 30% പേരും

**ജയിൽപുള്ളികളെ കുറിച്ച് പൊതുവെയുള്ള സമൂഹത്തിന്റെ ധാരണ അവർ കഠിനഹൃദയരും കുറ്റവാസനയുള്ളവരുമൊക്കെയാണ് എന്നതാണ്. ഒരു പരിധിവരെ ഇത് ശരിയാണ്. എന്നാൽ സാഹചര്യങ്ങൾ മൂലം കുറ്റം ചെയ്തുപോകുന്നവരും കുറ്റവാളികളായി മറ്റുള്ളവരാൽ മുദ്ര കുത്തപ്പെടുന്നവരുമെല്ലാമുണ്ട് ഇക്കൂട്ടത്തിൽ. ഏതൊരു കുറ്റവാളിയുടെയും ഉള്ളിൽ ഒരു മൃദുല ഹൃദയം ഉണ്ട് എന്നതാണ് വാസ്തവം.**



ജയിലിൽവെച്ച് പുതുതായി ഇസ്‌ലാം സ്വീകരിച്ചവരായിരുന്നു (Referance : Kern, Soeren (2 August 2013). "Britain: Muslim Prison Population Up 200%". Gatestone Institute. Reterieved 23 April 2022).

ഓസ്ട്രേലിയയിലും സ്ഥിതി മറിച്ചല്ല. അവിടെയും ജയിലുകളിൽ ഭൂരിഭാഗം പേരും പുതുതായി സ്വീകരിക്കുന്ന മതം ഇസ്‌ലാമാണെന്ന് The Australian മാഗസിൻ പറയുന്നു. (Referance: "Muslim jailhouse converts on the rise." The Australian. 19 June 2015. Rterieved 24 March 2017).

ഓസ്ട്രേലിയൻ ജയിലധികൃതർ 2017ൽ "The Weekend Australian" മാഗസിനു നൽകിയ അഭിമുഖത്തിൽ പറഞ്ഞത് ഓസ്ട്രേലിയക്കാരായ വെളുത്തവരും ഗോത്രവർഗത്തിൽ (Aborigines) പെട്ടവരുമായ നിരവധിപേർ ജയിലിൽ വെച്ച് ഇസ്‌ലാം സ്വീകരിച്ചു എന്നാണ്.

എന്തായിരിക്കും ഇതിനു കാരണം? എന്തുകൊണ്ട് ജയിൽജീവിതം പശ്ചാത്താപത്തിനും പരിവർത്തനത്തിനും വേദിയാകുന്നു? എന്തുകൊണ്ട് അവർ ഇസ്‌ലാംമതം തെരഞ്ഞെടുക്കുന്നു? ഈ കാര്യങ്ങൾ നമുക്ക് പരിശോധനാവിധേയമാക്കാം.

### എന്തുകൊണ്ട് ജയിലുകൾ മാറ്റത്തിന്റെ കേന്ദ്രങ്ങളാകുന്നു?

ജയിൽപുള്ളികളെ കുറിച്ച് പൊതുവെയുള്ള സമൂഹത്തിന്റെ ധാരണ അവർ കഠിനഹൃദയരും കുറ്റവാസനയുള്ളവരുമൊക്കെയാണ് എന്നതാണ്. ഒരു പരിധിവരെ ഇത് ശരിയാണ്. എന്നാൽ സാഹചര്യങ്ങൾമൂലം കുറ്റം ചെയ്തുപോകുന്നവരും കുറ്റവാളികളായി മറ്റുള്ളവരാൽ മുദ്ര കുത്തപ്പെടുന്നവരുമെല്ലാമുണ്ട് ഇക്കൂട്ടത്തിൽ. ഏതൊരു കുറ്റവാളിയുടെയും ഉള്ളിൽ ഒരു മൃദുല ഹൃദയം ഉണ്ട് എന്നതാണ് വാസ്തവം. ദീർഘനാളത്തെ ജയിൽ ജീവിതം പലപ്പോഴും തന്നെത്തന്നെ തിരിച്ചറിയാനും മനം മാറ്റത്തിനും പശ്ചാത്തപിക്കാനും സാഹചര്യമൊരുക്കാറുണ്ട്, അനുകൂല ഘടകങ്ങളും സാഹചര്യങ്ങളും ഉണ്ടാകണമെന്ന് മാത്രം.

ജയിലിൽവെച്ച് മനംമാറ്റമുണ്ടായവരെ കുറിച്ച് നാം ധാരാളം കേട്ടിട്ടുണ്ട്. ഇതിനുള്ള കാരണം ജയിലറയിലെ ഏകാന്തത ചിന്തിക്കാനും തിരിച്ചറിയാനുമുള്ള നല്ലൊരു സാഹചര്യമാണ് എന്നതാണ്. ജയിൽ ജീവിതത്തിനിടക്ക് മനംമാറ്റം സംഭവിച്ചവരെ പറ്റിയും ഇഷ്ടപുസ്തകങ്ങൾ വായിച്ചുതീർത്തവരെ പറ്റിയും ഗ്രന്ഥങ്ങൾ രചിച്ചവരെക്കുറിച്ചുമൊക്കെ നാം കേട്ടിട്ടുണ്ട്.

ജയിലിനു പുറത്തുള്ള ലോകത്തെ മനുഷ്യർ നൂറുകൂട്ടം ചിന്തകളിൽ മുഴുകിയവരായിരിക്കും; ജോലി, കുടുംബം, വിനോദങ്ങൾ, ആഘോഷങ്ങൾ, യാത്രകൾ എന്നിങ്ങനെ പലപല ചിന്തകൾ. എന്നാൽ ജയിലിൽ ജീവിക്കുന്നവന് ഇവയൊന്നുമില്ല. പുറംലോകവുമായി ബന്ധമില്ല. ചിന്തിക്കാനും പഠിക്കാനും

മാറാനുമെല്ലാം അവസരവും സമയവുമുണ്ട്. എന്നാൽ മോശം കൂട്ടുകെട്ടിൽ ചേർന്ന് നശിച്ചുപോകാനുള്ള മറുസാധ്യതയും ഉണ്ട്.

**കൗൺസിലിംഗ് & റിഹാബിലിറ്റേഷൻ**

ലോകത്തെവിടെയായാലും ഗവൺമെന്റുകളും ജയിലധികൃതരും നേരിടുന്ന വലിയൊരു പ്രശ്നം തടവുശിക്ഷക്ക് ശേഷം പുറത്തിറങ്ങുന്ന പുള്ളികൾ ദിവസങ്ങൾക്കോ മാസങ്ങൾക്കോശേഷം വീണ്ടും കുറ്റവാളികളായി ജയിലിലേക്കു തന്നെ തിരിച്ചെത്തുന്നു എന്നതാണ്. രണ്ടാമത്തെ പ്രശ്നം വർഷങ്ങളായി ജയിലിൽ താമസിക്കുന്നവർ അനുഭവിക്കുന്ന മാനസിക സംഘർഷമാണ്. ഈ രണ്ട് പ്രശ്നങ്ങളും നേരിടാൻ മിക്ക ഗവണ്മെന്റുകളും സ്വീകരിക്കുന്ന മാർഗമാണ് അവർക്കാവശ്യമായ കൗൺസിലിംഗും മെന്റൽ റിഹാബിലിറ്റേഷനും നൽകുക എന്നത്. അമേരിക്ക പോലുള്ള രാജ്യങ്ങളിൽ ഇതിന്റെ ഭാഗമായി മതപരമായ കൗൺസിലിംഗും നൽകുന്നുണ്ട്. മതപരമായ അധ്യാപനങ്ങൾ കുറ്റവാളികളുടെ വ്യക്തിത്വത്തിലും സ്വഭാവത്തിലും കാര്യമായ മാറ്റങ്ങളുണ്ടാക്കുന്നു എന്നതാണ് അധികൃതരുടെ കണ്ടെത്തൽ. മാത്രവുമല്ല, ജയിലുകളിൽ മാനസിക സംഘർഷം അനുഭവിക്കുന്നവർക്ക് മതാധ്യാപനങ്ങൾ സമാധാനം നൽകുന്നു എന്നതും ഒരു വാസ്തവമാണ്.

ജയിൽവാസികളുടെ ആവശ്യങ്ങളനുസരിച്ച് ക്രിസ്ത്യൻ, ഇസ്‌ലാം മതവിഭാഗങ്ങളുടെ കൗൺസിലിംഗ് അവിടങ്ങളിൽ നൽകപ്പെടാറുണ്ട്. ഇതിനായി ജയിലധികൃതരുമായി സഹകരിച്ച് പ്രവർത്തിക്കുന്ന ക്രിസ്ത്യൻ ചർച്ചുകളും പള്ളികളും വളണ്ടിയർ സംഘടനകളുമൊക്കെ അമേരിക്കയിലുണ്ട്. 1960കളിൽ തന്നെ അമേരിക്കൻ ഗവണമെന്റിന്റെ അനുവാദത്തോടുകൂടി, അല്ലെങ്കിൽ നിർദേശത്തോടുകൂടി ന്യൂയോർക്കിലെ ജയിലുകളിൽ 'ഇസ്‌ലാമിക് കൗൺസിലിംഗ്' നൽകാനാരംഭിച്ച ഒരു ഇസ്‌ലാമിക് സംഘമാണു 'ദാറുസ്സലാം ഇസ്‌ലാമിക് കമ്യൂണിറ്റി.' ജയിൽവാസികൾക്കാവശ്യമായ ഭൗതികവും മതപരവുമായ കൗൺസിലിംഗ് സർവീസ് ഇവർ നൽകിപ്പോരുന്നു. കുറ്റവാളികൾക്കിടയിൽ മതമൂല്യങ്ങൾ വളർത്തുക, ലഹരിമുക്തരാക്കാൻ ശ്രദ്ധിക്കുക തുടങ്ങിയവയാണ് അവരുടെ പ്രവർത്തനങ്ങൾ. (അമേരിക്കൻ ജയിൽവാസികളിൽ വലിയൊരു വിഭാഗം ലഹരിസംബന്ധമായ കുറ്റകൃത്യങ്ങളിൽ തടവിലാക്കപ്പെട്ടവരാണ്).

1975ൽ ആദ്യമായി ന്യൂയോർക്കിലെ ജയിൽ അതോറിറ്റി 'ഇസ്‌ലാമിക് കൗൺസിലിംഗ്' ആവശ്യത്തിനായി ഗവൺമന്റ് ശമ്പളവ്യവസ്ഥയിൽ നിയമിക്കുകയുണ്ടായി. 1977ൽ ടെക്സാസിലും ഇത്തരം നിയമനം നടന്നു. ഇന്ന് അമേരിക്കയിൽ ഗവണ്മെന്റിന്റെ അനുവാദത്തോടുകൂടി ഇതേ ലക്ഷ്യത്തിൽ പ്രവർത്തിക്കുന്ന വേറെയും സന്നദ്ധ സംഘടനളുണ്ട്. ഇതിൽ എടുത്തുപറയേണ്ട രണ്ട് മുസ്‌ലിം സംഘടനകളാണ് ലിങ്ക് ഔട്സൈഡും (www.linkoutside.com) ത്വൈബ ഫൗണ്ടേഷനും (https://www.taybafoundation.org/). ഈ സംഘടനകൾ കൃത്യമായ ഇടവേളകളിൽ ജയിലധികൃതരുടെ ആവശ്യപ്രകാരം അവിടങ്ങളിൽ സന്ദർശിച്ച് ആവശ്യമായ ഇസ്‌ലാമിക് കൗൺസിലിംഗ്, മതപഠന ക്ലാസ്സുകൾ എന്നിവ നടത്തുന്നു. മാത്രവുമല്ല ഈ സംഘടനകൾ ജയിലിൽ പുതുതായി ഇസ്‌ലാം സ്വീകരിക്കുന്നവുടെ അവകാശങ്ങൾക്കും ആവശ്യങ്ങൾക്കുംവേണ്ടി ജയിലധികൃതരോട് സംസാരിക്കുകയും ചെയ്യുന്നു. ഇന്ന് അവരുടെ ആവശ്യാനുസരണം ഹലാൽ ഫുഡ് സംവിധാനം, സംഘടിത നമസ്കാര സൗകര്യം, വെള്ളിയാഴ്ചയിലെ ജുമുഅ സൗകര്യം, റമദാനിൽ അത്താഴ/ഇഫ്താർ സൗകര്യങ്ങൾ എന്നിവ അമേരിക്കൻ ജയിലുകൾക്കകത്ത് നൽകപ്പെടുന്നുണ്ട്. ഇതെല്ലാം മുകളിൽ പറഞ്ഞതുപോലുള്ള വളണ്ടിയർ സംഘടനകളുടെ പ്രവർത്തന ഫലമാണ്.

**എന്തുകൊണ്ട് അവർക്കിടയിൽ ഇസ്‌ലാം സ്വീകാര്യമാവുന്നു?**

ഒന്നാമത്തെ കാര്യം ഇസ്‌ലാം മനുഷ്യനു ലക്ഷ്യബോധം നൽകുന്നു എന്നതാണ്. ജീവിതത്തിന്റെ ലക്ഷ്യം അന്വേഷിക്കാത്ത, അതിനെക്കുറിച്ച് ചിന്തിക്കാത്ത മനുഷ്യരുണ്ടാകില്ല. ഞാൻ എവിടെനിന്ന് വന്നു? ഞാൻ എങ്ങോട്ട് പോകുന്നു? ഞാൻ എന്തിനു ജീവിക്കുന്നു? ഞാൻ എങ്ങനെ ജീവിക്കണം? ഈ ചോദ്യങ്ങൾക്കൊന്നുമുള്ള തൃപ്തികരമായ ഉത്തരം ഒരു നിരീശ്വര-യുക്തിവാദ-നിർമതവാദ പ്രസ്ഥാനങ്ങളുടെ പോക്കറ്റിലും ഇല്ല എന്നതാണു വാസ്തവം. ജയിലിലെ ഏകാന്തത ഇത്തരം കാര്യങ്ങളെ പറ്റി ഒരു മനുഷ്യനെ ചിന്തിപ്പിക്കുമെന്നതിൽ അത്ഭുതപ്പെടാനില്ല. കൊലപാതകിയോടും മോഷ്ടാവിനോടും ലഹരിയുപയോഗിക്കുന്നവനോടും ചെയ്യാവുന്ന ഒന്നാമത്തെ അധ്യാപനം അവന് അവന്റെ ജീവിതത്തെ പറ്റിയുള്ള ലക്ഷ്യബോധം നൽകുക എന്നതാണ്. ഇക്കാര്യത്തിൽ ഇസ്‌ലാമിന് ഒന്നാമതായി പഠിപ്പി

**ജയിൽവാസികളുടെ ആവശ്യങ്ങളനുസരിച്ച് ക്രിസ്ത്യൻ, ഇസ്‌ലാം മതവിഭാഗങ്ങളുടെ കൗൺസിലിംഗ് അവിടങ്ങളിൽ നൽകപ്പെടാറുണ്ട്. ഇതിനായി ജയിലധികൃതരുമായി സഹകരിച്ച് പ്രവർത്തിക്കുന്ന ക്രിസ്ത്യൻ ചർച്ചുകളും പള്ളികളും വളണ്ടിയർ സംഘടനകളുമൊക്കെ അമേരിക്കയിലുണ്ട്. 1960കളിൽതന്നെ അമേരിക്കൻ ഗവണമെന്റിന്റെ അനുവാദത്തോടുകൂടി, അല്ലെങ്കിൽ നിർദേശത്തോടുകൂടി ന്യൂയോർക്കിലെ ജയിലുകളിൽ 'ഇസ്‌ലാമിക് കൗൺസിലിംഗ്' നൽകാനാരംഭിച്ച ഒരു ഇസ്‌ലാമിക് സംഘമാണ് 'ദാറുസ്സലാം ഇസ്‌ലാമിക് കമ്യൂണിറ്റി.'**




**ഒന്നാമത്തെ കാര്യം ഇസ്‌ലാം മനുഷ്യനു ലക്ഷ്യബോധം നൽകുന്നു എന്നതാണ്. ജീവിതത്തിന്റെ ലക്ഷ്യം അന്വേഷിക്കാത്ത, അതിനെക്കുറിച്ച് ചിന്തിക്കാത്ത മനുഷ്യരുണ്ടാകില്ല. ഞാൻ എവിടെനിന്ന് വന്നു? ഞാൻ എങ്ങോട്ട് പോകുന്നു? ഞാൻ എന്തിനു ജീവിക്കുന്നു? ഞാൻ എങ്ങനെ ജീവിക്കണം? ഈ ചോദ്യങ്ങൾക്കൊന്നുമുള്ള തൃപ്തികരമായ ഉത്തരം ഒരു നിരീശ്വര-യുക്തിവാദ-നിർമതവാദ പ്രസ്ഥാനങ്ങളുടെ പോക്കറ്റിലും ഇല്ല എന്നതാണു വാസ്തവം. ജയിലിലെ ഏകാന്തത ഇത്തരം കാര്യങ്ങളെ പറ്റി ഒരു മനുഷ്യനെ ചിന്തിപ്പിക്കുമെന്നതിൽ അത്ഭുതപ്പെടാനില്ല.**

ക്കാനുള്ളത് 'തൗഹീദ്' (ഏകദൈവാരാധന) ആണ്. അതോടൊപ്പം മരണാനന്തര ജീവിതത്തെ പറ്റിയുള്ള അറിവും നൽകണം. ഈ അടിസ്ഥാനത്തിലൂന്നാതെയുള്ള ഒരു കൗൺസിലിങ്ങും മനുഷ്യനെ യഥാർഥത്തിൽ പരിവർത്തിപ്പിക്കുകയില്ല എന്നതാണ് വാസ്തവം. ഈ അധ്യാപനമായിരുന്നു ഒരു കാലത്ത് സകല അധാർമികതയുടെയും വിളനിലമായിരുന്ന അറേബ്യൻ ഭൂഖണ്ഡത്തെ മാറ്റിയത്. പ്രവാചക പത്നിയായ ആഇശ(റ) പറയുന്നു: "ആദ്യമായി അവതരിപ്പിക്കപ്പെട്ടത് മുഫസ്സലുകളായ സൂറതുകളായിരുന്നു. അതിൽ സ്വർഗത്തെയും നരകത്തെയും കുറിച്ച് പരാമർശിച്ചിട്ടുണ്ട്. ജനങ്ങൾ ഇസ്‌ലാം സ്വീകരിച്ചപ്പോൾ ഹലാലുകളെയും ഹറാമുകളെയും പറ്റിയുള്ള വചനങ്ങൾ അവതരിച്ചു. 'നിങ്ങൾ മദ്യപിക്കരുത്' എന്നായിരുന്നു ആദ്യം അവതരിപ്പിക്കപ്പെട്ടതെങ്കിൽ ജനങ്ങൾ പറയുമായിരുന്നു; 'ഞങ്ങൾ മദ്യം ഉപേക്ഷിക്കുകയില്ല.' ആദ്യം അവതരിച്ചത് 'നിങ്ങൾ വ്യഭിചരിക്കരുത്' എന്നായിരുന്നെങ്കിൽ ജനങ്ങൾ പറയുമായിരുന്നു; 'ഞങ്ങൾ വ്യഭിചാരം ഉപേക്ഷിക്കുകയില്ല' എന്ന്" (ബുഖാരി).

പരലോകവിശ്വാസത്തിനാൽ പാകപ്പെട്ട ഹൃദയങ്ങളിൽ പിന്നീട് സൽകർമങ്ങളെ കുറിച്ചും പാപങ്ങളെ കുറിച്ചുമുള്ള അധ്യാപനങ്ങൾ എളുപ്പത്തിൽ നട്ടുവളർത്തിയെടുക്കാം. അത് മാത്രമല്ല, വർഷങ്ങളോളം ജയിലിൽ കഴിയുന്ന, മാനസികസംഘർഷവും വിഷാദവും അനുഭവിക്കുന്ന ഇവർക്ക് ഇസ്‌ലാം സമാധാനത്തിന്റെയും ആശ്വാസത്തിന്റെയും പ്രതീക്ഷയുടെയും വിമോചനത്തിന്റെയും 'മരുപ്പച്ച'യായി അനുഭവപ്പെടുന്നതിൽ അത്ഭുതപ്പെടേണ്ടതില്ല.

ജയിലിലെ സഹതടവുകാരായ മുസ്‌ലിംകളുടെ മാന്യമായ പെരുമാറ്റവും സാഹോദര്യവും ധാരാളം പേർ ഇസ്‌ലാമിലേക്ക് ആകർഷിക്കപ്പെടാനുള്ള ഒരു കാരണമായിരിക്കാം എന്ന് ജയിലധികൃതർ വിലയിരുത്തിന്നുണ്ട്.

ഇസ്‌ലാം 'തടവുകാരന്റെ അവകാശത്തെ കുറിച്ച്' പ്രത്യേകം എടുത്തുപറഞ്ഞ മതമാണുതാനും. അനാഥയ്ക്കും അഗതിക്കുമൊപ്പം തടവിലാക്കപ്പെട്ടവനെയും പരിഗണിക്കണമെന്നും ഈ മൂന്നു വിഭാഗങ്ങൾക്കും ഭക്ഷണം നൽകണമെന്നും ക്വുർആൻ പഠിപ്പിക്കുന്നു. വിശ്വാസികളുടെ ഗുണങ്ങൾ എണ്ണിപ്പറയുന്നിടത്ത് അല്ലാഹു പറയുന്നു:

"(തങ്ങൾക്ക്) ആഹാരത്തോട് പ്രിയമുള്ളതായിരിക്കെതന്നെ അഗതിക്കും അനാഥയ്ക്കും തടവുകാരനും അവരത് നൽകുകയും ചെയ്യും" (ക്വുർആൻ 76:8).

ഈ സൂക്തത്തിന്റെ വിശദീകരണത്തിൽ അമാനി മൗലവി (റഹി) എഴുതുന്നു: "ബന്ധനസ്ഥരായ ആളുകൾക്ക് അന്നദാനം ചെയ്യുന്നതിൽ മുസ്‌ലിംകളെന്നോ അമുസ്‌ലിംകളെന്നോ വ്യത്യാസം ഇല്ലാത്തതാണ്. ജയിലിലടക്കപ്പെട്ടവരും മറ്റുതരത്തിൽ ബന്ധിക്കപ്പെട്ടവരും അതിൽ ഉൾപ്പെടുകയും ചെയ്യും. ഇബ്നു അബ്ബാസ്(റ) പ്രസ്താവിച്ചതായി നിവേദനം ചെയ്യപ്പെട്ടതു പോലെ, ക്വുർആൻ അവതരിച്ച കാലത്തുണ്ടായിരുന്ന ബന്ധനസ്ഥർ മിക്കവാറും മുശ്‌രിക്കുകൾ ആയിരുന്നുവെന്നു വ്യക്തമാണല്ലോ. ബദ്ർ യുദ്ധത്തിൽ ചിറപിടിക്കപ്പെട്ടവരോടുപോലും നല്ലനിലക്കു പെരുമാറുവാൻ നബി(സ്വ) കൽപിച്ചിരുന്നതും, സ്വഹാബികൾ അവരോടു അതിഥികൾ എന്നപോലെ പെരുമാറിയിരുന്നതും, അവർക്കു ഭക്ഷണം നൽകിയതിനുശേഷമല്ലാതെ തങ്ങൾ കഴിക്കാതിരുന്നതും സ്മരണീയമാകുന്നു" (വിശുദ്ധ ക്വുർആൻ വിവരണം, 76:8ന്റെ വിശദീകരണം).

ഇസ്‌ലാംമതം സ്വീകരിച്ചവരിൽ സ്വഭാവ-പെരുമാറ്റങ്ങളിൽ കാര്യമായ മാറ്റം കാണുന്നുണ്ടെന്നും അവർ ജയിൽമോചിതരായാൽ പിന്നീട് ജയിലിലേക്ക് തിരിച്ചുവരുന്നതിന്റെ തോത് (Recidivism) വളരെ കുറവാണെന്നും ജയിൽ അധികൃതർ പറയുന്നുണ്ട്. (Referance: Hasan, Asma Gull (2002). American Muslims: The New Generation



Second Edition. Bloomsbury Academic. pp. 75–78).

**ചില കുപ്രചാരണങ്ങളും അവയുടെ സത്യാവസ്ഥയും**

ജയിലുകൾക്കകത്തെ ഈ മനംമാറ്റത്തിന്റെ കണക്കുകൾ സന്തോഷവും പ്രതീക്ഷയും നൽകുന്നതാണ്. എന്നാൽ ഇതിൽ അസ്വസ്ഥതപൂണ്ട വലിയൊരു ജനവിഭാഗമുണ്ട്. അവർ ഈ മത പരിവർത്തന ചിത്രത്തെ കുപ്രചരണങ്ങൾ അഴിച്ചുവിട്ടുകൊണ്ട് നേരിടാൻ ശ്രമിക്കുകയാണു ചെയ്യുന്നത്.

**കുപ്രചാരണം ഒന്ന്:**

*'ജയിലുകളിൽ മുസ്‌ലിം നാമധാരികൾ ധാരാളമുള്ളത് വ്യക്തമാക്കുന്നത് മുസ്‌ലിംകൾ കുറ്റവാസനയുള്ളവരാണ് എന്നാണ്.'*

**യാഥാർഥ്യം:** ഇത് ബാലിശമായ ഒരു ആരോപണമാണ്. യാഥാർഥ്യത്തെ തലതിരിച്ച് കാണിക്കുകയാണിവർ ചെയ്യുന്നത്. ജയിലുകളിൽ വന്നതിനുശേഷമാണ് അവർ ഇസ്‌ലാമിനെ കുറിച്ച് പഠിക്കുന്നതും ഇസ്‌ലാം സ്വീകരിക്കുന്നതും. മാത്രവുമല്ല, ഇസ്‌ലാം സ്വീകരിച്ചവരിൽ മുമ്പുള്ളവരെക്കാൾ കുറ്റവാസന കൂടുകയല്ല; കുറയുകയാണുണ്ടായിട്ടുള്ളതെന്ന് ജയിലധികൃതരുടെ സാക്ഷ്യവും നാം മുകളിൽ കണ്ടു.

Federal Bureau Of Prisons ഡയറക്റ്ററായ Norman Carlson പറയുന്നത് കാണുക:

'അവർ വളരെ ശാന്തരും അച്ചടക്കമുള്ളവരുമായ ഇസ്‌ലാംമത വിശ്വാസികളാണ്.' (Referance : Van Baalen, Susan (2014). "Islam in American Prisons." In Haddad, Yvonne Y.; Smith, Jane (eds.). The Oxford Handbook of American Islam. Oxford Universtiy Press. p. 289.)

**കുപ്രചാരണം രണ്ട്:**

*'ജയിലുകൾ തീവ്രവാദത്തിലേക്കുള്ള റിക്രൂട്ട്മെന്റ് കേന്ദ്രങ്ങളായി മാറുന്നു.'*

**യാഥാർഥ്യം:** ജയിലുകൾ തീവ്രവാദത്തിലേക്കുള്ള റിക്രൂട്ട്മെന്റ് കേന്ദ്രങ്ങളായി മാറുന്നുവെന്ന ആരോപണം അടിസ്ഥാനരഹിതമാണെന്ന് Institute for Social Policy and Understanding (ISPU) പ്രസിദ്ധീകരിച്ച Facts and Fictions about Islam in Prison: Assessing Prisoner Radicalization in Post-9/11 America എന്ന പുസ്തകം എടുത്തുപറയുന്നുണ്ട്. ആ പഠനത്തിൽ പറയുന്നു:

"ജയിലുകളിൽ വെച്ച് ഇസ്‌ലാം സ്വീകരിച്ച മൂന്നര ലക്ഷം പേരിൽ തീവ്രവാദ പ്രവർത്തനങ്ങളിലോ വിദേശ റിക്രൂട്മെന്റുകളിൽ പെട്ടുപോയവരോ തീരെയില്ല എന്നുതന്നെ പറയാം" (Source: Facts and Fictions about Islam in prison, Published by ISPU).

ഇസ്‌ലാമികവിരുദ്ധ ശക്തികളുടെ ഭാഗത്തുനിന്ന് ഇത്തരം അസ്വസ്ഥതകൾ ഉണ്ടാകുന്നത് സ്വാഭാവികമാണ്. പക്ഷേ, അതുകൊണ്ടൊന്നും ഇസ്‌ലാമിലേക്കുള്ള സത്യാന്വേഷികളുടെ ഒഴുക്കിനെ തടയാനാവില്ല എന്നതാണു വസ്തവം. അല്ലാഹു പറഞ്ഞത് പോലെ: "സൻമാർഗവും സത്യമതവുമായി തന്റെ റസൂലിനെ നിയോഗിച്ചത് അവനാകുന്നു. അതിനെ എല്ലാ മതത്തിനും മീതെ തെളിയിച്ചുകാണിക്കാൻ വേണ്ടി. സാക്ഷിയായിട്ട് അല്ലാഹു തന്നെ മതി" (ക്വുർആൻ 48:28).

"സൻമാർഗവും സത്യമതവുംകൊണ്ട് എല്ലാ മതങ്ങൾക്കും മീതെ അതിനെ തെളിയിച്ചു കാണിക്കുവാൻ വേണ്ടി തന്റെ ദൂതനെ നിയോഗിച്ചവനാകുന്നു അവൻ. ബഹുദൈവാരാധകർക്ക് (അത്) അനിഷ്ടകരമായാലും ശരി" (ക്വുർആൻ 61:9).

***ചരിത്ര ശകലം***

ശൈഖുൽ ഇസ്‌ലാം ഇബ്നു തൈമിയ്യ(റഹി)യുടെ ജയിൽജീവിത കാലത്ത് നടന്ന അത്ഭുതകരമായ ഒരു സംഭവം ഇവിടെ സാന്ദർഭികമായി സൂചിപ്പിക്കുന്നത് നന്നായിരിക്കുമെന്ന് തോന്നുന്നു. അദ്ദേഹത്തിന്റെ തൗഹീദീ പ്രചാരണത്തിലും ജനപ്രീതിയിലും അസ്വസ്ഥതപൂണ്ട ചിലർ ഭരണാധികാരികളെ അദ്ദേഹത്തിനു നേരെ തിരിച്ചുവിടുകയും അതു കാരണമായി അദ്ദേഹം ജയിലിലടക്കപ്പെടുകയും ചെയ്തു. എന്നാൽ അദ്ദേഹം ആ സന്ദർഭം ഉപയോഗപ്പെടുത്തിയതെങ്ങനെ എന്ന് അദ്ദേഹത്തിന്റെ ജീവചരിത്രമെഴുതിയ ഹാഫിദ് മുഹമ്മദ് ബിൻ അബ്ദുൽ ഹാദീ അൽ മക്വ്ദീസി(റഹി) പറയുന്നതിങ്ങനെ:

"അദ്ദേഹം ജയിലിൽ പ്രവേശിച്ചപ്പോൾ ജയിൽവാസികൾ ചൂതാട്ടം പോലെയുള്ള നിഷിദ്ധമായ പല തരം വിനോദങ്ങളിൽ മുഴുകുന്നതും നമസ്കാരത്തിൽ പോലും അശ്രദ്ധരായിരിക്കുന്നതും അദ്ദേഹത്തിന്റെ ശ്രദ്ധയിൽ പെട്ടു. അദ്ദേഹം അവരെ അതിൽ നിന്ന് വിലക്കുകയും അല്ലാഹുവിലേക്ക് പശ്ചാത്തപിച്ചുമടങ്ങുവാൻ പ്രേരിപ്പിക്കുകയും നമസ്കരിക്കുവാനും സൽകർമങ്ങളിൽ മുന്നേറുവാനും ഉപദേശിക്കുകയും ചെയ്തു. അദ്ദേഹം അവർക്ക് ആവശ്യമായ (അടിസ്ഥാനപരമായ) മതവിജ്ഞാനങ്ങൾ പഠിപ്പിച്ചുകൊടുത്തു. അവരിൽ മതത്തോടും വിജ്ഞാനത്തോടുമുള്ള സ്നേഹം ഉണ്ടാക്കിയെടുത്തു. ക്രമേണ അവിടം മതപഠനത്തിന്റെയും ആരാധനയുടെയും കേന്ദ്രമായി മാറി. ആളുകൾ വിജ്ഞാനം നേടുന്നതിലും ഇബാദത്തുകൾ ചെയ്യുന്നതിലും മുഴുകി. എത്രത്തോളമെന്നാൽ, ജയിൽശിക്ഷ കഴിഞ്ഞവർപോലും തിരിച്ചുപോകാതെ അദ്ദേഹത്തോടൊപ്പം (വിജ്ഞാനാവശ്യാർഥം) അവിടെത്തന്നെ കഴിച്ചുകൂട്ടി, വേറെ ചിലർ ജയിലിലേക്കുതന്നെ (വിജ്ഞാനം നേടാൻ) തിരിച്ചുവന്നു" (അൽഉഖൂദു ദുർരിയ്യ ഫീ ദിക്‌രി മനാകിബി ശൈഖുൽ ഇസ്‌ലാം ഇബ്നുതൈമിയ്യ, പേജ് 330-331).

ലേഖനം



# വാർത്താവിനിമയം: ക്വുർആനിക മാർഗരേഖ 2

ശമീർ മദീനി
: 9048221212

**6. വാർത്താ സെൻസർഷിപ്പ്**

കണ്ടതും കേട്ടതും അപ്പടി പകർത്തി വാർത്തയാക്കുന്നത് ചിലപ്പോൾ ഗുണത്തേക്കാളേറെ ദോഷമായിരിക്കും വരുത്തിവെക്കുക. ആളെ കൂട്ടുക, ലാഭം കൊയ്യുക, ഒന്നാമതെത്തുക തുടങ്ങിയ ലക്ഷ്യങ്ങൾക്കതീതമായി വാർത്തകൾ കൊണ്ട് സമൂഹത്തിൽ ഉണ്ടായേക്കാവുന്ന അനന്തരഫലങ്ങൾകൂടി കണ്ടുകൊണ്ട് ചില സെൻസർഷിപ്പുകൾ ആവശ്യമായിവരും. ചിലത് ചൂടോടെ പ്രസിദ്ധീകരിക്കുമ്പോൾ എരിതീയിൽ എണ്ണയൊഴിക്കുന്ന അവസ്ഥയായിരിക്കുമെന്നത് കണ്ടറിയാനുള്ള പക്വതയും വിവേകവും വാർത്താപ്രചാരകർക്ക് ഉണ്ടാകേണ്ടതുണ്ട്.

വസ്തുതകളെ വളച്ചൊടിച്ചുകൊണ്ടോ വക്രീകരിച്ചുകൊണ്ടോ വാർത്തകൾ അപനിർമിച്ചുകൊണ്ടോ ചില പ്രത്യേകക്കാർക്ക് വേണ്ടിയുള്ള പാദസേവ നടത്തലായി മാറരുത് ഇത്തരം സെൻസർഷിപ്പുകൾ. മറിച്ച് സമൂഹത്തിന്റെ പൊതുനന്മയും സാമൂഹിക സുരക്ഷയുമായിരിക്കണം അടിസ്ഥാനം.

അല്ലാഹു പറയുന്നു: "സമാധാനവുമായോ (യുദ്ധ) ഭീതിയുമായോ ബന്ധപ്പെട്ട വല്ല വാർത്തയും അവർക്ക് വന്നുകിട്ടിയാൽ അവരത് പ്രചരിപ്പിക്കുകയായി. അവരത് റസൂലിന്റെയും അവരിലെ കാര്യവിവരമുള്ളവരുടെയും തീരുമാനത്തിന് വിട്ടിരുന്നുവെങ്കിൽ അവരുടെ കൂട്ടത്തിൽനിന്ന് നിരീക്ഷിച്ച് മനസ്സിലാക്കാൻ കഴിവുള്ളവർ അതിന്റെ യാഥാർഥ്യം മനസ്സിലാക്കിക്കൊള്ളുമായിരുന്നു. നിങ്ങളുടെ മേൽ അല്ലാഹുവിന്റെ അനുഗ്രഹവും കാരുണ്യവും ഇല്ലായിരുന്നുവെങ്കിൽ നിങ്ങളിൽ അൽപം ചിലരൊഴികെ പിശാചിനെ പിൻപറ്റുമായിരുന്നു" (ക്വുർആൻ 4:83).

ചില വാർത്തകൾ കുഴപ്പങ്ങളും ശത്രുതയും വർധിപ്പിക്കുന്നതും വർഗീയ ചേരിതിരിവിന് ആക്കം കൂട്ടുന്നതുമായിത്തീരാറുണ്ട്. കള്ളവാർത്ത പ്രചരിപ്പിക്കുന്നവർ ഇക്കാര്യം ഓർക്കുന്നത് നല്ലതാണ്.

നബി(സ) പറഞ്ഞു: "ഒരു വ്യക്തിയുടെ നന്മകളിൽ പെട്ടതാണ് ആവശ്യമില്ലാത്ത കാര്യങ്ങൾ അഥവാ ഉപകാരമില്ലാത്ത കാര്യങ്ങൾ ഉപേക്ഷിക്കുക എന്നത്" (തിർമുദി). അവിടുന്ന് പറഞ്ഞു: "ആരെങ്കിലും അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുന്നുവെങ്കിൽ നല്ലത് പറയട്ടെ, അല്ലെങ്കിൽ മിണ്ടാതിരിക്കട്ടെ" (ബുഖാരി, മുസ്‌ലിം).

**കണ്ടതും കേട്ടതും അപ്പടി പകർത്തി വാർത്തയാക്കുന്നത് ചിലപ്പോൾ ഗുണത്തേക്കാളേറെ ദോഷമായിരിക്കും വരുത്തിവെക്കുക. ആളെ കൂട്ടുക, ലാഭം കൊയ്യുക, ഒന്നാമതെത്തുക തുടങ്ങിയ ലക്ഷ്യങ്ങൾക്കതീതമായി വാർത്തകൾ കൊണ്ട് സമൂഹത്തിൽ ഉണ്ടായേക്കാവുന്ന അനന്തരഫലങ്ങൾ കൂടി കണ്ടുകൊണ്ട് ചില സെൻസർഷിപ്പുകൾ ആവശ്യമായിവരും. ചിലത് ചൂടോടെ പ്രസിദ്ധീകരിക്കുമ്പോൾ എരിതീയിൽ എണ്ണയൊഴിക്കുന്ന അവസ്ഥയായിരിക്കുമെന്നത് കണ്ടറിയാനുള്ള പക്വതയും വിവേകവും വാർത്താപ്രചാരകർക്ക് ഉണ്ടാകേണ്ടതുണ്ട്.**


കണ്ടതും കേട്ടതുമൊക്കെ പ്രചരിപ്പിക്കൽ നല്ല സ്വഭാവമല്ല എന്ന് നബി(സ്വ) ഉണർത്തിയിട്ടുണ്ട്. നബി (സ്വ) പറയുന്നു: “കേട്ടതൊക്കെ പറയുക എന്നതുതന്നെ മതിയാകും ഒരാൾക്ക് കളവായി” (മുസ്ലിം).


### 7. വാർത്തകൾ സ്വീകരിക്കുന്നതിന് ഉചിതമായ മാർഗങ്ങൾ സ്വീകരിക്കുക

ഒരു വാർത്ത കേൾക്കുമ്പോൾ അതിന്റെ നിജസ്ഥിതി വിലയിരുത്തുവാനുള്ള സാമാന്യബോധവും നിരൂപണശേഷിയും ശ്രോതാക്കൾക്കും വായനക്കാർക്കും പ്രസ്തുത കാര്യം വാർത്തയാക്കുന്നവർക്കും വേണ്ടതാണ്. വ്യാജവാർത്തകളെ തിരിച്ചറിഞ്ഞ് അവയുടെ നിജസ്ഥിതി ജനങ്ങളെ അറിയിക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ട്. കൃത്യമായ സാഹചര്യത്തെളിവുകളും രേഖകളും നിരത്തിയുള്ള നിരൂപണങ്ങളിലൂടെ വ്യാജവാർത്തകളെയും അവയുടെ പ്രചാരകരെയും പൊളിച്ചടുക്കാൻ സാധിച്ചാൽ അത്തരം വിഷവൈറസുകൾക്കെതിരെ പ്രതിരോധം തീർക്കുവാനും ജാഗ്രത പാലിക്കുവാനും സാധിക്കുന്നതാണ്.

**ഇന്ന് വാർത്തകൾ പടച്ചുണ്ടാക്കുന്ന കൂലിയെഴുത്തുകാരും റിപ്പോർട്ടർമാരും ധാരാളമുണ്ടെന്നത് പരസ്യമായ രഹസ്യമാണ്. പ്രത്യേക ടീമുകളെ വളർത്തി പരിശീലിപ്പിച്ച് ചെല്ലുംചെലവും കൊടുത്ത് തങ്ങളുടെ സേവനത്തിനായി വ്യാപകമായി നിയോഗിച്ചുകൊണ്ടിരിക്കുന്നുമുണ്ട്. യാഥാർഥ്യങ്ങളറിയുന്നതിൽനിന്നും ആളുകളെ തടയുക, സമൂഹത്തിൽ ഛിദ്രതയും ആശയക്കുഴപ്പങ്ങളും സൃഷ്ടിക്കുക, എതിരാളികളുടെ മനോവീര്യം തകർക്കുക തുടങ്ങി പല ലക്ഷ്യങ്ങളാണ് ഇത്തരം അപനിർമിതികൾക്കും വ്യാജപ്രചാരണങ്ങൾക്കുമൊക്കെ പിന്നിലുള്ളത്.**

വാർത്തകൾ സ്ഥിരീകരിക്കുന്നതിന് സച്ചരിതരായ മുൻഗാമികൾ സ്വീകരിച്ച പല മാർഗങ്ങളെയും ഹദീസ് നിദാനശാസ്ത്ര പണ്ഡിതന്മാർ വിശദീകരിച്ചിട്ടുണ്ട്. പ്രവാചകാധ്യാപനങ്ങളുടെ സ്വീകരണത്തിലെയും സ്ഥിരീകരണത്തിലെയും കണിശതയും സൂക്ഷ്മതയുമൊക്കെയാണ് അത് അറിയിക്കുന്നത്. അതുപോലെ വാർത്താ ഏജൻസികളുടെയും റിപ്പോർട്ടർമാരുടെയും സത്യസന്ധതയും നിലപാടുകളും വിലയിരുത്തി അവരിലൂടെ വരുന്ന വാർത്തകളെ വ്യവച്ഛേദിച്ച് വിലയിരുത്താൻ നമുക്ക് സാധിക്കണം.





ഇന്ന് വാർത്തകൾ പടച്ചുണ്ടാക്കുന്ന കൂലിയെഴുത്തുകാരും റിപ്പോർട്ടർമാരും ധാരാളമുണ്ടെന്നത് പരസ്യമായ രഹസ്യമാണ്. പ്രത്യേക ടീമുകളെ വളർത്തി പരിശീലിപ്പിച്ച് ചെല്ലുംചെലവും കൊടുത്ത് തങ്ങളുടെ സേവനത്തിനായി വ്യാപകമായി നിയോഗിച്ചുകൊണ്ടിരിക്കുന്നുമുണ്ട്. യാഥാർഥ്യങ്ങളറിയുന്നതിൽനിന്നും ആളുകളെ തടയുക, സമൂഹത്തിൽ ഛിദ്രതയും ആശയക്കുഴപ്പങ്ങളും സൃഷ്ടിക്കുക, എതിരാളികളുടെ മനോവീര്യം തകർക്കുക തുടങ്ങി പല ലക്ഷ്യങ്ങളാണ് ഇത്തരം അപനിർമിതികൾക്കും വ്യാജപ്രചാരണങ്ങൾക്കുമൊക്കെ പിന്നിലുള്ളത്.

സോഷ്യൽ മീഡിയയുടെ അനവധി സാധ്യതകൾ തുറന്നുകിടക്കുന്ന ഇക്കാലത്ത് മറ്റു ചിലരുടെ വിനോദം വ്യാജവാർത്തകളുണ്ടാക്കി പ്രചരിപ്പിച്ച് അതിലൂടെ ഒരുതരം ആനന്ദം കണ്ടെത്തലാണ്.

നൊടിയിടയിൽ ലോകമെമ്പാടും വാർത്തകൾ പ്രചരിക്കുന്ന ആധുനികകാലത്ത് ധാർമികമൂല്യങ്ങൾ മുറുകെ പിടിച്ചുകൊണ്ടു വേണം ഈ രംഗത്തേക്ക് പ്രവേശിക്കാൻ. ഇല്ലെങ്കിൽ നാം ജീവിക്കുന്ന ഇഹലോകത്തും ഭാവിയിൽ വരാനിരിക്കുന്ന പാരത്രികലോകത്തും വലിയ കഷ്ടനഷ്ടങ്ങളായിരിക്കും നമ്മെ കാത്തിരിക്കുന്നത്.



# തയ്യാറെടുപ്പാണ് പ്രധാനം

ഡോ. സി. മുഹമ്മദ് റാഫി ചെമ്പ്ര
: 99460 42525

രാജാവ് വിളംബംരം ചെയ്തു: ‘എന്റെ സുന്ദരിയായ മകളുടെ വിവാഹം തീരുമാനിക്കാൻ പോകുന്നു. പതിവിന് വിപരീതമായി രാജ്യത്തെ ഏതൊരു ചെറുപ്പക്കാരനും മകളെ വിവാഹം കഴിക്കാൻ യോഗ്യതയുണ്ട്. ഒരൊറ്റ നിബന്ധനമാത്രം; ഞാൻ ഒരു മത്സരം നടത്തും. അതിൽ വിജയിച്ചാൽ അവന്ന് രാജകുമാരി സ്വന്തം.’

മത്സരദിവസം വന്നെത്തി. രാജ്യത്തെ ചെറുതും വലുതുമായ ശ്രേണിയിൽപെട്ട ചെറുപ്പക്കാരുടെ വലിയകൂട്ടം തന്നെ അവിടെയെത്തി. കാരണം അതിസുന്ദരിയായ രാജകുമാരിയുടെ ഭർത്താവെന്ന പദവിക്ക് പുറമെ അടുത്ത രാജാവാകാനുമുള്ള അപൂർവ അവസരമാണത്.

മത്സരം ലളിതമായിരുന്നു; വലിയ ഗ്രൗണ്ടിന്റെ മധ്യത്തിൽ ഒരു വലിയ തടിക്കഷ്ണം വെച്ചിട്ടുണ്ട്. ഒറ്റവെട്ടുകൊണ്ട് അത് രണ്ടായി പിളർത്തി മാറ്റണം.

തലയെടുപ്പുള്ള വീരശൂരൻമാർ മത്സരക്കളത്തിലേക്കിറങ്ങി. തങ്ങൾക്കായി തയ്യാറാക്കിവെച്ച മഴു കൊണ്ട് മരത്തടിയിൽ ആഞ്ഞു കൊത്തി. ഇപ്പോൾ പിളർന്ന് മാറുമെന്ന് കരുതിയിരുന്നവർക്കൊക്കെ തെറ്റി. മരത്തടി അതുപോലെതന്നെ കിടന്നു.

മത്സരം മുന്നോട്ടു പോയി. വിധികർത്താക്കൾ ഓരോരുത്തർക്കായി അവസരം നൽകികൊണ്ടിരുന്നു. ഏറെ കഴിഞ്ഞാണ് ആ ചെറുപ്പക്കാരന്റെ ഊഴമെത്തുന്നത്. കാണാൻ സുമുഖൻ, എന്നാൽ നേരത്തെ മത്സരിച്ചുപോയ വീരൻമാരെ വെച്ചുനോക്കുമ്പോൾ ഇയാൾ തോൽക്കുമെന്ന് എല്ലാവർക്കും തോന്നി.

മത്സരം തുടങ്ങാനായി വിസിൽ മുഴങ്ങി. അയാൾ മുന്നോട്ട് വന്നു മഴുവെടുത്തു. മഴുവിലേക്ക് സൂക്ഷിച്ച് നോക്കി വിശദമായി പരിശോധിച്ചു. മഴുവിന്റെ പിടിയുമായുള്ള ബലം ഒരു മരക്കഷ്ണമെടുത്ത് ഒന്നുകൂടി ഉറപ്പിച്ചു. മൂർച്ചയുള്ള ഭാഗത്ത് വിരലോടിച്ച് മൂർച്ച ഉറപ്പുവരുത്തി.

എന്നിട്ട് തടിക്കഷ്ണത്തിനടുത്തേക്ക് നടന്നു. തടിക്കഷ്ണത്തിനു ചുറ്റും ഒരാവർത്തി വലംവെച്ച് സൂക്ഷ്മപരിശോധന നടത്തി. രണ്ടടി പിറകിലേക്കു നിന്ന് ആ തടിക്കഷ്ണം ഒന്നു തിരിച്ചിട്ടു. എന്നിട്ട് അടിയിൽ ഒരു ചെറിയ പൂളുവെച്ച് തടി അൽപം ഉയർത്തിവെച്ചു. ശേഷം ഇളകുന്നില്ല എന്ന് ഒന്നുകൂടി ഉറപ്പുവരുത്തി. എന്നിട്ട് മഴുവിനടുത്തെത്തി. മഴുവിന്റെ പിടി തന്റെ തോളിലിട്ട മുണ്ടുകൊണ്ട് നന്നായി തുടച്ചു. വിയർപ്പുകണങ്ങൾ ഇല്ല എന്നുറപ്പിച്ചു.

ശേഷം തന്റെ അരയിൽ ആ മുണ്ടുകൊണ്ട് വരിഞ്ഞു മുറുക്കി വസ്ത്രം അഴിയില്ല എന്ന് ഉറപ്പുവരുത്തി. ആൾക്കൂട്ടത്തോടൊപ്പം രാജാവും ഇയാളുടെ സൂക്ഷ്മതയോടെയുള്ള നീക്കങ്ങൾ സാകൂതം വീക്ഷിക്കുകയാണ്.

അയാൾ കൂജയിൽനിന്ന് അൽപം വെള്ളം കുടിച്ച് മരത്തടി ലക്ഷ്യമാക്കി നീങ്ങി. തടിക്കടുത്തുനിന്ന് ഇരുകരങ്ങളും ഉയർത്തി മഴുകൊണ്ട് ആഞ്ഞു വെട്ടാനൊരുങ്ങിയപ്പോൾ രാജാവ് ഉറക്കെ വിളിച്ചുപറഞ്ഞു: ‘മതി, നീ വിജയിച്ചിരിക്കുന്നു. എന്റെ മകളും രാജ്യവും നിന്റെ കൈയിൽ ഭദ്രമായിരിക്കും.’

ഈ കഥ പറഞ്ഞുതരുന്നത് ജീവിതത്തിലെ ഏതൊരു വിജയത്തിനും മുന്നൊരുക്കം അതിപ്രധാനമാണ് എന്നാണ്. ജീവിതമാകുന്ന ഈ വലിയ പരീക്ഷത്തിൽ പരലോകവിജയമാകുന്ന ലക്ഷ്യത്തിൽ സ്വർഗമാകുന്ന വിലമതിക്കാനാവാത്ത സമ്മാനത്തിനായി നാം എത്രമാത്രം ഒരുങ്ങണം! ‘മത്സരിക്കുന്നവർ അതിനുവേണ്ടി മത്സരിക്കട്ടെ’ എന്നാണല്ലോ ഖുർആൻ പറഞ്ഞിട്ടുള്ളത്.





ചരിത്രപഥം

# പ്രവാചകന്റെ വിവാഹങ്ങൾ

ഹുസൈൻ സലഫി
: +971 50 634 6963

മുഹമ്മദ് നബി (സ്വ) 74

**ഹഫ്സ ബിൻത് ഉമർ(റ)**

നബി(സ്വ) നാലാമതായി വിവാഹം ചെയ്ത മഹതിയാണ് ഹഫ്സ(റ). അബൂബക്ർ(റ) കഴിഞ്ഞാൽ പിന്നീട് നബി(സ്വ)ക്ക് ഏറ്റവും അടുപ്പമുണ്ടായിരുന്ന ഉമറുബ്നുൽ ഖത്ത്വാബി(റ)ന്റെ മകളാണ് മഹതി. നബി(സ്വ) അവരെ വിവാഹം ചെയ്യുന്നതിന് മുമ്പ് ഖുനയ്സ് ഇബ്നു ഖുദാഫ(റ) അവരെ വിവാഹം ചെയ്തിരുന്നു. ഇസ്‌ലാമിന്റെ ആദ്യനാളുകളിൽ മുന്നണിപ്പോരാളിയായിരുന്നു ഖുനയ്സ്(റ). ഹഫ്സ(റ)ക്ക് പതിനെട്ടു വയസ്സ് പ്രായമുള്ളപ്പോൾ ഭർത്താവ് മരണപ്പെട്ടു.

ഖുനയ്സ് ഇബ്നു ഖുദാഫ(റ) അബിസീനിയയിലേക്കും മദീനയിലേക്കുമുള്ള ഹിജ്റയിൽ പങ്കെടുത്ത മഹാനാണ്. ബദ്ർ യുദ്ധത്തിലും ഉഹ്ദ് യുദ്ധത്തിലും അദ്ദേഹം പങ്കെടുത്തിട്ടുണ്ട്. ഉഹ്ദ് യുദ്ധത്തിൽ ഏറ്റ പരിക്കിന്റെ ഫലമായാണ് അദ്ദേഹം മരണപ്പെട്ടത്. ഇതേ സന്ദർഭത്തിൽ തന്നെയായിരുന്നു ഉസ്മാന്റെ(റ) ഭാര്യയും നബി(സ്വ)യുടെ പുത്രിയുമായ റുക്വിയ്യ(റ)യുടെ മരണവും. മകളുടെ ഭർത്താവ് മരണപ്പെട്ടതിൽ വിഷമിച്ചിരിക്കുകയായിരുന്നു ഉമർ(റ). യുവതിയായ മകൾ വിധവയായി. തന്റെ മകളെ ഇനി ആര് വിവാഹം ചെയ്യുമെന്ന് ആലോചിച്ച് വിഷമിച്ചിരിക്കുകയാണ് പിതാവ് ഉമർ(റ). ആ സന്ദർഭത്തിൽ ഉമർ(റ) മകൾ ഹഫ്സയെ ഉസ്മാൻ(റ)വിനോട് വിവാഹാന്വേഷണം നടത്തി. ഉസ്മാൻ(റ) അതിനു മുന്നോട്ടു വന്നില്ല. അബൂബക്റി(റ)നോടും അദ്ദേഹം വിവാഹാന്വേഷണം നടത്തി. അദ്ദേഹവും തയ്യാറായില്ല. അബൂബക്ർ(റ) അദ്ദേഹത്തെ ഇപ്രകാരം ആശ്വസിപ്പിച്ചു: 'ഹഫ്സയെ ഉസ്മാനെക്കാൾ ഉത്തമനായ ഒരാൾ വിവാഹം ചെയ്യുന്നതാണ്. ഹഫ്സയെക്കാൾ ഉത്തമയായ ഒരാളെ ഉസ്മാനും വിവാഹം ചെയ്യുന്നതാണ്.'

അതെ, അബൂബക്ർ(റ) പറഞ്ഞതുപോലെതന്നെ നടന്നു. ഉസ്മാൻ(റ) നബി(സ്വ)യുടെ മറ്റൊരു മകളായ ഉമ്മുകുൽസൂമിനെയും നബി(സ്വ) ഹഫ്സ(റ)യെയും വിവാഹം ചെയ്തു. നബി(സ്വ)യുടെ രണ്ട് പുത്രിമാരെ വിവാഹം ചെയ്തതിനാൽ 'ദുന്നൂറയ്ൻ' എന്ന അപരനാമത്തിലാണ് ഉസ്മാൻ(റ) അറിയപ്പെട്ടത്. ഉമ്മുകുൽസൂമും അൽപകാലശേഷം മരണപ്പെട്ടു. ഉസ്മാൻ(റ)വിനെ നബി(സ്വ) ആശ്വസിപ്പിച്ചു. എന്നിട്ട് ഇപ്രകാരം അവിടുന്ന് പറയുകയും ചെയ്തു: 'ഉസ്മാൻ, താങ്കൾക്ക് വിവാഹം ചെയ്തുതരാൻ മറ്റൊരു മകൾ എനിക്കുണ്ടായിരുന്നെ

ങ്കിൽ അവളെയും ഞാൻ താങ്കൾക്ക് വിവാഹം ചെയ്തു തരുമായിരുന്നു.'

ഹഫ്സ(റ)യെ വിവാഹം ചെയ്യുന്നതിനായി ഉമർ(റ) അബൂബക്റി(റ)നെ ആദ്യം സമീപിച്ചതായി പറഞ്ഞുവല്ലോ. എന്നാൽ അദ്ദേഹം അതിന് അനുമതി നൽകാത്തതിന്റെ കാരണം; നബി(സ്വ) ഹഫ്സ(റ)യെ വിവാഹം ചെയ്യുന്നതിനെ പറ്റി സംസാരിക്കുന്നത് അദ്ദേഹം കേട്ടിരുന്നു എന്നതാണ്. നബി(സ്വ) ഹഫ്സ(റ)യെ വിവാഹം ചെയ്യുന്നില്ലെങ്കിൽ അബൂബക്ർ(റ) അതിന് ഒരുക്കവുമായിരുന്നു എന്ന് ഉമറി(റ)നോട് പിന്നീട് അദ്ദേഹം തന്നെ പറയുകയും ചെയ്തിരുന്നു.

അങ്ങനെ ഇസ്‌ലാമിന് വേണ്ടി ആത്മാർപ്പണം ചെയ്ത ഖുനയ്സി(റ)നോടുള്ള കടപ്പാട് നിർവഹിക്കപ്പെടുകയും ഹഫ്സ(റ) വൈധവ്യത്തിൽനിന്ന് മോചിതയാവുകയും ചെയ്തു.

ഒരു ശഅ്ബാൻ മാസത്തിലായിരുന്നു നബി(സ്വ)യും ഹഫ്സ(റ)യും തമ്മിലുള്ള വിവാഹം നടന്നത്.അന്ന് നബി(സ്വ)ക്ക് നിലവിൽ രണ്ടു ഭാര്യമാർ ഉണ്ടായിരുന്നു; ആഇശ(റ)യും പ്രായം ചെന്ന സൗദ(റ)യും. ആഇശ(റ)യും ഹഫ്സ(റ)യും യുവതികളായിരുന്നു. അതിനാൽ തന്നെ അവർക്കിടയിൽ പ്രശ്നങ്ങൾ ഉണ്ടാകാനുള്ള സാധ്യത ഉമർ(റ) നേരത്തെ മനസ്സിലാക്കി. ആഇശയുമായി ഒരിക്കലും തർക്കത്തിന് പോകരുതെന്ന് എപ്പോഴും ഉമർ(റ) മകളെ ഉപദേശിക്കുമായിരുന്നു. ആഇശ(റ)ക്ക് നബി(സ്വ)യുടെ മനസ്സിൽ ഒരു സ്ഥാനമുണ്ട്.

ഒരിക്കൽ എല്ലാ ഭാര്യമാരും തമ്മിൽ നബി(സ്വ)യുടെ മുന്നിൽവെച്ച് ചെറിയ ഒരു പ്രശ്നമുണ്ടായി. എല്ലാവരും നബി(സ്വ)യുടെ മുന്നിൽ ഇരിക്കുന്നു. നബി(സ്വ)യിൽനിന്ന് വേണ്ടത്ര സൗകര്യങ്ങൾ ലഭിക്കുന്നില്ല എന്നതായിരുന്നു അവരുടെ പരാതി. കിടക്കാൻ വേണ്ടത്ര സൗകര്യമില്ല, ഭക്ഷണമില്ല... അങ്ങനെയുള്ള ഇല്ലായ്മയുടെ പരാതി. ഇപ്പോൾ ഉള്ളതിനെക്കാളും മെച്ചപ്പെട്ട സൗകര്യങ്ങൾ ഞങ്ങൾക്ക് ലഭിക്കണം എന്നതായിരുന്നു എല്ലാവരുടെയും ആവശ്യം. നബി(സ്വ)ക്ക് ഇത് വിഷമമായി. അങ്ങനെയിരിക്കെയാണ് അബൂബക്ർ, ഉമർ(റ) എന്നിവർ നബി(സ്വ)യുടെ സന്നിധിയിലേക്ക് വരുന്നത്. അബൂബക്റി(റ)ന് വിവരമറിഞ്ഞപ്പോൾ ദേഷ്യം വന്നു. മകളായ ആഇശ(റ)യെ പിടിച്ച് അടിക്കാൻ ഒരുങ്ങി. ഉമറി(റ)ന് അതിലേറെ ദേഷ്യം. അദ്ദേഹം മകളായ ഹഫ്സ(റ)യെ അടിക്കാൻ ഒരുങ്ങി. നബി(സ്വ) ഇരുവരെയും പിന്തിരിപ്പിച്ചു. നബി(സ്വ) പറഞ്ഞു: 'അവർ എന്നോട് കൂടുതൽ സൗകര്യങ്ങളാണല്ലോ ആവശ്യപ്പെടുന്നത്. അതാകട്ടെ എന്റെ പക്കൽ ഇല്ലതാനും.' അബൂബക്റും(റ) ഉമറും(റ) കരഞ്ഞുകൊണ്ട് മക്കളെ ഗുണദോഷിച്ചു. ഇരുവരും നബി(സ്വ)യോട് പറഞ്ഞു: 'നബിയേ, ഇവരെ എല്ലാവരെയും അങ്ങ് ഒഴിവാക്കൂ. ഇവരെക്കാളും സഹനവും ക്ഷമയുമുള്ള സ്ത്രീകളെ അല്ലാഹു നിങ്ങൾക്ക് നൽകുന്നതാണ്.'

ഈ വിഷയത്തിൽ ക്വുർആൻ സൂക്തം അവതരിപ്പിക്കപ്പെട്ട കാര്യം നാം മുമ്പ് വിവരിച്ചിട്ടുണ്ട്. അവസാനം ഭാര്യമാർ തങ്ങളുടെ ആവശ്യങ്ങളിൽ നിന്ന് പിന്മാറുകയും നബി(സ്വ)യോട് മാപ്പ് ചോദിക്കുകയും ചെയ്തു.

നബി(സ്വ) ഹഫ്സ(റ)യോട് ഒരു രഹസ്യം പങ്കുവെച്ചു. അത് ഹഫ്സ(റ) മറ്റു ഭാര്യമാർക്കിടയിൽ പരസ്യമാക്കി. അതിന്റെ ഫലമായി ആഇശ(റ)യും ഹഫ്സ(റ)യും തമ്മിൽ ചില പ്രശ്നങ്ങളുണ്ടായി. ഹഫ്സ(റ)യുടെ ഈ പ്രവൃത്തി കാരണത്താൽ നബി(സ്വ) അവരെ ത്വലാക്വ് ചെയ്തു എന്നാണ് ചരിത്രം പറയുന്നത്. പക്ഷേ, പെട്ടെന്നുതന്നെ തിരിച്ചെടുക്കുകയും ചെയ്തു. ഹഫ്സ(റ)ക്ക് തന്നിൽനിന്നും ഉണ്ടായ വീഴ്ചയിൽ ഖേദം ഉണ്ടാകുകയും നബി(സ്വ)യോട് മാപ്പ് ചോദിക്കുകയും ചെയ്തു.

ധാരാളം സുന്നത്ത് നോമ്പുകൾ അനുഷ്ഠിച്ചിരുന്നു ഹഫ്സ(റ).

**നബി(സ്വ) നാലാമതായി വിവാഹം ചെയ്ത മഹതിയാണ് ഹഫ്സ(റ). അബൂബക്ർ(റ) കഴിഞ്ഞാൽ പിന്നീട് നബി(സ്വ)ക്ക് ഏറ്റവും അടുപ്പമുണ്ടായിരുന്ന ഉമറുബ്നുൽ ഖത്ത്വാബി(റ)ന്റെ മകളാണ് മഹതി. നബി(സ്വ) അവരെ വിവാഹം ചെയ്യുന്നതിന് മുമ്പ് ഖുനയ്സ് ഇബ്നു ഖുദാഫ(റ) അവരെ വിവാഹം ചെയ്തിരുന്നു. ഇസ്‌ലാമിന്റെ ആദ്യനാളുകളിൽ മുന്നണിപ്പോരാളിയായിരുന്നു ഖുനയ്സ്(റ). ഹഫ്സ(റ)ക്ക് പതിനെട്ടു വയസ്സ് പ്രായമുള്ളപ്പോൾ ഭർത്താവ് മരണപ്പെട്ടു.**

അതിനാൽ മഹതി 'സ്വവ്വാമ' (കൂടുതൽ നോമ്പെടുക്കുന്നവൾ) എന്ന പേരിൽ അറിയപ്പെട്ടിരുന്നതായി ചരിത്രത്തിൽ കാണാം. അതുപോലെ രാത്രി ധാരാളം സമയം നമസ്കാരത്തിൽ കഴിച്ചുകൂട്ടുകയും ചെയ്തിരുന്നു. ഇസ്‌ലാമിക കാര്യങ്ങളെ സംബന്ധിച്ച് ഹഫ്‌സ(റ)ക്ക് വലിയ പാണ്ഡിത്യവും ഉണ്ടായിരുന്നു. സഹോദൻ അബ്ദുല്ലാഹ് ഇബ്നു ഉമർ(റ) പലപ്പോഴും മഹതിയോട് മതകാര്യങ്ങൾ ചോദിച്ചറിയുമായിരുന്നു.

നബി(സ്വ)യുടെ കാലശേഷം അബൂബക്റി(റ)ന്റെ ഭരണകാലത്ത് ചരിത്രപ്രസിദ്ധമായ ക്വുർആൻ ക്രോഡീകരണം നടന്നു. ആ മുസ്വഹഫിന്റെ പകർപ്പ് സൂക്ഷിക്കാനായി അബൂബക്ർ(റ) ഹഫ്‌സ(റ)യെയായിരുന്നു തെരഞ്ഞെടുത്തിരുന്നത്. ഉസ്മാന്റെ(റ) ഭരണകാലത്ത് വിവിധ നാടുകളിലേക്ക് ക്വുർആനിന്റെ പകർപ്പ് അയക്കാനായി മഹതിയിൽനിന്ന് ആ ക്വുർആനിന്റെ പകർപ്പ് വാങ്ങുകയുണ്ടായി. അങ്ങനെ ഉസ്മാൻ(റ) അതിന്റെ പകർപ്പുകൾ എടുക്കുകയും വിവിധ നാടുകളിലേക്ക് അയക്കുകയും ചെയ്തു. വീണ്ടും ആ കോപ്പി ഉസ്മാൻ(റ) ഹഫ്‌സ(റ)യെ ഏൽപിക്കുകയും ചെയ്തു. പിന്നീട് മദീനാ ഗവർണറായിരുന്ന മർവാൻ ഹഫ്‌സ(റ)യോട് ആ കോപ്പി ആവശ്യപ്പെടുകയുണ്ടായി. പക്ഷേ, മഹതി നൽകിയില്ല. മഹതിയുടെ മരണശേഷം സഹോദന്റെ പക്കൽനിന്നാണ് മർവാൻ അത് വാങ്ങിയതെന്നും പിന്നീട് അതിന് എന്താണ് സംഭവിച്ചതെന്നും അറിയാൻ സാധിച്ചിട്ടില്ല. അങ്ങനെ അത് നഷ്ടപ്പെടുകയാണ് ഉണ്ടായത്. പക്ഷേ, അപ്പോഴേക്കും മുസ്വ്ഹഫിന്റെ തനതായ ധാരാളം പകർപ്പുകൾ വ്യത്യസ്ത നാടുകളിലേക്ക് എത്തിക്കാൻ ഇസ്‌ലാമിക ഭരണാധികാരികൾക്ക് സാധിച്ചിട്ടുണ്ടായിരുന്നു.

**ഉമ്മുസലമ(റ)**

ഹിജ്റ മൂന്നിലോ നാലിലോ ആയിരുന്നു ഉമ്മുസലമ(റ)യെ നബി(സ്വ) വിവാഹം ചെയ്തത്.

**ഹിജ്റ മൂന്നിലോ നാലിലോ ആയിരുന്നു ഉമ്മുസലമ(റ)യെ നബി(സ്വ) വിവാഹം ചെയ്തത്. ഉമ്മുസലമ എന്ന പേരിൽ പ്രസിദ്ധയായ മഹതിയുടെ ശരിയായ നാമം ഹിന്ദ് എന്നായിരുന്നു. ചെറുപ്രായത്തിൽ തന്നെ മഹതിയുടെ ആദ്യവിവാഹം നടന്നിരുന്നു. മഖ്സൂം ഗോത്രക്കാരനും പിൽക്കാലത്ത് നബി(സ്വ)യിൽ വിശ്വസച്ച് ഹിജ്റ പോകുകയും ഉഹ്ദ് യുദ്ധത്തിൽ രക്തസാക്ഷിയാകുകയും ചെയ്ത അബൂസലമ(റ) യായിരുന്നു അവരുടെ ആദ്യ ഭർത്താവ്. തികച്ചും മാതൃകാപരമായിരുന്നു ഇരുവരുടെയും ദാമ്പത്യജീവിതം.**

ഉമ്മുസലമ എന്ന പേരിൽ പ്രസിദ്ധയായ മഹതിയുടെ ശരിയായ നാമം ഹിന്ദ് എന്നായിരുന്നു. ചെറുപ്രായത്തിൽ തന്നെ മഹതിയുടെ ആദ്യവിവാഹം നടന്നിരുന്നു. മഖ്സൂം ഗോത്രക്കാരനും പിൽക്കാലത്ത് നബി(സ്വ)യിൽ വിശ്വസച്ച് ഹിജ്റ പോകുകയും ഉഹ്ദ് യുദ്ധത്തിൽ രക്തസാക്ഷിയാകുകയും ചെയ്ത അബൂസലമ(റ) യായിരുന്നു അവരുടെ ആദ്യ ഭർത്താവ്. തികച്ചും മാതൃകാപരമായിരുന്നു ഇരുവരുടെയും ദാമ്പത്യജീവിതം.

അബൂസലമ(റ)യുടെ യഥാർഥ നാമം അബ്ദുല്ലാഹിബ്നു അബ്ദിൽ അസദ് എന്നായിരുന്നു. ആദ്യനാളുകളിൽതന്നെ ഇസ്‌ലാം ആശ്ലേഷിച്ചവരിൽ എണ്ണപ്പെടുന്നവരായിരുന്നു അബൂസലമ(റ)യും ഉമ്മുസലമ(റ)യും. ആ കാലത്ത് നബി(സ്വ)യുടെ കൂടെയുണ്ടായിരുന്ന ചുരുക്കം പേരിൽ അവരും ഉണ്ടായിരുന്നു. മക്കയിൽനിന്നും മദീനയിലേക്ക് ഹിജ്റ പോകാൻ കൽപനയുണ്ടായപ്പോൾ കുടുംബസമേതം അതിന് ധൈര്യം കാണിച്ചവരായിരുന്നു ആ കുടുംബം. അബൂസലമ(റ) നബി(സ്വ)യുടെ ബന്ധുകൂടിയായിരുന്നു.

പിതാവ് അബൂഉമയ്യ ധർമിഷ്ഠനും അറിയപ്പെട്ട ഒരു നേതാവുമായിരുന്നു. അദ്ദേഹത്തിന്റെ കൂടെ ആരെങ്കിലും യാത്ര ചെയ്യുകയായിരുന്നെങ്കിൽ അവർക്കു വേണ്ട ഭക്ഷണം അദ്ദേഹം തന്നെ കരുതാറുണ്ടായിരുന്നു. ആയതിനാൽ അദ്ദേഹം 'യാത്രക്കാരന്റെ ഭക്ഷണം' എന്ന പേരിലാണ് അറിയപ്പെട്ടിരുന്നത്. മാതാവിന്റെ പേര് ആതിക എന്നായിരുന്നു. അവർ ആമിർ ഇബ്നു റബീഅയുടെ പുത്രിയായിരുന്നു. ആമിർ കിനാനക്കാരനായിരുന്നു. മാതാവു വഴിക്കും പിതാവു വഴിക്കും പ്രശസ്ത കുടുംബം; ക്വുറയ്ശി നേതാക്കളുടെ വീടുകളിൽ വളർന്നവർ.

നബി(സ്വ)യിൽനിന്നും സത്യം കേട്ടപാടെ അത് സ്വീകരിക്കാൻ ധൈര്യം കാണിച്ച ദമ്പതികളായിരുന്നു അബൂസലമ(റ)യും ഉമ്മുസലമ(റ)യും. ആ നാളുകളിൽ ശത്രുക്കളിൽനിന്നും നേരിടേണ്ടി വന്ന പീഡനങ്ങളുടെ കാഠിന്യം അത്ര കടുപ്പമേറിയതുമായിരുന്നു. എന്നിരുന്നാലും അവർ അല്ലാഹുവിന്റെ ദീൻ കേട്ടപ്പോൾ ശങ്കിച്ചുനിന്നില്ല.

ശത്രുക്കളുടെ മർദനം കഠിനമായപ്പോൾ മുസ്‌ലിംകളോട് എത്യോപ്യയിലേക്ക് ഹിജ്റ പോകാൻ നബി(സ്വ) കൽപിച്ചു. അന്ന് മുസ്‌ലിംകളെ സഹായിക്കാൻ തയ്യാറുള്ള നജ്ജാശി രാജാവായിരുന്നു അവിടെ ഭരിച്ചിരുന്നത്. എത്യോപ്യയിലേക്ക് ഹിജ്റ പോകാനായി നബി(സ്വ)യുടെ നിർദേശം വന്നപ്പോൾ അവിടേക്ക് ഹിജ്റ പുറപ്പെട്ടു.

മദീനയിലേക്ക് ഹിജ്റ പോകുന്നതിനുമുമ്പ് എത്യോപ്യയിലേക്ക് രണ്ട് തവണ ഹിജ്റ പോയതായി ചരിത്രത്തിൽ കാണാം. ആദ്യ തവണ പോയവരുടെ എണ്ണം പതിനഞ്ചായിരുന്നു. ആ കൂട്ടത്തിൽ അബൂസലമ-ഉമ്മുസലമ(റ) ദമ്പതികളും ഉണ്ടായിരുന്നു. അതുപോലെ ഉസ്മാൻ(റ)-റുക്വിയ്യ(റ) ദമ്പതികളും അവരിൽ ഉണ്ടായിരുന്നു.

എത്യോപ്യയിൽ എത്തിയ ആ കൊച്ചുസംഘത്തെ നജ്ജാശി

രാജാവ് സംരക്ഷിച്ചു. അവിടെ അൽപകാലം പിന്നിട്ടപ്പോൾ മക്കയിൽ തങ്ങൾക്ക് അൽപമെല്ലാം ശക്തിയുണ്ടായ വിവരം അവർക്ക് ലഭിച്ചു. ഹംസ(റ), ഉമർ(റ) പോലെയുള്ളവർ ഇസ്‌ലാം സ്വീകരിച്ച വിവരം അവരറിഞ്ഞു. അതിനാൽ ഇനി മക്കയിലേക്ക് പോകാമെന്നും അവിടെ ചെന്നാൽ പീഡനങ്ങൾക്കും മർദനങ്ങൾക്കും ആശ്വാസം ലഭിച്ചേക്കാമെന്നും അവർ കണക്കുകൂട്ടി.

മക്കയിൽ എത്തിയ അവർ ശത്രുക്കളുടെ കിരാതമായ അഴിഞ്ഞാട്ടവും അക്രമവുമാണ് കണ്ടത്. തന്നെയുമല്ല, നബി(സ്വ)യുടെ കുടുംബത്തെ തന്നെ ക്വുറയ്ശികൾ ബഹിഷ്‌കരിക്കാൻ തീരുമാനിക്കുകയും ചെയ്തിരിക്കുന്നു. ബനൂഹാശിം കുടുംബത്തെ എല്ലാ നിലയ്ക്കും ഉപരോധിക്കുക എന്ന കടുത്ത തീരുമാനമാണ് ശത്രുക്കൾ സ്വീകരിച്ചിരുന്നത്. ബനൂഹാശിം കുടുംബവുമായി കച്ചവടത്തിൽ

**എത്യോപ്യയിൽ എത്തിയ ആ കൊച്ചുസംഘത്തെ നജ്ജാശി രാജാവ് സംരക്ഷിച്ചു. അവിടെ അൽപകാലം പിന്നിട്ടപ്പോൾ മക്കയിൽ തങ്ങൾക്ക് അൽപമെല്ലാം ശക്തിയുണ്ടായ വിവരം അവർക്ക് ലഭിച്ചു. ഹംസ(റ), ഉമർ(റ) പോലെയുള്ളവർ ഇസ്‌ലാം സ്വീകരിച്ച വിവരം അവരറിഞ്ഞു. അതിനാൽ ഇനി മക്കയിലേക്ക് പോകാമെന്നും അവിടെ ചെന്നാൽ പീഡനങ്ങൾക്കും മർദനങ്ങൾക്കും ആശ്വാസം ലഭിച്ചേക്കാമെന്നും അവർ കണക്കുകൂട്ടി.**

ഏർപ്പെടാനോ, അവർക്ക് അന്നം എത്തിക്കുവാനോ, അവരുമായി സംസാരിക്കുവാനോ, അവരുമായി സൗഹൃദം പങ്കിടാനോ ഒന്നും പാടില്ല എന്നതായിരുന്നു അവരുടെ തീരുമാനം. ശിഅ്ബ് അബീത്വാലിബ് മലഞ്ചെരുവിൽ അവർ



ഉപരോധിക്കപ്പെട്ടു. ഭക്ഷണമില്ലാതെ നബികുടുംബം കഷ്ടതയിലായി. പച്ചവെള്ളവും പച്ചിലയും ഭക്ഷിച്ചു. ചെരുപ്പ് വെള്ളത്തിൽ മുക്കി കുതിർത്ത് കഴിക്കാൻവരെ അവരെ പട്ടിണി അലട്ടിയിരുന്നു. മൂന്നു കൊല്ലക്കാലം ഈ ഉപരോധം തുടർന്നു. അവസാനം അവരിൽ ചിലർക്ക് ഈ രംഗം കണ്ട് മനസ്സ ലിയാൻ തുടങ്ങി. ഈ കൊടും ക്രൂരതക്കെതിരിൽ അവരിൽനിന്നു തന്നെ ശബ്ദമുയർന്നു. അവസാനം അത് പിൻവലിക്കുകയാണ് ഉണ്ടായത്. എത്യോപ്യയിൽനിന്ന് മക്കയിൽ എത്തിയ ഈ കൊച്ചു സംഘം ഈ ദയനീയ രംഗത്തിനാണ് സാക്ഷികളാകുന്നത്.

ഈ ഉപരോധം അവസാനിപ്പിച്ചെങ്കിലും ക്രൂരതകൾക്ക് തെല്ലും അയവില്ലായിരുന്നു. അവസാനം നബി(സ്വ) സ്വഹാബിമാർക്ക് യഥ്‌രിബിലേക്ക് ഹിജ്‌റ പോകാൻ നിർദേശം നൽകി. അവിടെയുള്ള മുസ്‌ലിംകൾ നിങ്ങളെ സ്വീകരിക്കാൻ തയ്യാറാണെന്ന് അവർ എനിക്ക് ബയ്അത് ചെയ്തിട്ടുണ്ടെന്നും നബി(സ്വ) അവരോട് പറഞ്ഞു.

മക്കയിലെ തങ്ങളുടെ സ്വത്തും സമ്പാദ്യവുമെല്ലാം ആദർശ സംരക്ഷണത്തിന് വേണ്ടി ത്യജിച്ച് മദീനയിലേക്ക് പുറപ്പെടാൻ എല്ലാവരും ഒരുങ്ങി. അവരുടെ കൂട്ടത്തിലും മുൻനിരയിൽ അബൂസലമ- ഉമ്മുസലമ ദമ്പതികൾ ഉണ്ടായിരുന്നു.

മുസ്‌ലിമായി എന്ന ഒറ്റക്കാരണത്താൽ പീഡിപ്പിക്കപ്പെടുന്ന, ദ്രോഹിക്കപ്പെടുന്ന, അക്രമിക്കപ്പെടുന്ന എല്ലാവർക്കും ഈ ദമ്പതികളുടെ ചരിത്രത്തിൽനിന്ന് ഏറെ പഠിക്കാനുണ്ട്. ഈമാനികമായ ഉണർവും അതിലൂടെ കടുത്ത ക്ഷമിക്കാനുള്ള കഴിവും അല്ലാഹുവിലുള്ള അർപ്പണബോധവും ഇതിലൂടെ ലഭിക്കേണ്ടതുണ്ട്. ഉമ്മുസലമ(റ) ഹിജ്‌റക്കായി ഒരുങ്ങിയപ്പോഴുണ്ടായ ദുരനുഭവം മഹതിതന്നെ നമുക്ക് വിവരിച്ചു തന്നിട്ടുണ്ട്:

"ഞങ്ങൾ ഹിജ്‌റക്ക് ഒരുങ്ങി. എന്റെ ഭർത്താവ് വാഹനത്തെ തയ്യാറാക്കി. അങ്ങനെ എന്നെ

വാഹനത്തിൽ കയറ്റി. പൊന്നുമോൻ സലമയെ എന്റെ മടിയിൽ ഇരുത്തി. അബൂസലമ വാഹനത്തിന്റെ മൂക്കുകയർ പിടിച്ച് മദീനയെ ലക്ഷ്യംവെച്ച് നടക്കാൻ തുടങ്ങിയപ്പോൾ മുഗീറയുടെ കുടുംബം (ഉമ്മു സലമ(റ)യുടെ കുടുംബമാണവർ) ഈ യാത്ര കണ്ടു. ഞങ്ങൾ മദീനയിലേക്ക് പുറപ്പെടുകയാണെന്ന വിവരം അവർ മനസ്സിലാക്കി. അവർ എന്റെ ഭർത്താവിനെ തടഞ്ഞു. എന്നിട്ട് അവർ അദ്ദേഹത്തോട് പറഞ്ഞു: ‘നിനക്ക് തനിച്ച് പോകാം. ഈ പെണ്ണ് ഈ നാട്ടുകാരിയാണ്. ഇവളെ കൂടെകൂട്ടാൻ ഞങ്ങൾ സമ്മതിക്കില്ല.’ അങ്ങനെ അബൂസലമ(റ)യിൽനിന്നും ഉമ്മുസലമ(റ)യെ അവർ തട്ടിയെടുത്തു. ഈ സന്ദർഭത്തിൽ അബൂസലമയുടെ കുടുംബക്കാർ ഇടപെട്ടു. അവർ പറഞ്ഞു: ‘ഓ, അബൂസലമാ... ഉമ്മുസലമാ... നിങ്ങൾ ഇരുവരും ഇവിടെ വെച്ച് വേർപിരിയാൻ തീരുമാനിച്ചിരിക്കുകയാണല്ലോ. ഞങ്ങളുടെ കുട്ടിയെ ഞങ്ങൾ കൊണ്ടുപോകുകയാണ്.

ഹിജ്റക്ക് തയ്യാറായ അബൂസലമയും ഭാര്യ ഉമ്മുസലമയും പൊന്നുമോൻ സലമയും ഒറ്റപ്പെട്ടു. പരസ്പരം വിവരങ്ങൾ അറിയാൻ യാതൊരു മാർഗവും ഇല്ലാതായ ഏറ്റവും വലിയ പ്രതിസന്ധിയുടെ ഘട്ടം. പക്ഷേ, ആ കുടുംബം പരലോകവിജയം ലക്ഷ്യമാക്കിയാണല്ലോ ജീവിക്കുന്നത്. ആ വഴിയിലെ പ്രയാസങ്ങളെ സഹനത്താൽ നേരിടാൻ അവർ തീരുമാനിച്ചു.

അബൂസലമ(റ) മദീനയിലേക്ക് ഹിജ്റ പോയി. ഉമ്മുസലമ(റ)യെ അവരുടെ കുടുംബം പിടിച്ചെടുത്തു. കുട്ടിയെ അബൂസലമയുടെ കുടുംബവും പിടിച്ചുപറിച്ചു. മാനസികമായി വല്ലാത്ത പിരിമുറുക്കം അനുഭവിക്കുകയാണ് ആ കുടുംബം. അവർ അവരുടെ പ്രയാസങ്ങളും വിഷമങ്ങളും ഉള്ളിലൊതുക്കി. കരഞ്ഞു. നാഥനിലേക്ക് സങ്കടം ഉയർത്തി.

**മക്കയിലെ തങ്ങളുടെ സ്വത്തും സമ്പാദ്യവുമെല്ലാം ആദർശ സംരക്ഷണത്തിന് വേണ്ടി ത്യജിച്ച് മദീനയിലേക്ക് പുറപ്പെടാൻ എല്ലാവരും ഒരുങ്ങി. അവരുടെ കൂട്ടത്തിലും മുൻനിരയിൽ അബൂസലമ- ഉമ്മുസലമ ദമ്പതികൾ ഉണ്ടായിരുന്നു. മുസ്‌ലിമായി എന്ന ഒറ്റക്കാരണത്താൽ പീഡിപ്പിക്കപ്പെടുന്ന, ദ്രോഹിക്കപ്പെടുന്ന, അക്രമിക്കപ്പെടുന്ന എല്ലാവർക്കും ഈ ദമ്പതികളുടെ ചരിത്രത്തിൽ നിന്ന് ഏറെ പഠിക്കാനുണ്ട്.**

ഉമ്മുസലമ(റ) ഓരോ പ്രഭാതത്തിലും മക്കയിൽനിന്നും അൽപം ദൂരെയുള്ള അബ്ത്വഹ് എന്ന ഭാഗത്തേക്ക് പോകും. അവിടെ വെച്ചായിരുന്നു ഭർത്താവിനെയും കുട്ടിയെയും ശത്രുക്കൾ തട്ടിയെടുത്തിരുന്നത്. നേരം ഇരുട്ടുന്നതുവരെ അവിടെ വെച്ചുണ്ടായ ആ രംഗങ്ങൾ ഓർത്ത് കരയും. ഇരുട്ടായാൽ വീട്ടിലേക്ക് മടങ്ങും. അങ്ങനെ ഒരു കൊല്ലത്തോളം പിന്നിട്ടു.

ഉമ്മുസലമ(റ) പറയുകയാണ്: “ഒരു ദിവസം ഞാൻ അബ്ത്വഹിൽ കരഞ്ഞിരിക്കുന്ന വേളയിൽ ഇസ്‌ലാമിന്റെ ശത്രുവായ ഒരാൾ അതിലൂടെ നടന്നുപോയി. അദ്ദേഹം എന്റെ ഈ അവസ്ഥ കണ്ടു. അദ്ദേഹത്തിന്റെ മനസ്സലിഞ്ഞു. അദ്ദേഹം എന്നോട് എന്റെ വിഷമത്തെ പറ്റി ആരാഞ്ഞു. ഞാൻ അദ്ദേഹത്തോട് എന്റെ എല്ലാ സങ്കടങ്ങളും വിശദീകരിച്ചു. അദ്ദേഹം നേരെ എന്റെ വീട്ടിലേക്ക് പോയി. എന്റെ വീട്ടുകാരോട് അദ്ദേഹം ചോദിച്ചു: ‘എന്തൊരു തെമ്മാടിത്തമാണ് നിങ്ങൾ ഈ സ്ത്രീയോട് കാണിക്കുന്നത്. അവളെ അവളുടെ ഭർത്താവിൽനിന്നും കുട്ടിയിൽ നിന്നും അകറ്റിയില്ലേ? ഇത് ഒരു മനുഷ്യത്വമില്ലാത്ത ചെയ്തിയാണല്ലോ. അതിനാൽ അവർക്ക് മൂന്നു പേർക്കും ഒരുമിക്കുവാനുള്ള വഴി നിങ്ങൾ ഉണ്ടാക്കിയേ പറ്റൂ.’ ഇയാളുടെ സംസാരത്തിൽ എന്റെ കുടുംബത്തിന്റെ മനസ്സും അയഞ്ഞു. അങ്ങനെ അവർ പറഞ്ഞു: ‘ഉമ്മുസലമാ, നീ ഉദ്ദേശിക്കുന്നുവെങ്കിൽ നിന്റെ ഭർത്താവിന്റെ അടുത്തേക്ക് നിനക്ക് പോകാം.”

അപ്പോൾ ഉമ്മുസലമ(റ) പോകാൻ തയ്യാറായി. പക്ഷേ, തന്റെ കൈക്കുഞ്ഞ് ഭർത്താവിന്റെ കുടുംബത്തിന്റെ കൈവശമാണല്ലോ. അങ്ങനെ അബൂസലമ(റ)യുടെ കുടുംബത്തിൽ പോയി കുഞ്ഞിനെ മഹതി വാങ്ങി. എന്നിട്ട് യഥ്‌രിബിലേക്ക് ഒറ്റക്ക് യാത്ര തുടങ്ങി. കുന്നുകളും മലകളും താഴ്‌വരകളും താണ്ടിയുള്ള യാത്ര തുടർന്നു. *(തുടരും)*





# തശഹ്ഹുദിലെ പ്രാർഥന;
## നാം അറിയേണ്ടത്

ദുൽക്കർഷാൻ അലനല്ലൂർ

: 9447745299

**2. ക്വബ്ർ ശിക്ഷയിൽനിന്നുള്ള കാവൽ**

മരണപ്പെട്ട മനുഷ്യന് ക്വബ്റിൽ രക്ഷയും ശിക്ഷയുമുണ്ട് എന്ന് നബി (സ്വ) നമ്മെ പഠിപ്പിച്ചിട്ടുണ്ട്. സെയ്ദുബ്നുഥാബിതിൽനിന്ന് നിവേദനം, നബി(സ്വ) പറഞ്ഞു: "നിശ്ചയം, ഈ സമുദായം തങ്ങളുടെ ക്വബ്റുകളിൽ പരീക്ഷിക്കപ്പെടും. നിങ്ങൾ അന്യോന്യം മറമാടുകയില്ലെന്ന് ഞാൻ ഭയന്നില്ലായിരിന്നുവെങ്കിൽ, ഞാൻ ക്വബ്റിൽനിന്ന് കേൾക്കുന്ന ക്വബ്റിലെ ശിക്ഷ നിങ്ങൾക്കുകൂടി കേൾപിക്കുവാൻ ഞാൻ അല്ലാഹുവോട് പ്രാർഥിക്കുമായിരുന്നു" (മുസ്‌ലിം).

ക്വബ്റിലേക്ക് മയ്യിത്തിനെ വെച്ചുകഴിഞ്ഞാൽ ആദ്യമായി ക്വബ്ർ ചെയ്യുന്നത് ആ മയ്യിത്തിനെ ഞെരുക്കുക എന്നതാണ്. നബി(സ്വ) പറഞ്ഞു: "ഒരാളെങ്കിലും ക്വബ്റിന്റെ ഇടുക്കത്തിൽനിന്ന് രക്ഷപ്പെട്ടിരുന്നുവെങ്കിൽ തീർച്ചയായും സഅ്ദുബ്നുമുആദ് രക്ഷപ്പെടുമായിരുന്നു. നിശ്ചയം, ക്വബ്ർ ഒന്ന് ഇടുങ്ങി. ശേഷം അദ്ദേഹത്തിന് അയവ് ലഭിക്കുകയുണ്ടായി."

ആദ്യകാലത്ത്, അല്ലാഹുവിന്റെ തിരുദൂതർ(സ്വ)ക്ക് ഈ സമുദായം ക്വബ്റിൽവെച്ച് പരീക്ഷിക്കപ്പെടു മെന്നത് അറിയുമായിരുന്നില്ല. ശേഷമാണ് അല്ലാഹു അദ്ദേഹത്തിന് ആ വിഷയത്തിൽ വഹ്‌യ് നൽകിയത്. ഉർവത് ഇബ്നു സുബയ്ർ(റ) തന്റെ മാതൃസഹോദരി ആഇശ(റ)യിൽനിന്ന് നിവേദനം ചെയ്യുന്നു, അവർ പറഞ്ഞു:

"അല്ലാഹുവിന്റെ റസൂൽ(സ്വ) എന്റെ അടുക്കലേക്ക് കടന്നുവന്നു. എന്റെ അടുക്കൽ ഒരു ജൂതസ്ത്രീ ഉണ്ടായിരുന്നു. അവർ പറയുന്നു: 'നി

ങൾ (മുസ്‌ലിംകൾ) ഖബ്‌റിൽ പരീക്ഷിക്കപ്പെടുമെന്നത് നിങ്ങൾക്ക് അറിയുമോ?' അവർ (ആഇശ) പറയുന്നു: 'അപ്പോൾ അല്ലാഹുവിന്റെ തിരുദൂതർ(സ്വ) ഭയപ്പെട്ടു. അവിടുന്ന് പറഞ്ഞു: 'യഹൂദികൾ മാത്രമാണ് പരീക്ഷിക്കപ്പെടുന്നത്.' ആഇശ(റ) പറയുന്നു: 'ഏതാനും രാവുകൾ ഞങ്ങൾ കഴിച്ചുകൂട്ടി. ശേഷം അല്ലാഹുവിന്റെ തിരുദൂതർ(സ്വ) പറഞ്ഞു: നിനക്കറിയുമോ, തീർച്ചയായും നിങ്ങൾ ഖബ്‌റിൽ പരീക്ഷിക്കപ്പെടുമെന്ന് എനിക്ക് ബോധനം നൽകപ്പെട്ടിരിക്കുന്നു.' ആഇശ(റ) പറയുന്നു: 'അതിൽപിന്നെ അല്ലാഹുവിന്റെ റസൂൽ(റ) ഖബ്ർശിക്ഷയിൽനിന്നും രക്ഷക്ക് തേടുന്നതായി ഞാൻ കേൾക്കുമായിരുന്നു" (മുസ്‌ലിം).

ഖബ്‌റിലെ പരീക്ഷണത്തിന്റെ കാഠിന്യവും ഗൗരവവും കണക്കിലെടുത്തു പ്രവാചകൻ(സ്വ) അത് സ്വഹാബികൾക്ക് അറിയിച്ചുകൊടുത്തിരുന്നു. ഒരിക്കൽ പ്രവാചകൻ(സ്വ) ആ വിഷയത്തിൽ ഖുതുബ നിർവഹിച്ചത് അസ്മാഅ് ബിൻത് അബൂബക്‌റി(റ)ൽനിന്ന് ഇപ്രകാരം നിവേദനം ചെയ്യപ്പെട്ടിട്ടുണ്ട്:

"അല്ലാഹുവിന്റെ റസൂൽ(സ്വ) ഒരു പ്രാസംഗികനായി എഴുന്നേറ്റു നിന്നു. അങ്ങനെ ഒരു മനുഷ്യൻ പരീക്ഷിക്കപ്പെടുന്ന ഖബ്‌റിലെ പരീക്ഷണത്തെ അദ്ദേഹം അനുസ്മരിച്ചു. തിരുദൂതർ(സ്വ) അത് ഉണർത്തിയപ്പോൾ മുസ്‌ലിംകൾ ഒച്ചയുയർത്തി കരയുകയുണ്ടായി" (ബുഖാരി).

മസ്ജിദുന്നബവി തൂത്തുവാരി വൃത്തിയാക്കിയിരുന്ന ഒരു സ്ത്രീ നബി(സ്വ)യുടെ കാലത്തുണ്ടായിരുന്നു. അവർ മരണപ്പെട്ടു. അവരെ കാണാതിരുന്ന പ്രവാചകൻ(സ്വ) അവരെക്കുറിച്ച് തിരക്കി. രാത്രി സമയത്ത് അവർ മരണപ്പെട്ടുവെന്നും ഞങ്ങൾ അവരുടെ ജനാസ സംസ്‌കരിച്ചുവെന്നും നബി(സ്വ)യെ ഉറക്കമുണർത്തുന്നത് ഞങ്ങൾ വെറുത്തുവെന്നും അവർ തിരുമേനി(സ്വ)യോട് പറഞ്ഞു. നിങ്ങൾ എന്തു കൊണ്ട് എനിക്ക് വിവരം നൽകിയില്ല എന്ന് അവരെ ഗുണ

**വിശ്വാസികൾ ഖബ്ർ ജീവിതം സൗഖ്യം നിറഞ്ഞതാകണമെന്ന ആഗ്രഹമുള്ളതോടൊപ്പംതന്നെ അതിനുവേണ്ടി അതിന്റേതായ പ്രവർത്തനങ്ങൾ നടത്തുകയും വേണം. വിശ്വാസിയായ വിജയിയെ സംബന്ധിച്ചിടത്തോളം ഖബ്‌റിന് ശേഷമുള്ളതെല്ലാം എളുപ്പവും അനുഗൃഹീതവുമായതിനാലാണ് അവൻ ഖബ്‌റിൽവെച്ച് 'രക്ഷിതാവേ, എനിക്ക് എന്റെ കുടുംബത്തിലേക്കും സമ്പത്തിലേക്കും മടങ്ങുവാൻ വേണ്ടി അന്ത്യനാൾ സംഭവിപ്പിക്കുന്നതിനെ പെട്ടെന്നാക്കേണമേ' എന്ന് തേടുന്നത്. തനിക്ക് ആസ്വദിക്കുവാനുള്ള സ്വർഗീയ സുഖങ്ങൾ കാണിക്കപ്പെടുമ്പോഴാണ് ഈ തേട്ടം അവനിൽനിന്ന് ഉണ്ടാകുന്നത്.**

ദോഷിച്ച നബി(സ്വ) ആ മഹതിയുടെ ഖബ്ർ കാണിച്ചുതരുവാൻ അവരോടാവശ്യപ്പെട്ടു. ഖബ്‌റിന്നരികിലെത്തിയ പ്രവാചകൻ(സ്വ), ആ മഹതിക്കുവേണ്ടി ജനാസ നമസ്‌കരിച്ചു. ശേഷം പ്രവാചകൻ(സ്വ) പറഞ്ഞു: 'തീർച്ചയായും ഈ ഖബ്‌റുകൾ, അതിലുള്ളവരുടെമേൽ ഇരുട്ടിനാൽ നിറക്കപ്പെട്ടതാണ്. നിശ്ചയം, അല്ലാഹു എന്റെ നമസ്‌കാരത്തിനാൽ അവർക്ക് ഖബ്‌റിടങ്ങളെ പ്രകാശമയമാക്കി നൽകും" (മുസ്‌ലിം).

വളരെ കഠിനവും ദുഷ്‌കരവും പ്രയാസമേറിയതുമാണ് ഖബ്‌റിലെ ശിക്ഷ. അനസി(റ)ൽനിന്ന് നിവേദനം, നബി(സ്വ) പറഞ്ഞു: "ഖബ്‌റിനോളം ദുഷ്‌കരവും കഠിനവുമായ ഒരു ദൃശ്യം ഒരിക്കലും ഞാൻ കണ്ടിട്ടില്ല" (തിർമുദി).

ബർസഖിലെ ശിക്ഷയെക്കുറിച്ച് പ്രവാചകൻ(സ്വ) സ്വഹാബത്തിന് വിശദീകരിച്ച് നൽകുന്ന ഹദീസ് കാണുക:

സമുറതുബ്‌നു ജുൻദുബി(റ)ൽനിന്ന് നിവേദനം, അദ്ദേഹം പറഞ്ഞു: "നബി(സ്വ) തന്റെ അനുയായികളോട് കൂടുതലായി ചോദിക്കുന്ന കാര്യം ഇതായിരുന്നു: 'നിങ്ങളിലാരെങ്കിലും വല്ല സ്വപ്നവും കണ്ടിരുന്നോ?' അപ്പോൾ അല്ലാഹു ഉദ്ദേശിച്ചവരെല്ലാം അവിടുത്തോട് സ്വപ്നത്തിന്റെ കഥ പറയും. ഒരു ദിവസം രാവിലെ അവിടുന്ന് ഞങ്ങളോട് പറഞ്ഞു: 'രാത്രി രണ്ടുപേർ എന്റെയടുക്കൽ വന്നു. അവർ എന്നെ കൊണ്ടുപോയി. അവർ എന്നോട് പറഞ്ഞു: 'വരൂ.' ഞാൻ അവരുടെ കൂടെ പോയി. കിടക്കുന്ന ഒരാളുടെ അരികിൽ ഞങ്ങൾ ചെന്നു. മറ്റൊരുത്തൻ ഒരു പാറക്കല്ലുമായിട്ടതാ അവന്റെയടുക്കൽ നിൽക്കുന്നു. അയാൾ ആ കല്ലുകൊണ്ട് കുനിഞ്ഞുനിന്ന് കിടക്കുന്നയാളുടെ തല എറിഞ്ഞുചതയ്ക്കുകയാണ്. കല്ല് ഉരുണ്ടുപോകുന്നു. കല്ലിനെ പിൻതുടർന്ന് പിന്നെയും അയാൾ അതെടുക്കുന്നു. അയാൾ (കല്ലുമായി), കിടക്കുന്ന ആളുടെ അരികിലെത്തുമ്പോഴേക്ക് അയാളുടെ തല പഴയപോലെയായിട്ടുണ്ടായിരിക്കും. വീണ്ടും അതുപോലെ അയാൾ ചെയ്യുന്നു. ആദ്യം ചെയ്തതുപോലെ വീണ്ടും ഞാൻ കൂടെയുള്ള രണ്ടുപേരോടും ചോദിച്ചു: 'സുബ്ഹാനല്ലാഹ്. ഇവർ രണ്ടുപേരും ആരാണ്?' അവർ പറഞ്ഞു: 'നടക്കൂ.' ഞങ്ങൾ നടന്നു. അങ്ങനെ പിരടികുത്തി മലർന്നുകിടക്കുന്ന ഒരാളുടെയടുക്കലെത്തി. മറ്റൊരാളതാ ഇരുമ്പിന്റെ കൊക്കവടിയുമായി നിൽക്കുന്നു. അയാൾ അതുകൊണ്ട് മറ്റവന്റെ മുഖത്തിന്റെ ഒരു ഭാഗത്ത് കവിൾ മുതൽ പിരടിവരെ പിളർക്കുന്നു. പിന്നെ മറുഭാഗത്തേക്ക് മാറിനിന്ന് ആദ്യഭാഗത്ത് ചെയ്തതുപോലെയൊക്കെ ചെയ്യുന്നു. ഒരു ഭാഗത്തുനിന്ന് മറ്റേ ഭാഗത്തേക്ക് മാറുമ്പോഴേക്ക് ആദ്യഭാഗം മുമ്പത്തെപ്പോലെയായിത്തീരുന്നു. ആദ്യം ചെയ്തതുപോലെ ഇത് ആവർത്തിച്ചുകൊണ്ടേയിരിക്കുന്നു. ഞാൻ ചോദിച്ചു: 'സുബ്ഹാനല്ലാഹ്! ഇവർ രണ്ടുപേരും ആരാണ്?' അവർ പറഞ്ഞു: 'നടക്കൂ.' അങ്ങനെ ഞങ്ങൾ ചൂളപോലെയുള്ള ഒന്നിന്റെയടുക്കലെത്തി. ഞങ്ങൾ അതിലേക്ക് എത്തിനോക്കി. അതിൽ നഗ്നരായ

സ്ത്രീപുരുഷന്മാരാണ്. അവരുടെ അടിഭാഗത്തുനിന്ന് തീ അവരുടെ നേർക്ക് വരുന്നു. അപ്പോൾ അവർ അട്ടഹസിക്കുന്നു. ഞാൻ ചോദിച്ചു: ‘ഇവരാരാണ്?’ അവർ പറഞ്ഞു: ‘പോകാം, പോകാം.’ അങ്ങനെ ഞങ്ങൾ നടന്നു. രക്തംപോലെ ചുവന്ന ഒരു നദിയുടെ അരികിലെത്തി. അതിലതാ ഒരാൾ നീന്തുന്നു. പുഴക്കരയിൽ മറ്റൊരാളുണ്ട്. അയാളുടെയടുത്ത് ധാരാളം കല്ലുകൾ കൂട്ടിവെച്ചിരിക്കുന്നു. നീന്തുന്നയാൾ കുറേ നീന്തി കല്ലു കൂട്ടിവെച്ചതിനരികിലെത്തുന്നു. എന്നിട്ട് വാ തുറക്കുന്നു. അപ്പോൾ മറ്റെയാൾ ഒരു കല്ല് വായിലേക്ക് ഇട്ടുകൊടുക്കുന്നു. അവൻ നീന്തിപ്പോകുന്നു. പിന്നെയും മടങ്ങിവരുന്നു. മടങ്ങിവരുമ്പോഴെല്ലാം വാ തുറക്കുന്നു. കല്ലിട്ടുകൊടുക്കുകയും ചെയ്യുന്നു. ഞാൻ ചോദിച്ചു: ‘ഈ രണ്ടുപേർ ആരാണ്?’ അവർ പറഞ്ഞു: ‘പോകാം, പോകാം.’ ഞങ്ങൾ നടന്നു. കാഴ്ചയിൽ വെറുപ്പ് തോന്നിക്കുന്ന ഒരാളുടെ അരികിലെത്തി. നിങ്ങൾ അത്രക്കു വെറുപ്പ് തോന്നിക്കുന്ന ഒരാളെയും കണ്ടിരിക്കുകയില്ല. അയാളുടെ അരികിലതാ തീ. അയാൾ അത് കത്തിക്കുകയും ചുറ്റും ഓടുകയും ചെയ്യുന്നു. ഞാൻ ചോദിച്ചു: ‘ഇത് ആരാണ്?’ അവർ പറഞ്ഞു: ‘പോകാം. പോകാം...’ അവർ പറഞ്ഞു: ‘ഞങ്ങൾ പറഞ്ഞുതരാം. നീ ആദ്യം കണ്ട കല്ലുകൊണ്ട് തല ചതക്കപ്പെടുന്ന ആ മനുഷ്യൻ ക്വുർആൻ ലഭിച്ചിട്ടും അതിനെ തള്ളിക്കളയുകയും നിർബന്ധ നമസ്കാരങ്ങൾ നിർവഹിക്കാതെ കിടന്നുറങ്ങുകയും ചെയ്തവനാണ്. കവിളും മൂക്കും കണ്ണും പിരടിവരെ വലിച്ചുകീറപ്പെടുന്ന മനുഷ്യൻ, രാവിലെ വീട്ടിൽനിന്നു പുറപ്പെടുന്നതുമുതൽ കളവു പറഞ്ഞുനടക്കുന്നവനായിരുന്നു. അതും ചക്രവാളത്തെ പിളരുമാറുള്ള കളവുകൾ. ചൂളപോലുള്ളതിൽ നഗ്നരായിക്കണ്ട സ്ത്രീപുരുഷന്മാർ വ്യഭിചാരികളും വ്യഭിചാരിണികളുമാണ്. നദിയിൽ നീന്തുകയും കല്ല് വിഴുങ്ങുകയും ചെയ്യുന്നതായിക്കണ്ടവൻ പലിശ

**നബി(സ്വ) പറഞ്ഞു: “തീർച്ചയായും അന്ത്യനാളിൽ നരകവാസികളിൽ ഏറ്റവും നിസ്സാരമായ ശിക്ഷയർഹിക്കുന്ന വ്യക്തി തീകൊണ്ടുള്ള രണ്ട് ചെരിപ്പുകളും ചെരിപ്പിൻ വള്ളികളും ഉള്ളവനായിരിക്കും. അവരണ്ടും കാരണത്താൽ അയാളുടെ തലച്ചോർ തിളച്ചുമറിയും, ചീനച്ചട്ടി തിളക്കുന്നതുപോലെ. അയാൾ തന്നെക്കാൾ കഠിന ശിക്ഷയുള്ളവർ ആരുമുണ്ടാവില്ലെന്ന് വിചാരിക്കും. എന്നാൽ അയാളാകുന്നു ഏറ്റവും നിസ്സാരമായ ശിക്ഷയുള്ളയാൾ’’ (മുസ്‌ലിം).**

മുതൽ തിന്നവനാണ്. തീയിനരികിൽ അതു കത്തിക്കുകയും ചുറ്റും ഓടുകയും ചെയ്യുന്നതായിക്കണ്ട, കാണാൻ വെറുപ്പുള്ളയാൾ നരകത്തിന്റെ സൂക്ഷിപ്പുകാരനാണ്...” (ബുഖാരി).

ക്വബ്‌റിലെ അനുഭവങ്ങൾ യാഥാർഥ്യമാണ്. അതിൽ യാതൊരു സംശയത്തിനും ഇടയില്ല. അതിൽ സംശയിക്കുകയും അതിനെ നിഷേധിക്കുകയും ചെയ്തവർ ഖവാരിജുകളിൽ പെട്ടവരും മുഅ്തസിലികളിൽ പെട്ടവരും മുർജിഅകളിൽ പെട്ടവരുമാണ്. എന്നാൽ അതിൽനിന്നും വ്യത്യസ്തമാണ് അഹ്‌ലുസ്സുന്നത്തി വൽജമാഅയുടെ വിശ്വാസം. ക്വബ്‌റിൽ രക്ഷയും ശിക്ഷയും ഉണ്ടെന്നും രാവിലെയും വൈകുന്നേരവും ക്വബ്‌റാളിക്ക് അവന്റെ പ്രവർത്തനങ്ങൾക്കനുസരിച്ച് സ്വർഗവും നരകവും പ്രദർശിപ്പിക്കപ്പെടുമെന്നും പ്രമാണങ്ങളിൽ വന്നിട്ടുണ്ട്. ഇനിയും ഈ വിഷയത്തിൽ ധാരാളം തെളിവുകൾ ക്വുർആനിലും സുന്നത്തിലും നമുക്ക് കാണാവുന്നതാണ്. ദൈർഘ്യം ഭയന്ന് ഒരു സംഭവം കൂടി ഉദ്ധരിച്ച് ഈ ഭാഗം ഇവിടെ അവസാനിപ്പിക്കാം.

ഹാനിഅ്(റ) പറയുന്നു: “ഉസ്മാൻ(റ) ഒരു ക്വബ്‌റിന്നരികിൽ നിന്നാൽ അദ്ദേഹത്തിന്റെ താടി നനഞ്ഞൊലിക്കുവോളം കരയുമായിരുന്നു. അദ്ദേഹത്തോട് പറയപ്പെട്ടു: ‘സ്വർഗവും നരകവും നിങ്ങൾ ഓർക്കുന്നു; പക്ഷേ, നിങ്ങൾ കരയുന്നില്ല. എന്നാൽ ക്വബ്ർ കാണുമ്പോൾ നിങ്ങൾ കരയുന്നു?’ അപ്പോൾ അദ്ദേഹം പറഞ്ഞു: ‘നിശ്ചയം, അല്ലാഹുവിന്റെ റസൂൽ(സ്വ) പറഞ്ഞിരിക്കുന്നു: ‘നിശ്ചയം, ക്വബ്ർ പരലോകത്തിന്റെ ഘട്ടങ്ങളിൽ ആദ്യത്തേതാകുന്നു. അതിൽനിന്ന് രക്ഷപ്പെട്ടാൽ ശേഷമുള്ളതെല്ലാം അതിനെക്കാൾ എളുപ്പമാണ്. അതിൽനിന്ന് രക്ഷപ്പെട്ടില്ലായെങ്കിൽ ശേഷമുള്ളതെല്ലാം അതിനെക്കാൾ അതികഠിനവുമാണ്’’ (തിർമുദി).

വിശ്വാസികൾ ക്വബ്ർ ജീവിതം സൗഖ്യം നിറഞ്ഞതാകണമെന്ന ആഗ്രഹമുള്ളതോടൊപ്പംതന്നെ അതിനുവേണ്ടി അതിന്റേതായ പ്രവർത്തനങ്ങൾ നടത്തുകയും വേണം. വിശ്വാസിയായ വിജയിയെ സംബന്ധിച്ചിടത്തോളം ക്വബ്‌റിന് ശേഷമുള്ളതെല്ലാം എളുപ്പവും അനുഗൃഹീതവുമായതിനാലാണ് അവൻ ക്വബ്‌റിൽവെച്ച് ‘രക്ഷിതാവേ, എനിക്ക് എന്റെ കുടുംബത്തിലേക്കും സമ്പത്തിലേക്കും മടങ്ങുവാൻ വേണ്ടി അന്ത്യനാൾ സംഭവിപ്പിക്കുന്നതിനെ പെട്ടെന്നാക്കേണമേ’ എന്ന് തേടുന്നത്. തനിക്ക് ആസ്വദിക്കുവാനുള്ള സ്വർഗീയ സുഖങ്ങൾ കാണിക്കപ്പെടുമ്പോഴാണ് ഈ തേട്ടം അവനിൽനിന്ന് ഉണ്ടാകുന്നത്.

എന്നാൽ അവിശ്വാസിയും പാപിയും ക്വബ്‌റിൽവെച്ച് നരകത്തിൽ തനിക്കുള്ള ശിക്ഷയും ക്ലേശപൂർണമായ ഭാവിയും കാണുമ്പോൾ, ക്വബ്‌റിൽ വേദനയേറിയ ശിക്ഷയിലായിട്ടും ‘രക്ഷിതാവേ, അന്ത്യനാൾ സംഭവിപ്പിക്കരുതേ’ എന്ന് കേണുവിളിക്കുന്നു. കാരണം, വരാൻപോകുന്ന ശിക്ഷ, അനുഭവിച്ചുകൊണ്ടിരിക്കുന്നതിനെക്കാൾ കഠിനവും വേദനയേറിയതുമാണ്. പരമകാരുണികൻ ക്വബ്‌റിലെ അന്ധകാരത്തിൽനിന്നും കാഠിന്യമുള്ള ശിക്ഷയിൽനിന്നും നമ്മെയെല്ലാം കാത്തുരക്ഷിക്കുമാറാകട്ടെ, ആമീൻ.

*(അവസാനിച്ചില്ല).*




# ഗർഭിണികളെ പരിഗണിക്കുക

ഡോ. യാസ്മിൻ എം. അബ്ബാസ്, ആമയൂർ

കുടുംബത്തിലുള്ളവർ  ഒരു കുഞ്ഞ് ജനിച്ചതിന് ശേഷമാണ് ആ കുഞ്ഞിനെ പരിഗണിക്കുന്നത്, എന്നാൽ ഗർഭിണിയായ ഒരു സ്ത്രീ താൻ ഗർഭിണിയാണെന്ന് അറിയുന്ന നിമിഷം മുതൽ തന്റെ കുഞ്ഞിനെ പരിഗണിക്കാൻ തുടങ്ങുന്നു. അവൾ ഒരിക്കലും തന്റെ കുഞ്ഞിനെക്കുറിച്ച് അശ്രദ്ധയിലാവുന്നില്ല എന്നതാണ് വാസ്തവം. ഗർഭിണിയാണ് എന്നറിയുന്നതോടെ അവളുടെ മനസ്സും ശരീരവും കുഞ്ഞിനെ വരവേൽക്കാനായി ഒരുങ്ങുകയായി.

### പ്രയാസത്തിനുമേൽ പ്രയാസം

37 മുതൽ 40 ആഴ്ച്ചവരെയാണ് സാധാരണയയി ഒരു ഗർഭകാലഘട്ടം. ഈയൊരു കാലയളവിൽ അല്ലാഹു ഒരു സ്ത്രീയുടെ ഗർഭപാത്രത്തിൽവെച്ച് പുതിയ ഒരു ജീവനെ വളർത്തിയെടുക്കുകയാണ്.  ഇതിനായി നടക്കുന്ന വളരെ സങ്കീർണമായ പ്രക്രിയകൾ ഒരു സ്ത്രീയുടെ മാനസിക-ശാരീരിക തലങ്ങളെയെല്ലാം കാര്യമായി സ്വാധീനിക്കുകയും പലപ്പോഴും അവളുടെ ദൈനംദിന ജീവിതത്തെപോലും പ്രതികൂലമായി ബാധിക്കുകയും ചെയ്യുന്നു. ഗർഭിണിയായ ഒരു സ്ത്രീ അനുഭവിക്കുന്നത്“പ്രയാസത്തിനു മേൽ പ്രയാസമാണ് എന്നാണ് ക്വുർആൻ പറയുന്നത്.

“മനുഷ്യന് തന്റെ മാതാപിതാക്കളുടെ കാര്യത്തിൽ നാം അനുശാസനം നൽകിയിരിക്കുന്നു -ക്ഷീണത്തിനുമേൽ ക്ഷീണവുമായിട്ടാണ് മാതാവ് അവനെ ഗർഭം ചുമന്നു നടന്നത്. അവന്റെ മുലകുടി നിർത്തുന്നതാകട്ടെ രണ്ടുവർഷം കൊണ്ടുമാണ്- എന്നോടും നിന്റെ മാതാപിതാക്കളോടും നീ നന്ദി കാണിക്കൂ. എന്റെ അടുത്തേക്കാണ് (നിന്റെ) മടക്കം” (ക്വുർആൻ 31:14).

### മാനസിക പിരിമുറുക്കം

ഗർഭിണികളിൽ പൊതുവായി കണ്ടുവരുന്ന ബുദ്ധിമുട്ടുകളാണ് ഛർദ്ദി, ഓക്കാനം, ഭക്ഷണത്തോടുള്ള വിരക്തി, ക്ഷീണം, ഗ്യാസ്, മലബന്ധം, വെരിക്കോസ്, ഉറക്കമില്ലായ്മ തുടങ്ങിയവ. ചെറിയ രീതിയിലുള്ള മാനസിക പിരിമുറുക്കം, അകാരണമായി അല്ലെങ്കിൽ നിസ്സാര കാര്യങ്ങൾക്ക് സങ്കടമോ ദേഷ്യമോ വരിക, വിഷാദം എന്നിവയും ഗർഭിണികളിൽ കണ്ടുവരുന്നു.

കുടുംബത്തിന്റെ ക്രിയാത്മകമായ ഇടപെടലുകളാണ് ഇതിനെ തരണം ചെയ്യാനുള്ള മാർഗമായി മാനസിക വിദഗ്ധർ ചൂണ്ടിക്കാട്ടുന്നത്. ഭർത്താവിനാണ് ഇക്കാര്യത്തിൽ കൂടുതൽ ശ്രദ്ധ പുലർത്താൻ കഴിയുക. അവളെ പരമാവധി പരിഗണിക്കുക എന്നതാണ്  ഉറ്റവർ വിശിഷ്യാ ഭർത്താവ് ചെയ്യേണ്ടത്.

അവളുടെ കൂടെ സമയം ചെലവഴിക്കാനും സന്തോഷമുള്ള കാര്യങ്ങൾ പങ്കുവെക്കാനും അവളുടെ ശാരീരിക-മാനസിക പ്രയാസങ്ങളെ കുറിച്ച് ചോദിച്ചറിയാനും സ്നേഹത്തോടെയുള്ള തലോടലുകൾക്കും ഭർത്താവ് സമയം കണ്ടെത്തണം.

ഗർഭിണിയായിരിക്കെ ഭർത്താവിന്റെയും മറ്റും പരിഗണന ലഭിക്കാത്തവർക്ക് പലപ്പോഴും മാനസികരോഗ വിദഗ്ധരുടെ സഹായം പോലും ആവശ്യമായി വരാറുണ്ട്. ആരോഗ്യമുള്ള ഒരു കുഞ്ഞിനായി ഗർഭിണിയുടെ ശരീരിക സൗഖ്യം പോലെത്തന്നെ മാനസിക ആരോഗ്യവും  പ്രധാനമാണ്. ■

# പുറത്തിറങ്ങി...





WISDOM BOOKS
PUBLISHING || DISTRIBUTION
Wisdom Books | E.K.P Building | Calicut
Web: www.wisdomislam.org | Email: publication@wisdomislam.org
0495 4019437 9207525244




## പുതിയ പുസ്തകങ്ങൾ

| | |
|---|---|
| 01. പ്രകാശം പരത്തിയ പ്രവാചകന്മാർ / ഭാഗം 4 | ഹുസൈൻ സലഫി |
| 02. സുരക്ഷിതത്വം സമൂഹം ഇസ്‌ലാം | ഉസ്മാൻ പാലക്കാഴി |
| 03. മുഹമ്മദ് നബി(സ്വ) ചരിത്ര സംഗ്രഹം | അബ്ദുല്ലത്തീഫ് സുല്ലമി മാറഞ്ചേരി |
| 04. വീക്ഷണ വ്യത്യാസങ്ങൾ നേരായ സമീപനം | കുഞ്ഞിമുഹമ്മദ് മദനി പറപ്പൂർ |
| 05. പ്രകാശം പരത്തിയ പ്രവാചകന്മാർ / ഭാഗം 3 | ഹുസൈൻ സലഫി |
| 06. ഐ.എസിന്റെ മതമേത്? | അബ്ദുൽ മാലിക് സലഫി |
| 07. പ്രവാചക കുടുംബവും സ്വഹാബത്തും | വിവർത്തനം: പി.എൻ.അബ്ദുല്ലത്തീഫ് മദനി |
| 08. ഇബാദത്ത്: അർഥവും വ്യാഖ്യാനവും | അൻവർ അബൂബക്കർ |
| 09. പൗരത്വ നിഷേധവും ഇസ്‌ലാമിക സമൂഹവും | സിറാജുൽ ഇസ്‌ലാം ബാലുശ്ശേരി |
| 10. മഹാമാരി: 100 കർമശാസ്ത്ര വിധികൾ | ഫൈസൽ മൗലവി പുതുപ്പറമ്പ് |
| 11. പൗരത്വം, ഫാഷിസം, മതനിരപേക്ഷത | ഡോ. കെ.ഇ.എൻ / ഡോ. സി മുഹമ്മദ് റാഫി |
| 12. വിശ്വാസ കാര്യങ്ങൾ, ഭാഗം: ഒന്ന് / അല്ലാഹു | ഉമർകോയ മദീനി |
| 13. ഉത്തമ സ്വഭാവങ്ങൾ | അബ്ദുൽ ജബ്ബാർ മദീനി |
| 14. പ്രാർഥനയുടെ അത്ഭുതങ്ങൾ | സഅഫർ സ്വാദിഖ് മദീനി |

RNI NO: KERMAL/2015/64152
Registered NO:
KL/CT/225/2022-24

Nerpatham Weekly
Published on
2022 May 28

Licensed to post without prepayment:
No. KL/PMG/NR/WPP/67/KKD/2022-24
Price: ₹10/-




GET IT ON Google Play
Download on the App Store

**പീസ് റേഡിയോക്കുള്ള താങ്കളുടെ ഓഹരി അയക്കാൻ**

| | |
|---|---|
| A/C No. | **918010068641992** |
| A/C Name | WISDOM ISLAMIC ORGANIZATION COMMUNICATION WING |
| IFSC Code | UTIB0000136 |
| Bank | AXIS BANK LTD CALICUT BRANCH |

FOR RECEIPTS AND MORE DETAILS CONTACT:
+91 9746 95 0006 (WHATSAPP ONLY)

UPI ID fcbiztvnx4y@freecharge

റേഡിയോ ആപ്പിന്റെ ഹോം പേജിലെ **Donate** ബട്ടൺ പ്രസ് ചെയ്താൽ ലഭിക്കുന്ന വിൻഡോയിൽ നിന്നും **DONATE VIA UPI** എന്ന ഓപ്ഷൻ വഴി നേരിട്ട് പണമയക്കാനുള്ള പ്രത്യേക സംവിധാനം

Scan with any UPI App

BHIM UPI
GooglePay Paytm